No/775/2023/SRG/LSGD/CC(2)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം
# 15.06.2023 രാവിലെ 10.30 മണി, ലയം ഹാൾ
# സെക്രട്ടറിയേറ്റ് – അനക്സ് II

## അജണ്ട

**4. പ്രത്യേക വിഷയം**

**====================**

**4.1 വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസ്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2023 ലെ കത്തുകളും (രണ്ടെണ്ണം) പെരിന്തൽ മണ്ണ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ 20.10.2022 ലെ 4/22–ാം നമ്പർ കത്തും (SRG 164/23, CC/10/23, CC/11/23)**

**വിഷയം:–** കൃഷി വികസനം – പച്ചിലവളത്തിനു സബ്സിഡി നൽകുന്നത് സംബന്ധിച്ച്

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി – ധന സഹായ മാർഗ്ഗരേഖ (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ) ഖണ്ഡിക 3.3 ക്രമ നമ്പർ 1 പ്രകാരം ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാനുള്ള ലിസ്റ്റിൽ പച്ചിലവളം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സബ്സിഡി നൽകാനുള്ള ഇനത്തിൽ പച്ചിലവളം ഉൾപ്പെടുത്തിയിട്ടില്ല. സബ്സിഡി നൽകാനുള്ള ലിസ്റ്റിൽ പച്ചിലവളം ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.2 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.11.2022–ലെ pl–5110/22–ലെ കത്ത് (SRG 42/23**

**വിഷയം:–** കർഷകരുടെ കൈവശമുള്ള നെൽവിത്തു വാങ്ങുന്നതിന് സബ്സിഡി നൽകുന്നത് സംബന്ധിച്ച്

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി –ധനസഹായ മാർഗ്ഗരേഖ പ്രകാരം നെൽവിത്തിനു സബ്സിഡി നൽകാം. കൃഷി വകുപ്പ ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നേഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും വാങ്ങാവുന്ന വിത്തുകൾക്കാണ് സബ്സിഡി നൽകാവുന്നത്. എന്നാൽ പല കർഷകരുടെയും കൈവശം അവർ തന്നെ ഉല്പാദിപ്പിക്കുന്ന അത്യുല്പാദനശേഷിയുള്ള വിത്തുകൾ ഉണ്ട്. ഈ സാഹചര്യത്തിൽ കർഷകരുടെ സ്വന്തം ഉപയോഗത്തിന് കൈവശമുള്ള നെൽ വിത്ത് ഉപയോഗിച്ചാലും നെൽവിത്ത് അധികമുള്ള കർഷകരുടെ കൈയ്യിൽ നിന്ന് വാങ്ങി ഉപയോഗിച്ചാലും ഗുണമേന്മ ഉണ്ടെങ്കിൽ അനുവദനീയമായ സബ്സിഡി നൽകാൻ അനുമതി നൽകണമെന്നും ഇത് മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

4.3 <u>കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്</u>

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.02.2023 ലെ കത്തും അനുബന്ധ രേഖകളും (SRG/428/23 - CC /58/2023).**

**വിഷയം:-** കൃഷിക്ക് ധനസഹായം ലഭിക്കുന്നതിന് വിള ഇൻഷ്വറൻസ് വേണമെന്ന നിബന്ധന ഒഴിവാക്കണമെന്ന ആവശ്യം സംബന്ധിച്ച്.

| | | |
|---|---|---|
| **പ്രോ.നം: 94/23** | **അടങ്കൽ** | **4,00,000 /- രൂപ** (വികസനഫണ്ട് - ജനറൽ) |
| **പേര്** | **ഞങ്ങളും കൃഷിയിലേയ്ക്ക് - തരിശു ഭൂമി കൃഷിയോഗ്യമാക്കൽ** | |

കൃഷിക്ക് ധനസഹായം നൽകുന്നതിന് നിലവിലെ ആസൂത്രണ മാർഗ്ഗരേഖ പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് സ്കീമിൽ ചേരണമെന്നുണ്ട്. എന്നാൽ വിള ഇൻഷ്വറൻസിന് ആവശ്യമായതിൽ താഴെ വിസ്തൃതിയുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക് വിള ഇൻഷ്വറൻസ് ബാധകമാക്കേണ്ടതില്ല എന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പലപ്പോഴും ഭൂവുടമകളല്ല കൃഷിയിറക്കുന്നത് എന്നതിനാൽ വിള ഇൻഷ്വറൻസ് എടുക്കുന്നത് ബുദ്ധിമുട്ടാണ്. വിള ഇൻഷ്വറൻസ് എടുക്കുന്നതിന് ഭൂഉടമ Agriculture Information Management System (AIMS) പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. ഭൂഉടമകൾക്ക് കൃഷിയോട് താല്പര്യമില്ലാത്ത സാഹചര്യം ഉണ്ടാവും. ചിലപ്പോൾ ഇവർ വിദേശത്തോ മറ്റോ ആകാം. രജിസ്റ്റർ ചെയ്യുമ്പോൾ OTP വരുന്നത് ഭൂഉടമയുടെ ടെലഫോണിലാണ്. ഈ സാഹചര്യത്തിൽ രജിസ്ട്രേഷൻ ബുദ്ധിമുട്ടാണ്. രജിസ്ട്രേഷൻ നടത്താതെ വിള ഇൻഷ്വറൻസ് സാധ്യമല്ല. ഈ സാഹചര്യത്തിൽ വിള ഇൻഷ്വറൻസിൽ ചേരുന്നത് ബുദ്ധിമുട്ടാണ്. കൃഷി വകുപ്പ് മുഖേന ധനസഹായം ലഭിക്കുന്നതിന് വിള ഇൻഷ്വറൻസ് ബാധകമല്ല എന്നു ചൂണ്ടികാണിച്ച് തരിശ് രഹിത നീർത്തട പരിപാലന പദ്ധതി, തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ എന്നീ പദ്ധതികൾ പ്രകാരം കൃഷി ചെയ്യുന്ന കർഷകർക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് ധനസഹായം ലഭിക്കാൻ വിള ഇൻഷ്വറൻസ് വേണമെന്ന നിബന്ധന ഒഴിവാക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.4 <u>തിരുവനന്തപുരം കോർപ്പറേഷൻ</u>

**സർക്കാരിന്റെ 16.03.2023 ലെ DA1/107/2023-ാം നമ്പർ കത്തും തിരുവനന്തപുരം കോർപ്പറേഷൻ് സെക്രട്ടറിയുടെ 01.03.2023 ലെ C8/5231/2023-ാം നമ്പർ കത്തും (SRG 646/23)**

**വിഷയം:-** പച്ചക്കറി കൃഷിക്ക് സബ്സിഡി നൽകുന്നതു സംബന്ധിച്ച്

സബ്സിഡി-ധനസഹായം മാർഗ്ഗരേഖ പ്രകാരം (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്) നെൽകൃഷിക്ക് ഓരോ പൂകൃഷിക്കും സബ്സിഡി നൽകാൻ അനുമതിയുണ്ട്. എന്നാൽ പച്ചക്കറികൃഷിക്ക് ഇപ്രകാരം പറയുന്നില്ല. നെൽകൃഷി പോലെ ഒന്നിൽ കൂടുതൽ തവണ ഒരു വർഷം പച്ചക്കറി കൃഷി ചെയ്യുന്ന് സാധാരണമാണ്. ഒരു വർഷം ഒന്നിലധികം പ്രാവശ്യം പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് കൃഷിയുടെ എണ്ണമനുസരിച്ച് സബ്സിഡി നൽകാമോ എന്നു സ്പഷ്ടീകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.5 **തിരുവനന്തപുരം കോർപ്പറേഷൻ**

**സർക്കാരിന്റെ 16.03.2023-ലെ** DA1/117/23/ **തസ്വഭവ നമ്പർ കത്തും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 03.03.2023-ലെ** C8/10/2023 **ലെ കത്തും (SRG 580/23)**

**വിഷയം:-** കൃഷിക്ക് സബ്സിഡി നൽകുന്നതിന് വിള ഇൻഷ്വറൻസ് വേണമെന്ന നിബന്ധന ഒഴിവാക്കണമെന്നതു സംബന്ധിച്ച്

കൃഷിക്ക് ധനസഹായം നൽകുന്നതിന് ആസൂത്രണ മാർഗരേഖ പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് സ്കീമിൽ ചേരണമെന്നുണ്ട്. കഴക്കൂട്ടം കൃഷി ഭവന്റെ കീഴിലുള്ള ആമ്പല്ലൂർ പാടശേഖരത്തിൽ നെൽക്കൃഷി ചെയ്യുന്ന കർഷകർക്ക് വിള ഇൻഷ്വറൻസ് വേണമെന്ന നിബന്ധന കൂടാതെ ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.6 വയലാർ ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.02.2023-ലെ കത്തും വയലാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.01.2023-ലെ 2(1)-ാം നമ്പർ തീരുമാനവും (SRG/365/23 CC - 120/2023)**

**വിഷയം:-** നെൽവിത്തിന്റെ വില കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിക്ക് നൽകുന്നത് സംബന്ധിച്ച്.

കര നെൽ കൃഷിയുടെ ഭാഗമായി നെൽവിത്ത് വാങ്ങിയ വകയിൽ കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിക്ക് 6,300 രൂപ നൽകാനുണ്ടായിരുന്നു. ഈ തുക നൽകുന്നതിനുള്ള ബിൽ 09.01.2022-ന് ചേർത്തല സബ്ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും ബാങ്ക് അക്കൗണ്ടിലെ പിശക് മൂലം **KSSDA** യ്ക്ക് ലഭിച്ചില്ല. സർക്കാരിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ പോയി. ഈ തുക **KSSDA** യ്ക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.7 **കാവേരി ഫെർട്ടിലൈസർ ഇൻഡസ്ട്രീസ്**

**സർക്കാരിന്റെ 17.04.2023 ലെ** DA1/98/2022/**തസ്വഭവ നമ്പർ കത്തും എറണാകുളം കാവേരി ഫെർട്ടിലൈസർ ഇൻഡസ്ട്രീസ് മാനേജിംഗ് പാർട്ണറുടെ 10.04.2023 ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022 ലെ യോഗ തീരുമാനവും (SRG 662/23** - DA1/98/2022 **തസ്വഭവ)**

**വിഷയം:-** **HDPE** ചെടിച്ചട്ടികളുടെ ഗുണനിലവാരമാനദണ്ഡം നിശ്ചയിക്കുന്നതു സംബന്ധിച്ച് .

കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022 ലെ യോഗ തീരുമാന പ്രകാരമുള്ള 18.11.2022 ലെ 2854/2022/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം High Density Poly Ethylen (HDPE) ചെടിച്ചട്ടി വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഗുണനിലവാര പരിശോധന സംബന്ധിച്ച് അവ്യക്തതയുണ്ട് എന്നു ചൂണ്ടികാണിച്ചുകൊണ്ട് Central Institute of Petrochemical Engineering & Technology (CIPET) സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വേണ്ടി താഴെ പറയുന്ന ഗുണനിലവാരമാനദണ്ഡങ്ങൾ ഉൾപ്പെടുത്തി ഉത്തരവുണ്ടാകണമെന്നാ വശ്യപ്പെട്ടിരിക്കുന്നു.

1) **HDPE** വെർജിൻ മെറ്റീരിയൽ ആയിരിക്കണം
2) അൾട്രാ വയലറ്റ് പ്രൊട്ടക്ഷൻ ഉണ്ടായിരിക്കണം

3) **FSSAI** സ്റ്റാഡേർഡ് പ്രകാരം പ്രകൃതി സൗഹാർദ്ദമാണെന്ന് സാക്ഷ്യപ്പെടുത്തണം.
4) **HDPE** ചെടിച്ചട്ടികൾക്ക് 5 വർഷം ലൈഫ് ഉണ്ടായിരിക്കണം.
5) 5 വർഷത്തെ വാറന്റി ഉറപ്പവരുത്തുന്നതിന് ഉല്പാദിപ്പിക്കുന്ന കമ്പനിയുടെ വിവരങ്ങളും ഉല്പാദന മാസം, വർഷം തുടങ്ങിയവ ചട്ടികളിൽ ആലേഖനം ചെയ്യണം.

4.8 **ഉദയം പേരൂർ ഗ്രാമപഞ്ചായത്ത്**

**ഉദയം പേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.05.2023 ലെ കത്ത് (SRG 772/23).**

**വിഷയം:-** ഇക്കോ ഷോപ്പ് മുഖേന പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതു സംബന്ധിച്ച്.

| *പ്രോ.നം:* 49/24 | ***അടങ്കൽ*** | ***2,00,000 രൂപ*** |
|---|---|---|
| | *വികസനഫണ്ട് -ജനറൽ* | *1,00,000 രൂപ* |
| | *ഗുണഭോക്തൃവിഹിതം* | *1,00,000 രൂപ* |
| ***പേര്*** | **ഞങ്ങളും കൃഷിയിലേയ്ക്ക് - ഇക്കോ ഷോപ്പ് മുഖേന എല്ലാ ആഴ്ചയിലും 50 ശതമാനം സബ്സിഡിയോടെ പച്ചക്കറി തൈകളുടെ വിതരണം** | |

വർഷത്തിൽ എല്ലാ സമയവും പച്ചക്കറി തൈകൾ ഇക്കോഷോപ്പിലൂടെ വിതരണം നടത്തുന്നതിന് കഴിഞ്ഞ വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. 50 ശതമാനം സബ്സിഡി യോടെയാണ് പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നത്. മാർഗ്ഗരേഖ പ്രകാരം 100 ശതമാനം സബ്സിഡിയോടെ പച്ചക്കറി തൈകൾ വിതരണം ചെയ്യാൻ അനുമതിയുണ്ടെങ്കിലും താല്പര്യമുള്ള കർഷകർക്ക് എല്ലാകാലത്തും തൈകൾ ലഭ്യമാക്കുകയാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022 ലെ യോഗം ഇതിന് അനുമതി നൽകിയിരുന്നു. ഈ വർഷവും ഈ പ്രോജക്ട് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. ഈ വർഷവും തുടർന്നുള്ള വർഷവും പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.9 അശോക് റബ്ബർ ഫാക്ടറി**

**ചങ്ങനാശ്ശേരി അശോക് റബ്ബർ ഫാക്ടറി മാനേജറുടെ 12.09.2022 ലെ കത്തുകൾ (2 എണ്ണം) (SRG 144/22)**

**വിഷയം:-** കൃഷി ആവശ്യത്തിന് കണിക ജലസേചനം സംബന്ധിച്ച്.

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ (28.05.2022 ലെ 115/2022/തസ്വഭവ) ഖണ്ഡിക 6.1.35 പ്രകാരം കണിക ജലസേചനത്തിന് സബ്സിഡി നൽകാൻ അനുമതിയുണ്ട്. 6.1.35 ഖണ്ഡിക പ്രകാരം ഒരു സെന്റ് വിസ്തൃതിയിൽ **Timer Main line 32 mm, Submain - Laterals 16 mm, emiters, grow bags 25** എണ്ണം എന്നിവയാണ് **drip irrigation** -ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ **drip irrigation** -ൽ **Pin connecter, Extension tube, 16mm pipe fittings** എന്നീ അനുബന്ധ സാമഗ്രികൾ കൂടി ഘടിപ്പിച്ചാൽ മാത്രമേ ഡ്രിപ് ഇറിഗേഷൻ ശരിയായ രീതിയിൽ പ്രവർത്തിക്കു എന്നറിയിച്ചുകൊണ്ട് ഇവ കൂടി 6.1.35-ാാം ഖണ്ഡികയിൽ ചേർക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.10 <u>ആലങ്ങാട് ഗ്രാമപഞ്ചായത്ത്</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.04.2023, 27.04.2023എന്നീ തീയതികളിലെ കത്തുകളും അനുബന്ധരേഖകളും (SRG 675/23 - CC /242/2023).**

**വിഷയം:-** കരീച്ചാൽ പാടശേഖരത്തിൽ നിലമൊരുക്കുന്നതിന് നടത്തിയ പ്രവർത്തനത്തിന് ചെലവ് നൽകുന്നത് സംബന്ധിച്ച്.

| *പ്രോ.നം:* 108/2024 | ***അടങ്കൽ*** | ***5,00,000 രൂപ (തനത് ഫണ്ട്)*** |
|---|---|---|
| ***പേര്*** | **കരീച്ചാൽ പാടശേഖരത്തിനു കുറുകെ ചാലുകീറി ബണ്ടു സ്ഥാപിക്കൽ - തുക കൈമാറൽ** | |

ആലങ്ങാട് ഗ്രാമപഞ്ചായത്ത് തരിശുരഹിത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞവർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ. പ്രോജക്ടു നിർവ്വഹണം ആരംഭിക്കുന്നതിനു മുമ്പ് അളവുകൾ (ലവൽസ് ) എടുക്കണമായിരുന്നു. എന്നാൽ ഇതിനു മുമ്പേ കർഷകൻ നിർമ്മാണം ആരംഭിച്ചു. അതിനാൽ മെഷർമെന്റ് എടുക്കാൻ ബുദ്ധിമുട്ടാണെന്ന് ആലങ്ങാട് ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരുന്നു. ഇതുവരെ നടത്തിയ പ്രവർത്തികൾക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തുക നൽകാമെന്നും തുടർന്നുള്ള പ്രവർത്തികൾ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടി സ്വീകരിച്ച് നിർമ്മാണം നടത്തണമെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുടർന്നു അസിസ്റ്റന്റ് എഞ്ചിനീയർ മെഷർമെന്റ് എടുത്തതു പ്രകാരം 7,18,710 രൂപയാണ് ചെലവ്. തോട് ആഴം കൂട്ടലും ബണ്ടു നിർമ്മാണവുമാണ് ചെയ്ത പ്രവർത്തനങ്ങൾ. ഈ പ്രവർത്തികൾ പാടശേഖര സമിതിയുടെ മേൽനോട്ടത്തിൽ കർഷകനായ ശ്രീ ടിന്റോ കെ എടയാടി, പുളിങ്കുന്ന്, ആലപ്പുഴ എന്ന വ്യക്തിയാണ് ചെയ്തത്. ഈ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.11 **<u>തിരുവനന്തപുരം കോർപ്പറേഷൻ</u>**

**ബഹു. തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 22.05.2023-ലെ J1/82007/22-ാം നമ്പർ കത്ത് (SRG 815/23)**

**വിഷയം:-** മത്സ്യബന്ധനത്തിനുള്ള കട്ടമരം നൽകുന്നതിന് സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം ഫൈബർ റീഎൻഫോഴ്സ്ഡ് കട്ടമരം/ചെറിയ തടിവള്ളം എന്നിവയ്ക്ക് യൂണിറ്റ് നിരക്ക് 50,000 രൂപയാണ്. ഈ വിലയ്ക്ക് വള്ളം കിട്ടുന്നില്ല എന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് ഇതിന്റെ യൂണിറ്റ് നിരക്ക് 1.00 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.12 **<u>പത്തനംതിട്ട ജില്ലാ കാർഷിക വിപണന സഹകരണസംഘം</u>**

**വിഷയം:-** പത്തനംതിട്ട ജില്ലാ കാർഷിക വിപണന സഹകരണസംഘത്തിൽ നിന്ന് വിവിധ ഉല്പന്നങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്

പത്തനംതിട്ട ജില്ലയിൽ മണ്ണടി കേന്ദ്രമായി പത്തനംതിട്ട ജില്ലാ കാർഷിക വിപണന സഹകരണ സംഘം (**PAMCOS**) പ്രവർത്തിക്കുന്നു. വിവിധയിനം വിത്തുകൾ, മറ്റ് നടീൽ വസ്തുക്കൾ എന്നിവ ഇവിടത്തെ നഴ്സറിയിൽ ഉണ്ട്. ഒപ്പം ജൈവവളവും സംഘം ഉല്പാദിപ്പിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന വിവിധ കാർഷികാവശ്യത്തിനാവശ്യമായ വിത്തുകൾ, പച്ചക്കറി തൈകൾ, കുരുമുളക് തൈകൾ, തെങ്ങിൻ തൈകൾ, ഫലവൃക്ഷതൈകൾ മറ്റു വിവിധയിനം നടീൽ വസ്തുക്കൾ, ജൈവ കീടനാശിനികൾ എന്നിവ **PAMCOS** –ൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങാൻ (ടെണ്ടർ കൂടാതെ) അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.13 <u>ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.02.2023 ലെ കത്തും അനുബന്ധരേഖകളും (SRG/ 382/2023 – CC/109/23)**

**വിഷയം:-** ആയുഷ് ഹോളിസ്റ്റിക് സെന്ററിലെ അറ്റൻഡർക്ക് വേതനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച്.

മലപ്പുറം ജില്ലയിലെ ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിൽ ആയുഷ് ഹോളോസ്റ്റിക് സെന്ററിൽ 2016 സെപ്റ്റംബർ മുതൽ മൂന്നുപേർ അറ്റൻഡർ തസ്തികയിൽ ജോലി ചെയ്തു വരുന്നുണ്ട്. ഇവർക്ക് പ്രതിമാസം 6000 രൂപ വീതമാണ് നൽകുന്നത്. 11.02.2021 ലെ 29/2021/ധന ഉത്തരവു പ്രകാരമുള്ള ദിവസവേതനം / കരാർ ജീവനക്കാരുടെ വേതനം ഇവർക്ക് അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാൽ 10000 രൂപയായിട്ടെങ്കിലും വേതനം വർദ്ധിപ്പിച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.14 <u>ആംബുലൻസുകളുടെ പ്രവർത്തനം</u>**

**ബഹു. ആലപ്പുഴ എം.പിയുടെ 23.11.2022 ലെ ALP/MP/875/2022-ാം നമ്പർ കത്തും തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.11.2022 ലെ കത്തും** (SRG/ **1388/2022, 1284/22)**

**വിഷയം:-** ആരോഗ്യസ്ഥാപനങ്ങളിലെ ആംബുലൻസുകളുടെ ആവർത്തന ചെലവ് നൽകുന്നതു സംബന്ധിച്ച്.

സംസ്ഥാനത്ത് MPLAD, MLASDF സ്കീമിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങൾ, താലൂക്കാശുപത്രികൾ തുടങ്ങിയ ആരോഗ്യസ്ഥാപനങ്ങൾക്ക് ആംബുലൻസുകൾ വാങ്ങി നൽകിയിട്ടുണ്ട്. ബഹു. ആലപ്പുഴ എം.പി 10 ആംബുലൻസുകൾ MPLAD സ്കീമിൽ നൽകിയിട്ടുണ്ട്. ഈ അംബുലൻസുകൾ ജില്ലാ മെഡിക്കൽ ഓഫീസർ അടക്കമുള്ള ആരോഗ്യ വകുപ്പുമേധാവികളുടെ പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെങ്കിലും ആംബുലൻസുകളുടെ തുടർചെലവുകൾ HMC കൾ ആണ് വഹിക്കേണ്ടത്. എന്നാൽ HMCയുടെ വരുമാനത്തിൽ നിന്ന് ഡ്രൈവറുടെ വേതനം, ഇന്ധനചെലവ് തുടങ്ങിയവ കണ്ടെത്താൻ ബുദ്ധിമുട്ടാണ്. ഈ ആംബുലൻസുകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ആരോഗ്യ സ്ഥാപനങ്ങൾക്കാണ് എന്നതിനാൽ ഇതിന്റെ ആവർത്തന ചെലവ് അതത് തദ്ദേശഭരണസ്ഥാപനങ്ങളുടെ നോൺ പ്ലാൻ, തനതുഫണ്ടിൽ നിന്ന് ചെലവഴിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.15 <u>ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്</u>

**ബഹു.വള്ളിക്കുന്ന് എം.എൽ.എയുടെ 01.02.2023 ലെ 16/വള്ളിക്കുന്ന്/2023-ാം നമ്പർ കത്തും ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.02.2023 ലെ കത്തും (SRG/432/23).**

**വിഷയം:-** ചേലേമ്പ്ര യുനാനി ഡിസ്പൻസറിയിൽ ഫാർമസിസ്റ്റിനെ നിയമിക്കുന്നത് സംബന്ധിച്ച്.

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ യുനാനി ഡിസ്പൻസറി 2020 മുതൽ പ്രവർത്തനം തുടങ്ങിയതാണ്. ഒരു ഡോക്ടർ മാത്രമാണ് ഇവിടെയുള്ളത്. 250 രോഗികൾ ദിനം പ്രതി ഇവിടെ എത്തുന്നുണ്ട് എന്നറിയിച്ചിരിക്കുന്നു. ഇവിടേയ്ക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ഒരു ഫാർമസിസിറ്റിനെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.16 <u>ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്</u>

**ബഹു.വള്ളിക്കുന്ന് എം.എൽ.എയുടെ 01.02.2023 ലെ 17/വള്ളിക്കുന്ന്/23-ാം നമ്പർ കത്തും ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.02.2023 ലെ കത്തും ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.12.2021 ലെ** A1-5376/21-**ാം നമ്പർ കത്തും (SRG/430/23).**

**വിഷയം:-** ചേലേമ്പ്ര ആയുർവേദാശുപത്രിയിലെ തെറാപ്പിസ്റ്റിന് വേതനം നൽകിയതിന് സാധൂകരണവും തുടർന്നും തെറാപ്പിസ്റ്റിനെ നിയമിക്കാൻ അനുമതിയും സംബന്ധിച്ച്.

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ ചേലേമ്പ്ര ഗവ.ആയുർവേദ ആശുപത്രിയിൽ പഞ്ചകർമ്മ ചികിത്സയുടെ ഭാഗമായി 2019-20, 2020-21 വർഷങ്ങളിൽ ഫിസിയോ തെറാപ്പിസ്റ്റിനെ ഗ്രാമപഞ്ചായത്ത് നിയമിക്കുകയും വേതനത്തിനായി തനതുഫണ്ടിനത്തിൽ തുക ചെലവഴിക്കുകയും ചെയ്തിരുന്നു. തുടർന്ന് 2019-20 ലും 2020-21 ലും സംസ്ഥാന ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനയിൽ ഓഡിറ്റ് കുറിപ്പെഴുതുകയും ചെയ്തിട്ടുണ്ട്. 2019-20, 2020-21 വർഷം തെറാപ്പിസ്റ്റിനു വേതനം നൽകിയതിന് സാധൂകരണം നൽകണമെന്നും തുടർന്നും ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

4.17 **<u>കുഴൂർ ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.02.2023 ലെ കത്തും കുഴൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.01.2023 ലെ 2(7)-ാം നമ്പർ തീരുമാനവും (SRG 443/23 - CC/**112**/2023)**

**വിഷയം:-** കുടുംബാരോഗ്യ കേന്ദ്രത്തിലെ ആംബുലൻസിന്റെ ആവർത്തന ചെലവ് നൽകുന്നത് സംബന്ധിച്ച്

കുഴൂർ ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് **MPLAD** പദ്ധതി പ്രകാരം ആംബുലൻസ് ലഭിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കിലാണ് ആംബുലൻസ് സർവ്വീസ് നടത്തുന്നത്. ഡ്രൈവറുടെ വേതനമടക്കമുള്ള ആവർത്തന ചെലവ് വഹിക്കാൻ എച്ച്.എം.സിക്ക് കഴിയുന്നില്ല. അതിനാൽ ആംബുലൻസിന്റെ ആവർത്തന ചെലവിന് ഗ്രാമപഞ്ചായത്തിൽ നിന്ന് തനതുഫണ്ടുപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കഴിഞ്ഞവർഷം 1.50 ലക്ഷം രൂപ തനതുഫണ്ട് വകയിരുത്തി ഗ്രാമപഞ്ചായത്ത് പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

4.18 <u>**മലപ്പുറം ജില്ലാ പഞ്ചായത്ത്**</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.03.2023 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 25.01.2023 ലെ 1(5)-ാം നമ്പർ തീരുമാനവും പെരിന്തൽമണ്ണ ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ 11.01.2023 ലെ** A1-5725/2022-**ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG** 512/23 **- CC/164/2023)**

**വിഷയം:-** ക്യാൻസർ പരിശോധനാ ക്യാമ്പ് നടത്തിയതിന്റെ ചെലവ് നൽകുന്നത് സംബന്ധിച്ച്.

**i.** പെരിന്തൽമണ്ണ ജില്ലാ ആശുപത്രി മുഖേന കഴിഞ്ഞവർഷം ജില്ലാ പഞ്ചായത്ത് ക്യാൻസർ പരിശോധനാ ക്യാമ്പിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. (പ്രോജക്ട് നം. 566/23- അടങ്കൽ 3.00 ലക്ഷം രൂപ- വികസനഫണ്ട്). ഇതുമായി ബന്ധപ്പെട്ട് 53 പേർക്ക് സ്തനാർബുദം കണ്ടെത്തുന്നതിനുള്ള മാമോഗ്രാം പരിശോധനയും 50 പേർക്ക് പാപ്സ്മിയർ പരിശോധനയും നടത്തി. പെരിന്തൽമണ്ണ ആശുപത്രിയിൽ ഇത്തരം ടെസ്റ്റിനുള്ള സൗകര്യമില്ലാത്തതിനാൽ സമീപത്തുള്ള ലാബുകളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചാണ് പരിശോധന നടത്തിയത്. ഇതിനായി 26,380 രൂപ ചെലവ് വന്നിട്ടുണ്ട്. ഈ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**ii.** ഇതോടൊപ്പം താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

എ) പദ്ധതി മാർഗ്ഗരേഖയിൽ ക്യാൻസർ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതു സംബന്ധിച്ച് പരാമർശമുണ്ടെങ്കിലും രോഗ നിർണ്ണയ ടെസ്റ്റുകൾ ഏതൊക്കെ വ്യക്തികൾക്ക് നടത്താം, ചികിത്സാ നിർണ്ണയം, തുടർ ചികിത്സ തുടങ്ങിയവയ്ക്ക് സ്വീകരിക്കേണ്ട മാനദണ്ഡം എന്നിവയിൽ വ്യക്തത വരുത്തണം.

ബി) ക്യാമ്പുകൾ ഗ്രാമപഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുന്നതോടൊപ്പം തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ല, താലൂക്കാശുപത്രികളിൽ സ്ഥിരം സംവിധാനമായി ക്യാമ്പ് നടത്തുന്നതിന് അനുമതി.

4.19 <u>**വാഴൂർ ഗ്രാമപഞ്ചായത്ത്**</u>

**വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.03.2023 ലെ കത്തും അനുബന്ധ രേഖകളും (SRG /689/23, 690/23)**

**വിഷയം:-** കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അധികമായി പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കുന്നതു സംബന്ധിച്ച്

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് കരാറടിസ്ഥാനത്തിൽ നിയമിച്ച് വേതനം നൽകാൻ 2017 മുതൽ അനുമതിയുണ്ട്. എന്നാൽ കഴിഞ്ഞ മൂന്നു വർഷമായി വാഴൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറേയും ഒരു ഫാർമസിസ്റ്റിനേയും ഒരു സ്റ്റാഫ് നേഴ്സിനേയും നിയമിച്ചിരുന്നു. ഓരോ വർഷവും കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതിയോടെയാണ് നിയമിച്ചത്. 2022-23 വർഷം ഇപ്രകാരം അധികമായി ഒരു നേഴ്സിനെ കൂടി നിയമിക്കാൻ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടപ്പോൾ നേഴ്സിനെ നിയമിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജില്ലാ

മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് സഹിതം നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. മെഡിക്കൽ ഓഫീസ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കാൻ വൈകിയതിനാൽ മുൻപ് നിയമിച്ച നേഴ്സിനെ തുടരാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു. നേഴ്സിനെ നിയമിക്കാൻ അനുമതി നൽകണമെന്ന് വീണ്ടും ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടു. 14.02.2023 ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ 2022-23 വർഷം ഇതുവരെ നേഴ്സിനെ നിയമിച്ചതിന് സാധൂകരണം നൽകി. ഇനി അധികമായി നഴ്സിനെ നിയമിക്കേണ്ടതില്ലെന്ന് നിർദ്ദേശം നൽകുകയും ചെയ്തു.

മാർഗ്ഗരേഖ പ്രകാരം ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ/പി.എച്ച്.സികളിൽ നിയമിക്കുന്നതിനാണ് അനുമതിയെങ്കിലും മറ്റു പല തദ്ദേശഭരണസ്ഥാപനങ്ങളും കൂടുതൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടെന്ന് ചൂണ്ടി കാണിച്ച് കൊണ്ട് ഒരു ഡോക്ടറേയും ഒരു ഫാർമസിസ്റ്റിനേയും നിയമിക്കുന്നതോടൊപ്പം ഒരു സ്റ്റാഫ് നേഴ്സിനെ കൂടി നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.20 <u>വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത്</u>

**തദ്ദേശസ്വയംഭരണവകുപ്പ് റൂറൽ ഡയറക്ടറുടെ 18.03.2023 ലെ** LSGD/PD/14075/2023- **തസ്വഭവ നമ്പർ കത്തും വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.08.2022 ലെ** SC1-3435/2021-**ലെ കത്തും വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.07.2022 ലെ 4(11)-ാം നമ്പർ തീരുമാനവും (SRG 632/23 - CC/LSGD - DB3/149/2023-LSGD) )**

**വിഷയം:-** ഫിസിയോ തെറാപ്പിസ്റ്റിന് വേതനം നൽകുന്നതു സംബന്ധിച്ച്

വെങ്കിടങ്ങ് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ഫിസിയോ തെറാപ്പി യൂണിറ്റ് ആരംഭിക്കുന്നതിനായി ഫിസിയോ തെറാപ്പിക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എച്ച്.എം.സി യിൽ നിന്നും ഫിസിയോ തെറാപ്പിക്കുവരുന്ന രോഗികളിൽ നിന്നോ ഈടാക്കുന്ന ഫീസിൽ നിന്നോ വേതനത്തിനാവശ്യമായ വിഹിതം കണ്ടെത്താമെന്നാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ രോഗികളിൽ നിന്ന് കൂടിയ നിരക്ക് വാങ്ങുന്നത് ബുദ്ധിമുട്ടാണെന്നും കൂടാതെ എച്ച്.എം.സിയിൽ ഫണ്ട് കുറവാണെന്നും ചൂണ്ടികാണിച്ചുകൊണ്ട് ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നു വേതനം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.21 <u>പൊന്നാനി മുനിസിപ്പാലിറ്റി</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.04.2023 ലെ കത്ത് (SRG 616/23 - CC /207/2023).**

**വിഷയം:-** ഗവ.ആയുർവേദാശുപത്രി കെട്ടിട നിർമ്മാണത്തിനുള്ള തുക എൻ.എച്ച്.എം-ൽ ഡിപ്പോസിറ്റ് ചെയ്യുന്നതു സംബന്ധിച്ച്.

പൊന്നാനി നഗരസഭയിലെ പുതുപൊന്നാനി ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണത്തിന് 2.25 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയുഷ് മിഷൻ വിഹിതമായി 1.00 കോടി രൂപ ലഭിക്കും. ബാക്കി തുകയായ 1.25 കോടി രൂപ പൊന്നാനി നഗരസഭയുടെ വിഹിതമായി എൻ.എച്ച്.എം-ന് ഡിപ്പോസിറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നു. അതിനായി എൻ.എച്ച്.എം-നെ ഡിപ്പോസിറ്റ് ഏജൻസികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.22 <u>**കൊറ്റങ്കര ഗ്രാമപഞ്ചായത്ത്**</u>

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.04.2023 ലെ കത്തും കൊറ്റങ്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.02.2023 ലെ 1(1)-ാം നമ്പർ തീരുമാനവും (SRG 606/23 - CC /126/2023)**

**വിഷയം:-** പാലിയേറ്റീവ് പ്രവർത്തനത്തിനുള്ള ആംബുലൻസിന്റെ ആവർത്തന ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കുന്നതു സംബന്ധിച്ച്

കൊറ്റങ്കര ഗ്രാമപഞ്ചായത്തിന് ബഹു.കുണ്ടറ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു ആംബുലൻസ് അനുവദിച്ചിട്ടുണ്ട്. ഇത് കൊറ്റങ്കര പി.എച്ച്.സിക്ക് കൈമാറി പാലിയേറ്റീവ് പ്രവർത്തിനത്തിന് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു. ഈ ആംബുലൻസിന്റെ ആവർത്തന ചെലവിനായി ഗ്രാമപഞ്ചായത്തിൽ നിന്ന് തനത് ഫണ്ട്/ വികസനഫണ്ടു പയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.23 <u>**മാളബ്ലോക്ക് പഞ്ചായത്ത്**</u>

**തൃശ്ശൂർ അസി.ഡെവലപ്മെന്റ് കമ്മീഷണറുടെ (ജനറൽ) 28.03.2023 ലെ** ADC TSR/305/2023/RDS **നമ്പർ കത്തും മാള ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 10.03.2023 ലെ 12(1)-ാം നമ്പർ തീരുമാനവും പ്രിൻസിപ്പൽ ഡയറക്ടറുടെ 04.05.2023 ലെ** LSGD/PD/32230/2023-Spl2 **നമ്പർ കത്തും മാള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.05.2023 ലെ 29173/23-ാം നമ്പർ കത്തും (SRG 797/23 -** LSGD/DB1/205/2023- LSGD**)**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടം ഇ.എസ്.ഐ ആശുപത്രിക്ക് വാടകയ്ക്ക് നൽകുന്നതു സംബന്ധിച്ച്.

ബ്ലോക്ക് പഞ്ചായത്ത് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിനായി കെട്ടിടം നിർമ്മിച്ചിരുന്നു. വനിതാ തൊഴിൽ സംരംഭം ഇവിടെ ഉണ്ടായിരുന്നുവെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ല. ഈ കെട്ടിടം 2012-13 ൽ നിർമ്മാണം ആരംഭിച്ച് 2013-14 ൽ പൂർത്തിയാക്കിയതാണ്. ആകെ ചെലവ് 14,52,088 രൂപ. വനിതാ വ്യവസായ കേന്ദ്രത്തിനായി വനിതാ ഘടകപദ്ധതിയിൽ നടപ്പാക്കിയ ഈ പ്രോജക്ടിന് വികസനഫണ്ട് (ജനറൽ) ആണ് വകയിരുത്തിയിരുന്നത്. ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുന്ന ഈ കെട്ടിടം ESI ആശുപത്രിയുടെ പ്രവർത്തനത്തിനായി വാടകയ്ക്ക് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.24 <u>**തച്ചമ്പാറ ഗ്രാമപഞ്ചായത്ത്**</u>

**തച്ചമ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.02.2023 ലെ** SC 3-1097/2022-**ാം നമ്പർ കത്തും സെക്രട്ടറിയുടെ റിപ്പോർട്ടും അനുബന്ധരേഖകളും (SRG 799/23 -** LSGD/DC/147/2023/- LSGD**)**

**വിഷയം:-** കൊവിഡ് പ്രതിരോധനത്തിനു ലഭിച്ചതിൽ മിച്ചമുള്ള തുക പാലിയേറ്റീവ് പ്രവർത്തനത്തിനുപയോഗിക്കുന്നതു സംബന്ധിച്ച്.

കൊവിഡ് പ്രതിരോധന പ്രവർത്തനങ്ങൾക്കായി വിവിധ സ്ഥാപനങ്ങളും വ്യക്തികളും തച്ചമ്പാറ ഗ്രാമപഞ്ചായത്തിന് സംഭാവന നൽകിയിരുന്നു. ഇതിൽ 20.01.2023 വരെ 2,96,663 രൂപ മിച്ചമുണ്ട്. ഇത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസനിധി അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഈ

തുക ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.25 <u>**മറ്റത്തൂർ ഗ്രാമപഞ്ചായത്ത്**</u>

**സർക്കാരിന്റെ 29.03.2023 ലെ** DB3/152/2023/**തസ്വഭവ നമ്പർ കത്തും മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.02.2023 ലെ** A2-Plan /GEN/CHC/2023-**ാം നമ്പർ കത്തും മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.02.2023 ലെ 1(4)-ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ലെ യോഗ തീരുമാനവും (SRG 647/23 )**

**വിഷയം:-** മറ്റത്തൂർ സി.എച്ച്.സിയിൽ ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നത് സംബന്ധിച്ച്.

മറ്റത്തൂർ ഗ്രാമപഞ്ചായത്തിന് പ്രാഥമികാരോഗ്യകേന്ദ്രമില്ല. കൊടകര ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യ ആരോഗ്യ കേന്ദ്രത്തെയാണ് മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ആശ്രയിക്കുന്നത്. ഇവിടെ രണ്ട് പട്ടികവർഗ്ഗസങ്കേതങ്ങൾ കൂടിയുണ്ട്. മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി ഇല്ലാത്തതിനാൽ ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും ഗ്രാമപഞ്ചായത്ത് വിഹിതമുപയോഗിച്ച് കരാറടിസ്ഥാനത്തിൽ ഈ സി.എച്ച്.സിയിൽ നിയമിക്കാൻ 26.07.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പ്രത്യേകാനുമതി നൽകിയിരുന്നു. കഴിഞ്ഞ വർഷം നൽകിയ അനുമതി തുടർ വർഷത്തേക്കു കൂടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.26 <u>**ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്**</u>

**ബഹു.ഉടുമ്പൻചോല എം.എൽ.എയുടെ 14.03.2023 ലെ കത്തും ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.03.2023 ലെ SC1/365/Minister/2023-ാം നമ്പർ കത്തും ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.03.2023 ലെ 1(1)-ാം നമ്പർ തീരുമാനവും (SRG 716/23)**

**വിഷയം:-** ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന് ആംബുലൻസ് വാങ്ങുന്നതു സംബന്ധിച്ച്

കഴിഞ്ഞവർഷം ഗ്രാമപഞ്ചായത്തിന് ആംബുലൻസ് വാങ്ങുന്നതിനായി പ്രോജക്ട് എടുത്തിരുന്നു. ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഒരു വാഹനം ഉണ്ടായിരുന്നു. കാലപ്പഴക്കം കാരണം ഇതു 3.10 ലക്ഷം രൂപയ്ക്ക് ലേലം ചെയ്തു. പകരമായി ഗ്രാമപഞ്ചായത്തിലേക്ക് ഒരു പുതിയ ആംബുലൻസ് വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഈ വർഷം ഇതിനായി പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ പ്രോജക്ട് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

4.27 <u>**പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്**</u>

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.04.2023 ലെ കത്ത് (SRG 679/23 -** CC/**285**/23)

**വിഷയം:-** CFLTC ആയി പ്രവർത്തിച്ച കെട്ടിടത്തിന്റെ വാടക നൽകുന്നതു സംബന്ധിച്ച്

കൊവിഡ് മഹാമാരികാലത്ത് പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിൽ **CFLTC** സെന്ററായും ട്രീറ്റ്മെന്റ് സെന്ററായും 61 ദിവസം പത്തനാപുരം ജനതാ ഹോസ്പിറ്റൽ ഉപയോഗിച്ചു. ഇതിന് വാടക നല്കിയിരുന്നില്ല. ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും വാടക നല്കാൻ വിഹിതം

അനുവദിച്ച നൽകിയില്ല. വാടകയായി 76,250 രൂപ നൽകണമെന്ന് ഹോസ്പിറ്റൽ ഉടമ അറിയിച്ചിട്ടുണ്ട്. ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.28 <u>വാമനപുരം ബ്ലോക്ക് പഞ്ചായത്ത്</u>

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.05.2023, 04.05.2023 എന്നീ തീയതികളിലെ കത്തുകളും വാമനപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.03.2023 ലെ BP2/2680/2022/VPM നമ്പർ കത്തും** (SRG 733/23 – CC/323/2023)

**വിഷയം:-** നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് ആശുപത്രി സ്റ്റാഫിന് വേതനം നൽകാനും വാഹനം വാങ്ങാനും അനുമതി സംബന്ധിച്ച്.

വാമനപുരം ബ്ലോക്ക പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ ആശുപത്രികളിൽ രാത്രികാല ഡ്യൂട്ടികൾക്കുൾപ്പടെയുള്ള ഡോക്ടർമാർക്കും മറ്റു സ്റ്റാഫിനും വേതനം നൽകുന്നതിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് 2023-24 വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഇതോടൊപ്പം വാമനപുരം എഫ്.എച്ച്.സിയിലെ 30 വർഷത്തിലേറെ പഴക്കമുള്ള വാഹനം മാറ്റി പുതിയ വാഹനം വാങ്ങുന്നതിനും നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുൾപ്പെടുത്തി ഈ വർഷം പ്രോജക്ട് എടുത്തിട്ടുണ്ട്. നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ചുകൊണ്ടുള്ള ഈ പ്രോജക്ടുകൾക്ക് പ്രത്യേക അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.29 <u>തൃത്താല ബ്ലോക്ക് പഞ്ചായത്ത്</u>

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.05.2023 ലെ കത്തും തൃത്താല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 06.05.2023 ലെ BDOTLA/46/2023/CC നമ്പർ കത്തും തൃത്താല ബ്ലോക്ക് പഞ്ചായത്ത് ഭരണസമതിയുടെ 29.04.2023 ലെ 1(1)-ാം നമ്പർ തീരുമാനവും** (SRG 747/23 – CC/331/2023)

**വിഷയം:-** ചാലിശ്ശേരി സി.എച്ച്.സിയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചവർക്ക് വേതനം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 20/24*** | ***അടങ്കൽ*** | *17,00,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)* |
| ***പേര്*** | **സി.എച്ച്.സിയിലെ കരാർ ജീവനക്കാർക്ക് വേതനം നൽകൽ** | |

ചാലിശ്ശരി സി.എച്ച്.സിയിലെ കരാർ ജിവനക്കാർക്ക് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് വേതനം നൽകാൻ ഈ വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല എന്നതിനാൽ ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് ആവശ്യമായ വിഹിതം മാറ്റി വച്ചതിനുശേഷമാണ് ഈ പ്രോജക്ടിന് 17.00 ലക്ഷം രൂപ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് മാറ്റിവച്ചിരിക്കുന്നതെന്നും വികസന ഫണ്ടടക്കം മറ്റു വിഹിതം കുറവായതിനാലാണ് ഇപ്രകാരം പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നതെന്നും അറിയിച്ചുകൊണ്ട് പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.30 <u>നീണ്ടൂർ ഗ്രാമപഞ്ചായത്ത്</u>

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.05.2023 ലെ കത്തും അനുബന്ധ രേഖകളും (SRG 762/23 – CC/332/2023)**

**വിഷയം:-** ഓണംതുരുത്ത് കുടുംബാരോഗ്യ കേന്ദ്രത്തിൽ അധിക സ്റ്റാഫിനെ നിയമിക്കുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 92/24* | ***അടങ്കൽ*** | ***20,00,000 രൂപ*** |
|---|---|---|
| | *വികസനഫണ്ട് – ജനറൽ* | *13,00,000 രൂപ* |
| | *തനതുഫണ്ട്* | *7,00,000 രൂപ* |
| ***പേര്*** | **പി.എച്ച്.സിയിലെ താത്കാലിക ജീവനക്കാർക്ക് വേതനം നൽകൽ** | |

ഗ്രാമപഞ്ചായത്തിലെ ഓണംതുരുത്ത് കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് 4 താത്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ നിലവിലെ ഉത്തരവു പ്രകാരം രണ്ടു പേരെ മാത്രമാണ് തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് നിയമിക്കാവു എന്നതിനാൽ ജില്ലാ ആസൂത്രണ സമിതി നിരസിച്ചു. മുൻവർഷങ്ങളിലും ഇപ്രകാരം നാലുപേരെ നിയമിച്ചിട്ടുണ്ട് എന്ന് ചൂണ്ടികാട്ടി ഈ വർഷവും നാലു പേരെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.31 <u>കൊല്ലംങ്കോട് ബ്ലോക്ക് പഞ്ചായത്ത്</u>

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.05.2023 ലെ കത്തും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 08.05.2023 ലെ 2(1)–ാം നമ്പർ തീരുമാനവും** (SRG 766/23 – CC/339/2023)

**വിഷയം:-** സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ താൽക്കാലികമായി നിയമിച്ചവർക്ക് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് വേതനം നൽകാൻ അനുമതി സംബന്ധിച്ച്.

| *പ്രോ.നം: 13/24* | ***അടങ്കൽ*** | ***16,63,200 രൂപ*** *(മെയിന്റനൻസ് ഗ്രാന്റ്, നോൺ റോഡ്)* |
|---|---|---|
| ***പേര്*** | **കൊടുവായൂർ സി.എച്ച്.സിയിലെ താത്കാലിക ജീവനക്കാർക്ക് ദിവസവേതനത്തിന് തുക വകയിരുത്തൽ** | |

ബ്ലോക്കു പഞ്ചായത്തിന്റെ കീഴിലുള്ള കൊടുവായൂർ സി.എച്ച്.സിയിലെ താത്കാലിക ജീവനക്കാർക്ക് വേതനം നൽകുന്നതിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഇതിന് അനുവദനീയമല്ലാ എന്നു ചൂണ്ടി കാണിച്ച് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. ഇതേപോലെ നന്ദിയോട് സി.എച്ച്. സിയിലെ ദൈനംദിന ചെലവിനും സി.എച്ച്.സിയിൽ നിയമിച്ചിരിക്കുന്ന താത്കാലിക ജീവനക്കാർക്ക് വേതനം നൽകാൻ 15.00 ലക്ഷം രൂപ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി മറ്റൊരു പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.32 <u>ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്</u>

**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20.05.2023 ലെ DHS/5830/2023 - OM 5-ാം നമ്പർ കത്തും ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.03.2023 ലെ കത്തും (SRG 824/23)**

**വിഷയം:-** ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ധനസഹായം നേരിട്ട് നൽകാൻ അനുമതി സംബന്ധിച്ച്.

ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ എലിഞ്ഞിപ്ര സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസിന് സൗകര്യമില്ല എന്നു ചൂണ്ടി കാണിച്ചുകൊണ്ട് ഡയാലിസിസിനുള്ള ചികിത്സാ ധനസഹായം രോഗികൾക്ക് നേരിട്ട് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.33 <u>അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്</u>

**അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 14.04.2023-ലെ കത്തും നൂതന പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്ന തിരുവനന്തപുരം ജില്ലാതല വിദഗ്ദ്ധ സമിതിയുടെ 07.11.2022-ലെ യോഗത്തിന്റെ മിനിറ്റ്സും (SRG 846/23)**

**വിഷയം:-** മൊബൈൽ മെഡിക്കൽ യൂണിറ്റിനുള്ള പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച്

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം മൊബൈൽ മെഡിക്കൽ യൂണിറ്റ് തുടങ്ങാൻ 21.00 ലക്ഷം രൂപയുടെ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല കമ്മിറ്റിയുടെ 07.11.2022 ന് കൂടിയ യോഗം അംഗീകാരം നൽകുകയും ചെയ്തു. ഈ വർഷം ഈ പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനത്തിനായി അലോപ്പതി ഡോക്ടർ, നേഴ്സ്, ഫാർമസിസ്റ്റ് , ലാബ് ടെക്നീഷ്യൻ എന്നിവരിൽ ഒരാളെ വീതം നിയമിക്കാൻ ഉദ്ദേശിക്കുന്നു. ഇവരെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൊവിഡ് പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഈ അക്കൗണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ആവശ്യത്തിനായി ഉപയോഗിക്കാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ചെലവു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രതീക്ഷിക്കുന്ന പ്രാരംഭ ചെലവ് | | |
|---|---|---|
| **ക്രമ നം** | **ഇനം** | **തുക** |
| 1 | വാഹനം (ചെയ്സ് ) | 14,00,000 |
| 2 | മൊബൈൽ മെഡിക്കൽ യൂണിറ്റ് സൗകര്യമൊരുക്കൽ (വാഹനത്തിൽ) | 20,00,000 |
| 3 | ലാബ് ഉപകരണങ്ങൾ ഒരുക്കൽ | 10,00,000 |
| 4 | ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ്, ഡ്രൈവർ തുടങ്ങിയ ജീവനക്കാരുടെ വേതനം | 12,00,000 |
| 5 | ലാബ് റീ ഏജന്റ് | 1,00,000 |
| 6 | മരുന്നുകൾ | 2,00,000 |
| 7 | മറ്റുള്ളവ | 1,00,000 |
| | **ആകെ** | **60,00,000** |

| പ്രതിവർഷം പ്രതീക്ഷിക്കുന്ന ആവർത്തന ചെലവ് | | |
|---|---|---|
| ക്രമനം | ഇനം | തുക |
| 1 | 1 ഡോക്ടർ – വേതനം | 7,20,000 |
| 2 | 1 നേഴ്സ് – വേതനം | 2,40,000 |
| 3 | 1 ഫാർമസിസ്റ്റ് – വേതനം | 2,40,000 |
| 4 | 1 ലാബ് ടെക്നീഷ്യൻ – വേതനം | 2,40,000 |
| 5 | 1 ഡ്രൈവർ കം ഹെൽപ്പർ – വേതനം | 2,40,000 |
| 6 | ലാബ് റീ ഏജന്റ് | 1,50,000 |
| 7 | മരുന്നുകൾ | 5,00,000 |
| 8 | ഇന്ധനം, മറ്റുള്ളവ | 1,70,000 |
| | ആകെ | 25,00,000 |

4.34 <u>ഓർഗാനിക് കോട്ടൺ ക്ലോത് സാനിറ്ററി പാഡ്</u>

**ശ്രീമതി റസിലി റഹ്മാൻ, ചേറാറ്റയിൽ, തലക്കടത്തൂർ, തിരൂരിന്റെ കത്ത് (ലഭിച്ചത് 02.06.2023) (SRG 834/23)**

**വിഷയം:-** സാധാരണ സാനിറ്ററി പാഡിനു പകരം ഓർഗാനിക് കോട്ടൺ ക്ലോത് സാനിറ്ററി പാഡ് ഉപയോഗിക്കുന്നതു സംബന്ധിച്ച്.

കത്തു നൽകിയിരിക്കുന്ന ശ്രീമതി. റസിലി റഹ്മാൻ എന്ന വ്യക്തി **'Best Friend'** എന്ന പേരിൽ തിരൂർ മുനിസിപ്പാലിറ്റിയിൽ ഓർഗാനിക് കോട്ടൺ ക്ലോത് സാനിറ്ററി പാഡു നിർമ്മിക്കുന്നുണ്ട്. പരിസ്ഥിതിക്കും വനിതകളുടെ ആരോഗ്യത്തിനും നല്ലതാണെന്നും 2-3 വർഷം കഴുകി ഉപയോഗിക്കാവുന്നതാണെന്നും അറിയിച്ചിരിക്കുന്നു. സാധാരണ നാപ്കിനുകൾക്കു പകരമുള്ള ഓർഗാനിക് കോട്ടൺ ക്ലോത് സാനിറ്ററി പാഡുകളെ പരിഗണിക്കണമെന്നവാശ്യപ്പെട്ടിരിക്കുന്നു.

**4.35 <u>മൊബൈൽ വെറ്ററിനറി സർവ്വീസ്</u>**

**സർക്കാരിന്റെ 01.03.2023 ലെ DA1/93/2023/തസ്വഭവ നമ്പർ കത്തും, ഗ്രാമവികസന വകുപ്പ് കമ്മീഷണറുടെ 17.02.2023 ലെ DP5/1357/22/CRD നമ്പർ കത്തും, കേരള വെറ്ററിനേറിയൻ സർവ്വീസ് അസ്സോസിയേഷൻ പ്രസിഡന്റിന്റെ 27.07.2021 ലെ കത്തും, KGOA സംസ്ഥാന കമ്മിറ്റി ജനറൽ സെക്രട്ടറിയുടെ 20.04.2021 ലെ കത്തും (SRG 494/2023).**

**വിഷയം:-** മൊബൈൽ വെറ്ററിനറി സർവ്വീസ് തുടങ്ങുന്നതു സംബന്ധിച്ച്.

പശുക്കളേയും മറ്റു വളർത്തുമൃഗങ്ങളേയും വീട്ടിൽ ചെന്ന് ചികിത്സ ഉറപ്പാക്കുന്നതിന് സഞ്ചരിക്കുന്ന മൃഗാശുപത്രി എല്ലാ ബ്ലോക്കു തലത്തിലും ആരംഭിക്കുന്നതിനുള്ള നിർദ്ദേശമാണ് കത്തിലുള്ളത്. പനമരം ബ്ലോക്ക് പഞ്ചായത്ത് 2019 -20 മുതൽ സഞ്ചരിക്കുന്ന മൃഗാശുപത്രി എന്ന പേരിൽ ഈ സേവനത്തിനായി പ്രോജക്ട് നടപ്പാക്കുന്നുണ്ട്. ഇതേ രീതിയിൽ എല്ലാ ബ്ലോക്കടിസ്ഥാനത്തിലും സഞ്ചരിക്കുന്ന മൃഗാശുപത്രി തുടങ്ങണമെന്നും അതിനായി ഓരോ ബ്ലോക്കു പഞ്ചായത്തും ഓരോ വർഷവും 7.50 ലക്ഷം രൂപ മാറ്റിവയ്ക്കണമെന്നും ആവശ്യമെങ്കിൽ ഗ്രാമപഞ്ചായത്തുകൾ 1.00 ലക്ഷം രൂപ വീതം വകയിരുത്തണമെന്നുമാണ് ആവശ്യം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഡോക്ടർമാരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്. ബ്ലോക്ക്

പഞ്ചായത്തിലെ സീനിയർ വെറ്ററിനറി സർജന്റെ ചുമതലയിലാണ് പ്രോജക്ട് നടപ്പാക്കാൻ ലക്ഷ്യമിട്ടുന്നത്. ഇതുൾപ്പെടുത്തി മാർഗ്ഗരേഖ പരിഷ്കരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.36 <u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 10.04.2023 ലെ** DPMPM /P6-31/23-**ാം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 04.04.2023 ലെ 8(1)-ാം നമ്പർ തീരുമാനവും (SRG 645/23)**

**വിഷയം:-** പാലിനു സബ്സിഡി നൽകുന്നതു സംബന്ധിച്ച്

കഴിഞ്ഞവർഷം (2022-23) പാലിന് സബ്സിഡി നൽകുന്നതിന് ഗ്രാമപഞ്ചായത്തിനു വിഹിതം നൽകാൻ 76,21,500 രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു (വികസനഫണ്ട് - ജനറൽ പ്രോ.നം. 1075/23). എന്നാൽ 2023 മാർച്ച് ആദ്യം പ്രോജക്ട് ഭേദഗതി സമയത്ത് ഇതിന്റെ അടങ്കൽ 49,28,692 രൂപയായി കുറവു ചെയ്തു. ഇതേ സമയത്ത് 1,14,966 രൂപയുടെ ബിൽ ട്രഷറിയിൽ ഉണ്ടായിരുന്നു. ഈ ബിൽ പാസ്സാവുകയും ചെയ്തു. ഫലത്തിൽ പ്രോജക്ട അടങ്കൽ തുകയേക്കാൾ 1,14,966 രൂപ അധികമായി ചെലവഴിച്ചു. സാങ്കേതികമായി സംഭവിച്ച ഈ പിഴവ് പരിഹരിക്കുന്നതിനയി അധികമായി ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകണമെന്നാ വശ്യപ്പെട്ടിരിക്കുന്നു. ഒപ്പം വിവിധ ഗ്രാമപഞ്ചായത്തുകൾ അധികമായി 7,28,661 രൂപ കൂടി കഴിഞ്ഞവർഷത്തെ പാൽ സബ്സിഡി നൽകാനായി നൽകണമെന്ന് ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**4.37 <u>തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.03.2023 ലെ കത്തും തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.02.2023 ലെ 6(1)-ാം നമ്പർ തീരുമാനവും സർക്കാരിന്റെ 24.01.2023 ലെ 203/2023/**LSGD **നമ്പർ ഉത്തരവും (SRG 511/23 -** CC-188/2023)

**വിഷയം:-** തെരുവു നായയുടെ ആക്രമണത്തിനിരയാവർക്ക് നഷ്ടപരിഹാരതുക നൽകുന്നതു സംബന്ധിച്ച്

ജസ്റ്റിസ് (റിട്ടയർഡ്) സിരിജഗൻ കമ്മിറ്റിയുടെ 34,35,36 റിപ്പോർട്ടുകൾ 21.12.2021, 27.04.2022**,** 08.07.2022 എന്നീ തീയതികളിലായി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് തെരുവു നായ്ക്കളുടെ ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാര തുകയും 9 ശതമാനം പലിശയും ചേർത്തു നൽകണമെന്നാണ് കമ്മിറ്റിയുടെ ശുപാർശ. ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ തുക നൽകാൻ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപന ങ്ങളോട് സർക്കാർ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് നഷ്ടപരിഹാരതുക നൽകേണ്ടവരുടെ പേരു വിവരവും തുകയും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | നഷ്ടപരിഹാര തുക (രൂപ) | പലിശ (രൂപ) | ആകെ (രൂപ) |
|---|---|---|---|---|
| 1 | ശ്രീ പവിത്രൻ റ്റി.എൻ | 14,50,000 | 7,31158 | 21,81,158 |
| 2 | ശ്രീ വിജയൻ | 26,500 | 5,482 | 31,982 |
| 3 | ശ്രീ വി.കെ യശോധരൻ | 22,000 | 4,551 | 26,551 |
| | ആകെ | **14,98,500** | **7,41,191** | **22,39,691** |

ഇവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും നഷ്ടപരിഹാര തുക നൽകണം. ഗ്രാമപഞ്ചായത്തിന്റെ ദൈനം ദിന ചെലവുകൾക്ക് തനതുഫണ്ട് തികയാത്ത സാഹചര്യത്തിൽ വികസന ഫണ്ടിൽ നിന്ന് തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.38 <u>തലശ്ശേരി മുനിസിപ്പാലിറ്റി</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.03.2023 ലെ കത്ത് (SRG 604/23, CC/214/2023)**

**വിഷയം:-** **തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച്.**

| | | |
|---|---|---|
| ***പ്രോ.നം:*** **553/23** | ***അടങ്കൽ*** | ***5,50,000 രൂപ*** *(വികസനഫണ്ട് - ജനറൽ)* |
| ***പേര്*** | **തെരുവ് നായ്ക്കളുടെ ആക്രമണത്തിന് ഇരയായവർക്ക് ധനസഹായം അനുവദിക്കൽ** | |

ബഹു.ജസ്റ്റിസ്റ്റ് (റിട്ട) സിരിജഗൻ കമ്മിറ്റിയുടെ 35-ാമത് റിപ്പോർട്ട് പ്രകാരം തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ പരിക്കേറ്റ 6 പേർക്ക് നഷ്ടപരിഹാരം മുനിസിപ്പാലിറ്റിയിൽ നിന്നു നൽകണം. നഷ്ടപരിഹാര തുകയും 9 ശതമാനം പലിശയുമടക്കം ആകെ 5.50 ലക്ഷം രൂപ ഇപ്പോൾ നൽകണം. തനതുഫണ്ട് ഇല്ലാത്തതിനാൽ വികസനഫണ്ടിൽ നിന്ന് ഈ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.39 <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.02.2023 ലെ CC/102/2023-ാം നമ്പർ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 04.02.2023 ലെ** DPT/A5-2675/2022-**ാം നമ്പർ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 31.01.2023 ലെ 6(3)-ാം നമ്പർതീരുമാനവും (SRG 442/23 -** CC/**102**/23**).**

**വിഷയം:-** പാൽ സബ്സിഡി ലഭിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതു സംബന്ധിച്ച്

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് കഴിഞ്ഞവർഷം (2022-23) ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി നൽകുന്നതിന് പ്രോജക്ട് എടുത്തിരുന്നു. മാർഗ്ഗരേഖ പ്രകാരം 10,000 രൂപയിൽ കൂടുതൽ സബ്സിഡി നൽകുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നുണ്ട്. ഇതു ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നു ചൂണ്ടികാണിച്ച് ഈ നിബന്ധന ഒഴിവാക്കി റേഷൻ കാർഡിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.40 <u>നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്</u>**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.05.2023 ലെ കത്ത് (SRG 757/23 - CC/300/2023)**

**വിഷയം:-** മൃഗാശുപത്രിയോട് അനുബന്ധിച്ചുള്ള ലാബിലെ ടെക്നീഷ്യനു വേതനം നൽകുന്നതു സംബന്ധിച്ച്.

| പ്രോ.നം: 178/24 | അടങ്കൽ | 50,000 രൂപ (തനത് ഫണ്ട്) |
|---|---|---|
| പേര് | **വെറ്ററിനറി ഡിസ്പൻസിയിൽ ലാബ് ടെക്നീഷ്യന് മാസവേതനം** | |

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രിയിൽ എച്ച്.ഡി.സി യുടെ ശുപാർശയനുസരിച്ച് ലബോറട്ടറി ആരംഭിച്ചിട്ടുണ്ട്. ടെക്നീഷ്യൻ നൽകുന്ന സേവനത്തിനനുസരിച്ച് മണിക്കൂറിന് 70 രൂപ നിരക്കിൽ വേതനം നൽകുന്ന രീതിയാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പ്രതിമാസം 10,000 രൂപ കുറഞ്ഞത് വേതനം നൽകണം. ലാബിൽ നിന്നുള്ള വരുമാനം കുറവാണെന്നറിയിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിൽ നിന്നു വേതനം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.41 <u>പന്തളം ബ്ലോക്ക് പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.05.2023 ലെ കത്തും ബ്ലോക്ക് പഞ്ചായത്തു ഭരണസമിതിയുടെ 28.04.2023 1(1)-ാം നമ്പർ തീരുമാനവും (SRG 764/23 - CC/330/2023)**

**വിഷയം:-** ക്ഷീരകർഷകർക്കുള്ള പ്രോജക്റ്റ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്

| പ്രോ.നം: 96/24 | അടങ്കൽ | 12,85,200 രൂപ |
|---|---|---|
| | വികസനഫണ്ട് - ജനറൽ | 6,42,600 രൂപ |
| | ലോൺ | 6,30,000 രൂപ |
| | ഗുണഭോക്തൃ വിഹിതം | 12,600 രൂപ |
| പേര് | **സമൃദ്ധഭവനം - പന്തളം** | |

ക്ഷീരകർക്ക് ഒരു കറവപശു, 10 മുട്ടകോഴികൾ, പച്ചക്കറി തൈകൾ എന്നിവ നൽകുന്നതിനാണ് പ്രോജക്റ്റ്. ഒരു യൂണിറ്റിന് ആകെ ചെലവ് 61,200 രൂപയാണ്. 50 ശതമാനം സബ്സിഡി നൽകാനാണ് ഉദ്ദേശിക്കുന്നത്. നൂതന പ്രോജക്റ്റ് എന്ന നിലയിലാണ് പ്രോജക്റ്റ് ഏറ്റെടുത്തിരിക്കുന്നത്. ഇത് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.42 <u>പന്തളം ബ്ലോക്ക് പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.05.2023 ലെ കത്തും ബ്ലോക്ക് പഞ്ചായത്തു ഭരണസമിതിയുടെ 28.04.2023 1(1)-ാം നമ്പർ തീരുമാനവും (SRG 763/23 - CC/328/2023)**

**വിഷയം:-** ക്ഷീരകർഷകർക്കുള്ള പ്രോജക്റ്റ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്

| പ്രോ.നം: 91/24 | അടങ്കൽ | 14,68,800 രൂപ |
|---|---|---|
| | വികസനഫണ്ട് - ജനറൽ | 7,34,400 രൂപ |
| | ലോൺ | 7,20,000 രൂപ |
| | ഗുണഭോക്തൃ വിഹിതം | 14,400 രൂപ |
| പേര് | **സമൃദ്ധഭവനം - കുളനട** | |

ക്ഷീരകർഷകർക്കുവേണ്ടിയുള്ളതാണ് പ്രോജക്റ്റ്. ഒരു കറവപശു, 10 മുട്ടകോഴികൾ, പച്ചക്കറി തൈകൾ എന്നിവ ഒരുമിച്ചു നൽകുന്നതിനാണ് പ്രോജക്റ്റ്. ഒരു യൂണിറ്റിന്റെ ചെലവ് 61,200 രൂപ.

50 ശതമാനം സബ്സിഡിയോടെ നടപ്പാക്കുന്ന ഈ പ്രോജക്ട് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.43 <u>തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്</u>**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.05.2023 ലെ കത്തും വയനാട് മൃഗസംരക്ഷണ ഓഫീസറുടെ 09.05.2023 ലെ DAHO/WYD/482/23/A2 നമ്പർ കത്തും (SRG 758/23 – CC/295/2023)**

**വിഷയം:-** പന്നി ഫാം ഉടമയ്ക്ക് പന്നികളെ ഉന്മൂലനം ചെയ്തതിന് പരിഹാരമായി പ്രത്യേക സഹായമെന്ന നിലയിൽ പന്നികളെ വാങ്ങി നൽകുന്നത് സംബന്ധിച്ച്.

ആഫ്രിക്കൻ പന്നിപ്പനികാരണം ഗ്രാമപഞ്ചായത്തിലെ ശ്രീ. വിൻസന്റ് മുല്ലപ്പറമ്പിൽ എന്ന വ്യക്തിയുടെ ഫാമിലെ മുഴുവൻ പന്നികളെയും (ഏകദേശം 395) ഉന്മൂലനം ചെയ്തു. ഇയാൾക്ക് പ്രത്യേക സഹായം എന്ന നിലയിൽ 5.00 ലക്ഷം രൂപ വകയിരുത്തി ജില്ലാ ആസൂത്രണ സമിതി നിശ്ചയിക്കുന്ന യൂണിറ്റ് നിരക്കിൽ പന്നികളെ വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

ഇവയുടെ ആകെ ശരീരഭാരം 15,654 കിലോ ഗ്രാം ആയിരുന്നു. ഇവയുടെ മാർക്കറ്റ് വില 140 രൂപ/Kg ആയിരുന്നു. ഇത് പ്രകാരം ഈ വ്യക്തിക്ക് 21,91,560 രൂപയുടെ നഷ്ടമുണ്ടായി. ഉന്മൂലനം ചെയ്ത പന്നികളിൽ പകുതിയോളം കുഞ്ഞുങ്ങളായിരുന്നു. ഇവ പൂർണ്ണ വളർച്ചയെത്തിയിരുന്നെങ്കിൽ കൂടുതൽ വില ലഭിക്കുമായിരുന്നു എന്ന് വയനാട് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചിട്ടുണ്ട്. സർക്കാർ ധനസഹായമായി 19,55,400 രൂപയും ന്യൂ ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് 10,27,500 രൂപയും ലഭിച്ചു എന്നും ജില്ല മൃഗസംരക്ഷണ ഓഫീസർ അറിയിച്ചിട്ടുണ്ട്.

**4.44 <u>കേരള സാമൂഹ്യ സെക്യൂരിറ്റി മിഷൻ</u>**

**കേരള സാമൂഹ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.02.2023 ലെ KSSM/4103/2021-Pa നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022 ലെ യോഗ തീരുമാനവും അനുബന്ധരേഖകളും (SRG/621/23 – LSGD – FM2/27/2023-LSGD).**

**വിഷയം:-** കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് വിഹിതം നൽകുന്നതു സംബന്ധിച്ച്

കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (KSSM) ആരോഗ്യചികിത്സാരംഗത്ത് ധനസഹായമടക്കം വിവിധ പരിപാടികൾ നടപ്പാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് ബഡ്ജറ്റ് പ്രകാരമുള്ള തുക അപര്യാപ്തമാണ്. 2013 ലെ 1209/2013/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾക്ക് 10 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് / കോർപ്പറേഷനുകൾക്ക് 25.ലക്ഷം രൂപ എന്നീ നിരക്കിൽ ഓരോ വർഷവും KSSM ന് സംഭാവനയായി നൽകാൻ യഥേഷ്ടാനുമതി നൽകിയിരുന്നു. 2013 ലെ ഈ ഉത്തരവ് പുതുക്കി തുടർന്നും ഈ നിരക്കിൽ തന്നെ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് വിഹിതം KSSM ന്

സംഭാവനയായി നൽകുവാൻ നിർദ്ദേശം നൽകണമെന്നും KSSM എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. 10.02.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി ഈ ആവശ്യം പരിശോധിക്കുകയും താഴെ പറയുന്ന വ്യവസ്ഥയോടെ യഥേഷ്ടാനുമതി നൽകുകയും ചെയ്തു.

1) ധനസഹായം സ്വീകരിക്കുന്ന രോഗികളുള്ള നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും രോഗികളുടെ എണ്ണത്തിന്റേയും ആവശ്യത്തിന്റേയും അടിസ്ഥാനത്തിൽ KSSM ന് തുക നൽകാവുന്നതാണ്.
2) തദ്ദേശഭരണസ്ഥാപനങ്ങൾ നൽകുന്ന വിഹിതം അതത് തദ്ദേശഭരണസ്ഥാപനങ്ങളിലെ രോഗികൾക്ക് കിട്ടുന്നുണ്ട് എന്നുറപ്പുവരുത്തണം.

കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ലെ യോഗതീരുമാനം (ഖണ്ഡിക 4.13) പ്രകാരം മുകളിൽ പറഞ്ഞ രണ്ടു നിബന്ധനകളും ഒഴിവാക്കുകയും ഇതനുസരിച്ച് സർക്കാർ ഉത്തരവു നൽകുകയും ചെയ്തു.

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16.08.2022 ൽ കൂടിയ വികെയർ പദ്ധതി / റെയർ ഡിസീസ് അവലോകന യോഗത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ വികെയർ പദ്ധതിക്ക് നൽകി വന്നിരുന്ന ധനസഹായം പുനഃസ്ഥാപിക്കണമെന്ന് തീരുമാനിച്ചതായും ഈ തീരുമാനം നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയതായും KSSM എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഇതനുസരിച്ച് 06.05.2013 ലെ 1209/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള തുക KSSM ന് നൽകാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.45 <u>മടിക്കൈ ഗ്രാമപഞ്ചായത്ത്</u>**

**<u>മടിക്കൈ ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 06.01.2023 ലെ കത്ത്</u> (SRG/475/2023)**

**വിഷയം:-** ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന്റെ കുടിശ്ശിക നൽകുന്നതു സംബന്ധിച്ച്.

ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 2021-22 വർഷം പ്രോജക്ട് എടുത്തിരുന്നു. ഇതിനായി 91,400 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ചിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനായ ICDS സൂപ്പർവൈസർക്ക് തിരക്കുണ്ടായിരുന്നതിനാൽ യഥാസമയം ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ചില്ല. അതിനാൽ ഈ തുക സർക്കാർ തിരികെയെടുത്തു. ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട തുക നൽകാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ഈ തുക സർക്കാരിൽ നിന്നു പ്രത്യേകമായി അനുവദിക്കുകയോ ഗ്രാമപഞ്ചായത്തിൽ നിന്നു തുക നൽകുന്നതിന് അനുമതി നൽകുകയോ ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.46 <u>ഉദുമ ഗ്രാമപഞ്ചായത്ത്</u>**

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.02.2023-ലെ കത്ത് (SRG 378/23 CC - 2/23)**

**വിഷയം:-** ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം നൽകുന്നത് സംബന്ധിച്ച്

കഴിഞ്ഞ വർഷം ഭിന്നശേഷി വിഭാഗക്കാർക്ക് മുച്ചക്ര വാഹനം നൽകുന്നതിന് 6,82,500 രൂപ വകയിരുത്തി (വികസനഫണ്ട് ജനറൽ) പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. 2021-22 വർഷം മുച്ചക്ര വാഹനം നൽകാനായി 12 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുകയും 6 പേർക്ക് മുച്ചക്ര വാഹനം വാങ്ങി നൽകുകയും ചെയ്തിരുന്നു. മാർഗരേഖ പ്രകാരം ഈ പ്രോജക്റ്റ് നടപ്പാക്കാവുന്നത് ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്. എന്നാൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തോ കാസർഗോഡ് ജില്ലാ പഞ്ചായത്തോ 2022-23-ൽ ഇതിനായി പ്രോജക്റ്റ് തയ്യാറാക്കിയിരുന്നില്ല. അതിനാൽ ഗ്രാമപഞ്ചായത്ത് കെൽട്രോണിൽ നിന്ന് ഇൻവോയ്സ് വാങ്ങി പർച്ചേസ് ഓർഡർ നൽകി. ഈ പ്രോജക്റ്റ് നപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.47 <u>ഭിന്നശേഷി വിഭാഗക്കാർക്ക് സ്കോളർഷിപ്പ്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.03.2023 ലെ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന ഭിന്നശേഷി വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുടെ കത്തുകളും (SRG 572/23)**

**വിഷയം:-** മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് വർഷം മുഴുവൻ നൽകണമെന്നതു സംബന്ധിച്ച്

ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഒരു വർഷം ലഭിക്കാവുന്ന പരമാവധി തുക 28,500 രൂപയാണ്. ഇതിൽ ഡേ സ്കോളർമാർക്ക് യാത്രാ ബത്തയായി പ്രതിമാസം 1000 രൂപ നൽകുന്നതും ഉൾപ്പെടും. ഭിന്നശേഷി വിഭാഗത്തിലെ ചില വിദ്യാർത്ഥികൾ സ്പെഷ്യൽ സ്കൂളിലും ചിലർ സാധാരണ സ്കൂളിലുമാണ് പഠിക്കുന്നത്. സ്പെഷ്യൽ സ്കൂളുകൾ വർഷം മുഴുവൻ പ്രവർത്തിക്കുന്നു. എന്നാൽ സാധാരണ സ്കൂളുകളിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ ക്ലാസ്സില്ല. അതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാധാരണ സ്കൂളിലെ വിദ്യാർത്ഥികൾക്ക് രണ്ടു മാസത്തെ യാത്രാബത്ത ഇനത്തിലുള്ള തുക കുറവു ചെയ്യുന്നു. ഇങ്ങനെ കുറവു ചെയ്യാതെ 12 മാസത്തേയും തുക നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം ചില വിദ്യാർത്ഥികൾക്ക് മാർഗ്ഗരേഖ പ്രകാരമുള്ള മുഴുവൻ തുകയും ലഭിക്കുന്നില്ലന്ന് (കഴിഞ്ഞ വർഷം 18,000 രൂപയേ നൽകിയുള്ളു. ബാക്കിതുക നൽകിയിട്ടില്ല) ജില്ലാ പ്ലാനിംഗ് ഓഫീസറുടെ കത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന ശ്രീമതി റംലത്ത് എന്ന രക്ഷകർത്താവിന്റെ പരാതിയിൽ അറിയിച്ചിരിക്കുന്നു. മുഴുവൻ തുകയും നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.48 <u>കുട്ടിക്കൽ ഗ്രാമപഞ്ചായത്ത്</u>**

**MGNREGS മിഷൻ ഡയറക്ടറുടെ 28.01.2023 ലെ NREGA/190/2021-B1 നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.2023 ലെ (ഖണ്ഡിക 4.42) തീരുമാനവും (SRG 489/23 - LSGD - DB3/52/2023/LSGD)**

**വിഷയം:-** കുട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതു സംബന്ധിച്ച്.

MGNREGS വിഹിതവും (തൊഴിൽ ദിനവും സാധന സാമഗ്രികളും) സർക്കാർ വിഹിതവും ഗ്രാമപഞ്ചായത്തു വിഹിതവും ഉപയോഗിച്ച് (**MGNREGS** വിഹിതം 5.00 ലക്ഷം രൂപ, സർക്കാർ വിഹിതം 3.00 ലക്ഷം രൂപ, നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് 7.00ലക്ഷം രൂപ) അങ്കണവാടികെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞവർഷം പ്രോജക്റ്റ് ഏറ്റെടുത്തിരുന്നു. ഈ തുക **MGNREGS** ഡയറക്ടർക്ക് ഡിപ്പോസിറ്റ് ചെയ്ത് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു.

ഗ്രാമപഞ്ചായത്തിൽ 2021 ലെ ഉരുൾപൊട്ടലിൽ വലിയ നാശനഷ്ടമുണ്ടായ സാഹചര്യം കൂടി പരിഗണിച്ച് 7.00 ലക്ഷം രൂപ (നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്) ഉപയോഗിക്കാൻ 09.01.23 ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകി. എന്നാൽ തുക MGNREGS ന് ഡിപ്പോസിറ്റ് ചെയ്യുന്നതിനു പകരം MGNREGS വിഹിതം കൂടി ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം മുഖേന നേരിട്ട് നിർമ്മാണം നടത്താനാണ് അനുമതി നൽകിയത്.

എന്നാൽ തൊഴിലുറപ്പ് പദ്ധതി പൂർണ്ണമായും **MIS** അധിഷ്ഠിതമായതിനാൽ ഗ്രാമപഞ്ചായത്തിന്റെ വിഹിതം കേന്ദ്ര സർക്കാരിന്റെ NREG Software മുഖാന്തിരം ട്രാൻസ്ഫർ ചെയ്ത് നൽകിയാൽ മാത്രമേ പ്രവൃത്തി നടപ്പാക്കാൻ കഴിയൂ എന്ന് MGNREGS മിഷൻ ഡയറക്ടർ അറിയിച്ചിരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഫണ്ടുൾപ്പെടുന്നതിനാൽ NREG Software മുഖേന മാത്രമെ തൊഴിലുറപ്പ് വിഹിതവും ഐ.സി.ഡി.എസ് വിഹിതവും ചെലവഴിക്കാൻ കഴിയൂ. അതിനാൽ 09.01.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഭേദഗതി ചെയ്ത് ഗ്രാമപഞ്ചായത്ത് വിഹിതം തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ പേരിലുള്ള റ്റി.എസ്.പി അക്കൗണ്ടിലേക്ക് നൽകണമെന്നും ഗ്രാമപഞ്ചായത്തിന്റെ ആവശ്യാനുസരണം കേന്ദ്രസർക്കാരിന്റെ NREG software മുഖേന തുക ചെലവഴിക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

4.49 **<u>മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.04.2023, 25.04.2023 എന്നീ തീയതികളിലെ കത്തുകളും മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 12.04.2023 കത്തും (SRG 676/23 – CC /267/2023).**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 76/24* | *അടങ്കൽ* | *18,00,000 രൂപ (എസ്.സി.പി)* |
| *പേര്* | **പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്** | |

പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിൽ നിന്നു നേരിട്ട് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.50 **<u>വേളം ഗ്രാമപഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.04.2023 ലെ കത്തും വേളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.03.2023 ലെ 4(1)-ാം നമ്പർ തീരുമാനവും (SRG 660/23 – CC/268/23)**

**വിഷയം:-** വേളം ഗ്രാമപഞ്ചായത്തിലെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിനു വാഹനം വാങ്ങുന്നത് സംബന്ധിച്ച്.

വേളം ഗ്രാമപഞ്ചായത്തിലെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിൽ **(BRC)** 35 ഭിന്നശേഷി വിഭാഗക്കാരുണ്ട്. ഇവർക്ക് വാഹന സൗകര്യമൊരുക്കുന്നതിന് **MPLAD** യിൽ നിന്ന് 11.00 ലക്ഷം രൂപ 23.04.2022 ൽ അനുവദിച്ചുകൊണ്ടു ഉത്തരവായി. പിന്നീട് **BRC** ക്ക് വാഹനം നൽകാവുന്നതല്ല എന്ന് ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്ന് വാക്കാൽ അറിയിച്ചു. വാഹനത്തിന് 13.00 ലക്ഷം രൂപയാകും. ബാക്കി തുക ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും

വകയിരുത്താനാണ് ഉദ്ദേശിച്ചിരുന്നത്. **MPLAD** വിഹിതം ലഭിക്കും എന്ന ധാരണയാൽ **Gem Portal** വഴി വാഹനത്തിന് രജിസ്റ്റർ ചെയ്യുകയും 25.07.2022 ൽ വാഹനം ഗ്രാമപഞ്ചായത്തിനു ലഭ്യമാവുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്ന് വാഹനത്തിന്റെ വില നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.51 <u>Kerala Federation of the Blind</u>**

**Kerala Federation of the Blind ജനറൽ സെക്രട്ടറിയുടെ 20.01.2023 ലെ 558/2022-23-ാം നമ്പർ കത്ത് (SRG 265/23** - CC/**265**/23)

**വിഷയം:-** കാഴ്ച വൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ നൽകുന്നതു സംബന്ധിച്ച്.

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം കാഴ്ചശക്തി കുറഞ്ഞവർക്ക് ആനുകൂല്യം നൽകുന്ന ഖണ്ഡികയിൽ (ഖണ്ഡിക 7.1.2 (ഡി) കാഴ്ചശക്തി കുറഞ്ഞവർ എന്നാണ് രേഖപ്പെടുത്തിയിരുന്നത്. അതിനാൽ പൂർണ്ണമായും കാഴ്ചശക്തിയില്ലാത്തവർക്ക് ആനുകൂല്യം നൽകാൻ കഴിയുന്നില്ല. പൂർണ്ണമായും കാഴ്ചയില്ലാത്തവർക്ക് വാച്ച്, കമ്പ്യൂട്ടർ/ലാപ് ടോപ് , മൊബൈൽ ഫോൺ തുടങ്ങിയവ ഉപയോഗിക്കാൻ കഴിയും. അതിനാൽ മുകളിൽ പ്രതിപാദിച്ച ഖണ്ഡികയിൽ കാഴ്ച കുറഞ്ഞവർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് **"**പൂർണ്ണമായും കാഴ്ച ഇല്ലാത്തവർ ഉൾപ്പടെയുള്ള കാഴ്ച വൈകല്യമുള്ളവർ**"** എന്നു ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.52 <u>ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത്</u>**

**ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 02.05.2023 ലെ BPA GD/175/2023 - സി നമ്പർ കത്തും ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.04.2023 ലെ 5(1)-ാം നമ്പർ തീരുമാനവും (SRG 796/23** )

**വിഷയം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്കോളർഷിപ്പ് നൽകുന്നതു സംബന്ധിച്ച്.

പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പ്രോജക്റ്റ് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് ഏറ്റെടുക്കാവുന്നത്. ഈ പ്രോജക്റ്റ് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.53 <u>ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി വിഷ്വലി ഇംപേയർഡ്</u>**

**ബഹു. ഷൊർണ്ണൂർ എം.എൽ.എയുടെ 04.05.2023 ലെ കത്തും ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി വിഷ്വലി ഇംപേയർഡ് ജനറൽ സെക്രട്ടറിയുടെ 22.04.2023 ലെ കത്തും (SRG 857/23)**

**വിഷയം:-** ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി വിഷ്വലി ഇംപയേർഡ് സ്ഥാപനത്തിൽ നിന്നും പേപ്പർ ഫയൽ ബോർഡ് വാങ്ങുന്നതു സംബന്ധിച്ച്.

പാലക്കാട് ഉള്ള ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി വിഷ്വലി ഇംപയേർഡ് എന്ന സ്ഥാപനത്തിന്റെ കീഴിൽ പ്ലേയ്സ്മെന്റ് ആന്റ് റിഹാബിലിറ്റേഷൻ എന്ന പേരിൽ തൊഴിൽ നൽകുന്നതിന് ഒരു പ്രോജക്ട് ഉണ്ട്. ഇതിന്റെ ഭാഗമായി ഈ യൂണിറ്റ് പേപ്പർ ഫയൽ ബോർഡു നിർമ്മിക്കുന്നുണ്ട്. ഇതു വഴി 40 പേർക്ക് തൊഴിൽ ലഭിക്കുന്നു. സർക്കാർ വകുപ്പുകൾ ഇ-ഫയലിലേക്ക് മാറിയതോടെ പേപ്പർ ഫയലിന്റെ ഉപയോഗം കുറഞ്ഞു എന്നത് ഈ സ്ഥാപനത്തിന് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. സ്റ്റേഷനറി വകുപ്പ് ഈ സ്ഥാപനത്തിൽ നിന്നു ഫയൽബോർഡ് വാങ്ങുന്നുണ്ട്. പാലക്കാട്, തൃശ്ശൂർ, മലപ്പുറം തുടങ്ങിയ ജില്ലകളിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആവശ്യമുള്ള ഫയൽബോർഡുകൾ ഈ സ്ഥാപനത്തിൽ നിന്നു വാങ്ങുവാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു

**4.54 <u>ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്</u>**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.05.2023 ലെ കത്തും ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.04.2023 ലെ 11(1)-ാം നമ്പർ തീരുമാനവും (SRG 774/23 - CC/326/2023)**

**വിഷയം:-** കാഷ്യൂ ഫാക്ടറിയിൽ ടോയിലറ്റ് നിർമ്മിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 91/23*** | ***അടങ്കൽ*** | ***10,00,000/- രൂപ (സി.എഫ്.സി ടൈഡ് ഗ്രാന്റ്)*** |
| ***പേര്*** | **കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കോട്ടപ്പുറം കാഷ്യൂ ഫാക്ടറിയിൽ ടോയിലറ്റ് കോംപ്ലക്സ്.** | |

ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കോട്ടപ്പുറം കാഷ്യൂ ഫാക്ടറിയിൽ 340 വനിതാ തൊഴിലാളികൾ ജോലി ചെയ്യുന്നു. നിലവിലെ ടോയിലറ്റ് മോശം അവസ്ഥയിലാണ്. ഇവിടെ പുതിയ ടോയിലറ്റ് നിർമ്മിച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.55 <u>കോടശ്ശേരി ഗ്രാമപഞ്ചായത്ത്</u>**

**ബഹു. ചാലക്കുടി എം.എൽ.എയുടെ 01.02.2023 ലെ കത്തും കോടശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.01.2023 ലെ A4-04/22-ാം നമ്പർ കത്തും (SRG/431/23).**

**വിഷയം:-** ലൈഫ് ലിസ്റ്റിലുള്ളവർക്ക് വീടു നിർമ്മാണത്തിന് വായ്പ തുക ലഭ്യമാക്കണമെന്നതു സംബന്ധിച്ച്.

കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ 368 പേരാണ് ലൈഫ് മിഷന്റെ ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ ഉള്ളത്. പൊതു വിഭാഗം 247, പട്ടികജാതി വിഭാഗം 101, പട്ടികവർഗ്ഗ വിഭാഗം 20. എന്നാൽ ലൈഫ് മിഷനിൽ നിന്നുള്ള കത്തു പ്രകാരം 52 പേർക്കുള്ള വായ്പയാണ് അനുവദിച്ചിരിക്കുന്നത്. എല്ലാവർക്കും വീടു നിർമ്മാണത്തിനുള്ള വായ്പ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

### 4.56 അഴീക്കോട് ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.03.2023 ലെ കത്തും അനുബന്ധ രേഖകളും (SRG 596/23 – CC/244/2023)**

**വിഷയം:-** ട്രാൻസ് ജെന്റർ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന് വീടു നൽകുന്നതു സംബന്ധിച്ച്

അഴീക്കോട് ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ താമസിക്കുന്ന ട്രാൻസ്ജന്റർ വിഭാഗത്തിൽപ്പെട്ട മനീഷ്. സി.വി, ചോയിച്ചി വീട് എന്ന ആൾ ലൈഫ് ഭവന പദ്ധതിയ്ക്ക് അപേക്ഷിച്ചിരുന്നില്ല. എന്നാൽ ട്രാൻസ് ജെന്റർ വിഭാഗത്തിൽപ്പെട്ട വ്യക്തി ആയതിനാൽ സ്ഥലം വാങ്ങി വീടു നിർമ്മിച്ചു നൽകാൻ പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.57 തൃത്താല ബ്ലോക്ക് പഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.02.2022 ലെ കത്തും തൃത്താല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 23.02.2023 ലെ HA 238/2022-ാം നമ്പർ കത്തും (SRG 440/23 – CC/162/2023)**

**വിഷയം:-** ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക ഭവന പദ്ധതിയുടെ ലോൺ തിരിച്ചടവിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തൃത്താല ബ്ലോക്കിന് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭിച്ച തുക രണ്ടു ബാങ്ക് അക്കൗണ്ടുകളിലായി ചെലവഴിക്കപ്പെടാതെ കിടപ്പുണ്ട്.

| **ക്രമ നമ്പർ** | **ബാങ്കിന്റെ പേര്** | **പദ്ധതിയുടെ പേര്** | **ബാലൻസ് തുക (As on 31.01.23)** |
|---|---|---|---|
| 1 | KGB Koottanad | SGRY Million well Scheme, CRSP | 57,50,236 രൂപ |
| 2 | KGB, Peringode | IAY - State -share interest | 2,02,514 രൂപ |

തൃത്താല ബ്ലോക്ക് പഞ്ചായത്ത് IAY പദ്ധതിക്കായി തൃത്താല സർവ്വീസ് സഹകരണ ബാങ്കിൽ നിന്നെടുത്ത വായ്പയിൽ 2.12 കോടി രൂപ തിരിച്ചടയ്ക്കാനായി ബാക്കിയുണ്ട്. മുകളിൽ പറഞ്ഞ ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക ഈ ലോണിന്റെ തിരിച്ചടവിനായി ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.58 മുണ്ടേരി ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2023 ലെ കത്തും മുണ്ടേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 17.02.2023 ലെ കത്തും (SRG 447/23 – CC/145/2023)**

**വിഷയം:-** അതിദരിദ്രരുടെ പട്ടികയിൽപ്പെട്ടവർക്ക് ഭവനം നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്

മുണ്ടേരി ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിലെ ചോറൽ ഹൗസിൽ പത്മിനി സി. എന്ന വ്യക്തി ലൈഫ് ഭവനപദ്ധതി പ്രകാരം ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിലും പാർപ്പിടം ആവശ്യമുള്ള അതിദരിദ്രരുടെ പട്ടികയിലും ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തിയെ ഭർത്താവ് ഉപേക്ഷിച്ചതാണ്. ഇവർ കുടുംബനാഥയായുള്ള റേഷൻ കാർഡിൽ ഉൾപ്പട്ട സഹോദരിമാർക്ക് വാസയോഗ്യമായ വീടുണ്ട് എന്നതിനാൽ ലൈഫ് മാനദണ്ഡപ്രകാരം വീടു നൽകാൻ

തടസ്സമുണ്ട്. അതിനാൽ ഇവർക്ക് വീട് നിർമ്മിച്ചു നൽകാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.59 <u>രായമംഗലം ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.03.2023, 07.03.2023 എന്നീ തീയതികളിലെ കത്തുകൾ (SRG 516/23 – CC–99/2023)**

**വിഷയം:–** ഭൂരഹിത ഭവനരഹിതരുടെ ലൈഫ് ലിസ്റ്റിൽ ഉള്ള ഗുണഭോക്താക്കൾക്ക് വീടു നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്

രായമംഗലം ഗ്രാമപഞ്ചായത്തിലെ ശ്രീമതി. ലതികകുമാരി നാട്ടുകാണി, ശ്രീ സുനിൽകുമാർ അമ്പലത്തിങ്കൽ എന്നിവർക്ക് ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ വഴി വീടിനു ഭൂമി ലഭിച്ചു. ഇവരിൽ ശ്രീമതി ലതികകുമാരി സഹോദരന്റെ കുടുംബ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ട്. സഹോദരന്റെ കൂടെയാണ് താമസിക്കുന്നത്. മാറി താമസിക്കുന്നതിനാണ് പുതിയ വീടിന് അപേക്ഷ നൽകിയത്. ശ്രീ. സുനിൽകുമാർ മാതാവിന്റെ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്നു. ഇപ്പോൾ റേഷൻ കാർഡിൽ നിന്ന് പേരൊഴിവാക്കി കുടുംബമായി വാടക വീട്ടിൽ താമസിക്കുന്നു.

ഈ ഗുണഭോക്താക്കൾക്ക് വീടു നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.60 <u>പനത്തടി ഗ്രാമപഞ്ചായത്ത്</u>**

**പനത്തടി ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 14.03.2023, 03.05.2023 എന്നീ തീയതികളിലെ കത്തുകൾ (SRG 541/23)**

**വിഷയം:–** ലൈഫ് ഭവന പദ്ധതി – ഹഡ്കോ വായ്പ തിരിച്ചടവ് സംബന്ധിച്ച്.

പനത്തടി ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതിക്കായി 2018–19 മുതൽ 2022–23 വരെ ഹഡ്കോയിൽ നിന്ന് വായ്പ എടുത്തതിന്റെയും തിരിച്ചടവിന്റേയും വിശദാംശം താഴെ പറയും പ്രകാരമാണ്.

| വർഷം | ലോൺതുക | തിരിച്ചടച്ച തുക |
|---|---:|---:|
| 2018– 2019 | 1,91,00,000 | |
| 2019–2020 | 1,50,80,000 | 28,23,528 |
| 2020–2021 | 9,90,000 | 27,79,138 |
| 2021–2022 | 7,00,000 | 37,25,333 |
| 2022–2023 | 2,19,70,000 | 1,23,30,106 |
| ആകെ | 5,78,40,000 | 2,16,58,105 |

2022–23 വർഷം വികസനഫണ്ട് ജനറൽ, എസ്.സി.പി, റ്റി.എസ്.പിയിൽ നിന്ന് കുറവു ചെയ്തത് താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| ജനറൽ വിഭാഗം | – | 32,70,194 |
| എസ്.സി.പി | – | 2,23,912 |
| ടി.എസ്.പി | – | 88,36,000 |
| **ആകെ** | **–** | **1,23,30,106** |

ലൈഫ് നിർവ്വഹണത്തിന്റെ 3 ഘട്ടങ്ങളിലായി ഗ്രാമപഞ്ചായത്ത് 1215 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു. ഇതിൽ 383 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2017 ലെ **SC/ST**അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട 654 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണമാണ് നിലവിൽ നടന്നു വരുന്നത്. 2020-ലെ ലൈഫ് ലിസ്റ്റിലുള്ള 357 ഗുണഭോക്താക്കൾക്കു കൂടി ഇനിയും വീടു നിർമ്മിച്ചു നൽകേണ്ടതുണ്ട്. ഇതിൽ 334 ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് ലോണിന് അപേക്ഷ നൽകിയത്. വലിയ ലോൺ തുക തിരിച്ചടവായി വരുന്നത് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തേയും വികസന പ്രവർത്തനങ്ങളേയും ബാധിക്കുന്നു എന്നറിയിച്ചിരിക്കുന്നു.

ലൈഫ് പദ്ധതി ഗുണഭോക്താക്കളുടെ എണ്ണത്തിലെ ആധിക്യം മൂലം പഞ്ചായത്തിന് ഫണ്ട് കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ പ്രത്യേകമായി ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

**4.61 <u>പരപ്പനങ്ങാടി മുനിസിപ്പാലിറ്റി</u>**

**മലപ്പുറം ജില്ല പ്ലാനിംഗ് ഓഫീസറുടെ 06.03.2023 ലെ <u>കത്തും</u> പരപ്പനങ്ങാടി നഗരസഭാ സെക്രട്ടറിയുടെ 17.02.2023 ലെ** H1/13381/21-ാം **നമ്പർ <u>കത്തും</u> (SRG 508/23 - CC**/147/**2023**)

**വിഷയം:-** വീട് അറ്റകുറ്റപ്പണി നടത്തിയതിന്റെ ബാക്കി തുക നൽകുന്നതു സംബന്ധിച്ച്.

പരപ്പനങ്ങാടി നഗരസഭ 2020-21 വർഷം ശ്രീ വേലായുധൻ കുന്നത്ത്, ശ്രീ ശങ്കരൻ ചിറതിണ്ടത്ത് എന്നിവർക്ക് വീട് വാസയോഗ്യമാക്കുന്നതിന് ആദ്യ ഗഡുവായി 50,000 രൂപ വീതം അനുവദിച്ചിരുന്നു. 2021-22 വർഷം ഈ പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നെങ്കിലും ഗുണഭോക്താക്കൾ രണ്ടാം ഗഡുവിന് അപേക്ഷ നൽകിയില്ല. 2022-23 വർഷം അപേക്ഷ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് അവസാന ഗഡുവായ 50,000 രൂപ ഇവർക്ക് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.62 <u>മടിക്കൈ ഗ്രാമപഞ്ചായത്ത്</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.03.2023 ലെ <u>കത്തും</u> മടിക്കൈ ഗ്രാമപഞ്ചായത്ത് ഭരണസമതിയുടെ 21.12.2022 ലെ 23(1)-ാം നമ്പർ തീരുമാനവും (SRG 525/23 - CC**/172/**2023)**

**വിഷയം:-** അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് വീടു നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്.

താഴെ പറയുന്ന രണ്ടു പേർ അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടവരാണ്.

1) ശ്രീമതി ശാന്ത, തൊട്ടിനാട് **EPID No. 16787**
2) ശ്രീമതി ശോഭ കെ, വളപ്പിൽ **EPID No. 13735**

സർവ്വേ നടത്തിയപ്പോൾ ഇവരുടെ ഭവനങ്ങൾ പുനരുദ്ധാരണം നടത്തണമെന്ന് കണ്ടെത്തിയിരുന്നു. എന്നാൽ ഇവരുടെ വീടുകൾ അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ സാധിക്കാത്തവിധം ജീർണ്ണിച്ചതാണെന്ന് ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഈ കുടുംബങ്ങളെ ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി വീടു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.63 <u>**പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്**</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.03.2023 ലെ കത്തും അനുബന്ധ രേഖകളും (SRG 524/23 - CC/181/2023)**

**വിഷയം:-** PMAY ലിസ്റ്റിലുള്ളവർക്ക് വീട്ടു നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്

പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിലെ ശ്രീമതി കുഞ്ഞുമ്മു W/o മുഹമ്മദാലി പുത്തൻ വീട്ടിൽ എന്ന വ്യക്തി PMAY ആവാസ് പ്ലസ് ലിസ്റ്റിൽ മൈനോറിറ്റി വിഭാഗത്തിൽ ഒന്നാം സ്ഥാനക്കാരിയും മറ്റു കാറ്റഗറിയിൽ നാലാം സ്ഥാനക്കാരിയും ആയിരുന്നു. PMAY ആവാസ് പ്ലസ് പ്രകാരം എടപ്പാൾ ഗ്രാമപഞ്ചായത്തിൽ ജനറൽ വിഭാഗത്തിൽപ്പെട്ട അഞ്ചുപേരെ ധനസഹായം നൽകാൻ തെരഞ്ഞെടുത്തു. അതനുസരിച്ച് ശ്രീമതി കുഞ്ഞമ്മു പുതിയ വീട്ടു നിർമ്മിക്കാനായി നിലവിലെ വീട്ടു പൊളിച്ചു മാറ്റി. എന്നാൽ സർക്കാരിൽ നിന്ന് പിന്നീട്ടു വന്ന നിർദ്ദേശ പ്രകാരം മൈനോറിറ്റി വിഭാഗത്തിലുള്ളവർക്ക് ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ടാർജറ്റിൽ നിന്നും ധനസഹായം നൽകാനാവില്ല. അതിനാൽ ഇവരെ ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകാൻ കഴിയില്ല. എടപ്പാൾ ഗ്രമപഞ്ചായത്തിൽ മൈനോറിറ്റി കാറ്റഗറിയിൽ ടാർജറ്റ് ഇല്ല. ഇവർ ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷിച്ചിരുന്നു. എന്നാൽ **PMAY** ലിസ്റ്റിലുള്ളതിനാൽ ലൈഫ് ഭവനപദ്ധതിയിൽ പരിഗണിച്ചില്ല. ഈ വ്യക്തി ബഹു. ഓംബുഡ്സ്മാന് പരാതി നൽകി. PMAY (ജി) പദ്ധതിയിൽ ഭൗതിക ലക്ഷ്യം ലഭ്യമാകുന്ന മുറയ്ക്ക് പ്രഥമ പരിഗണന പരാതിക്കാരിക്ക് നൽകണമെന്നും അതോടൊപ്പം സർക്കാരിന്റെ മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഈ വ്യക്തിക്ക് കാലതാമസം കൂടാതെ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും 25.02.2023 ലെ **OP03/PMAYG/2022-23-ാം** നമ്പർ പ്രകാരം ബഹു. ഓംബുഡ്സ്മാൻ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റേയോ ഇടപ്പാൾ ഗ്രാമപഞ്ചായത്തിന്റെയോ ഫണ്ടുപയോഗിച്ച് ലൈഫ് ഭവന പദ്ധതി പ്രകാരം വീട്ടു നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.64 <u>**പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്**</u>

**പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07.02.2023 ലെ** B-2730/21-**ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 309/23, 341/23 - CC/**77/2023**)**

**വിഷയം:- പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്**

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ വിളയൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി ശൈലജ പി.റ്റി, കോട്ടപ്പുറത്ത് വീട് എന്ന വ്യക്തി 2008-09 വർഷം **IAY** പദ്ധതിയിലെ ഗുണഭോക്താവായിരുന്നു. അന്നത്തെ ധനസഹായനിരക്കായ 75,000 രൂപയിൽ 30,000 രൂപ നൽകി. വീട്ടു പൂർത്തീകരിക്കാത്തതിനാൽ ബാക്കി തുക നൽകിയില്ല. ലൈഫ് ഫേസ് ഒന്നിൽ (2016-17) പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരിക്കുന്നതിനുള്ള ഗുണഭോക്തൃ പട്ടികയിൽ ഈ വ്യക്തിയെ തെരഞ്ഞെടുക്കുകയും 3,53,333 രൂപ നൽകാൻ തീരുമാനിക്കുകയും ചെയ്തു. ഇതിൽ നിന്ന് 2.25 ലക്ഷം രൂപ നൽകി. 2008-09 ൽ നൽകിയ വിഹിതവും ചേർത്ത് ആകെ 2.55 ലക്ഷം രൂപ ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. എന്നാൽ മേൽക്കൂരവരെയുള്ള പ്രവൃത്തിയേ

പൂർത്തിയായുള്ളൂ. ഗ്രാമപഞ്ചായത്ത് നൽകാനായി തീരുമാനമെടുത്ത 3,53,333 രൂപയുടെ ബാക്കി തുകയായ 1,28,333 രൂപ കൂടി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. മുൻകാലങ്ങളിൽ **IAY** ഭവനപദ്ധതിയ്ക്ക് ലഭിച്ച തുകയിൽ ബ്ലോക്കു പഞ്ചായത്തിന്റെ കൈവശം ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയാണ് ഇതിനായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത്.

**4.65 <u>തിരുവില്ല്വാമല ഗ്രാമപഞ്ചായത്ത്</u>**
**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.02.2023 ലെ കത്ത് (SRG 444/23 – CC/115/2023)**

**വിഷയം:-** **ഭവനനിർമ്മാണത്തിന് ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്**

തിരുവില്ല്വാമല ഗ്രാമപഞ്ചായത്തിലെ ശ്രീമതി ലളിത കെ.റ്റി, ഋഷിക്കാവിൽ എന്നയാൾ ഭൂരഹിത ഭവനരഹിതരുടെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവർ 22.05.2022 ൽ നാലുസെന്റ് സ്ഥലം വാങ്ങി. അതിനാൽ ഭൂമിയുള്ള ഭവന രഹിതരുടെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവനം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.66 <u>റാന്നി ബ്ലോക്ക് പഞ്ചായത്ത്</u>**
**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.02.2023 ലെ കത്തും റാന്നി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 23.01.2023 ലെ 3(6)-ാം നമ്പർ തീരുമാനവും (SRG 364/23, CC/105/2023)**

**വിഷയം:-** **PMAY (ഗ്രാമീൺ) പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 6.00 ലക്ഷം രൂപ ധനസഹായം നൽകുന്നതു സംബന്ധിച്ച്.**

ത്രിതല പഞ്ചായത്തുകളുടെ പങ്കാളിത്തത്തോടെ PMAY(G) പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ധനസഹായം നൽകുന്നുണ്ട്. നിലവിൽ കേന്ദ്ര വിഹിതം കൂടി ചേർത്ത് 4.00 ലക്ഷം രൂപയാണ് നൽകാവുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തുകൾ ലൈഫ് ഭവനപദ്ധതി പ്രകാരം പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വീടു നിർമ്മിക്കുന്ന പ്രദേശം കൂടി പരിഗണിച്ച് 6.00 ലക്ഷം രൂപ നൽകുന്നുണ്ട്. എന്നാൽ PMAY(G) പ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 4.00 ലക്ഷം രൂപയാണ് യൂണിറ്റ് നിരക്ക്. PMAY(ഗ്രാമീൺ**)** പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീടു നിർമ്മിച്ചു നൽകുമ്പോൾ 6.00 ലക്ഷം രൂപ വീതം ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.67 <u>മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്</u>**
**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.04.2023 ലെ കത്തും അനുബന്ധ രേഖകളും (SRG** 617/**23** – CC /260**).**

**വിഷയം:-** അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് വീടു നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്.

താഴെപറയുന്ന രണ്ടുപേർ അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടവരാണ്.

1) ശ്രീ. ഷാജി വാചാലി, വാർഡ് 5
2) ശ്രീമതി. സുനന്ദ എ.വി. വാർഡ് 2

ഇവർ വാസയോഗ്യമല്ലാത്ത വീടുള്ളവരാണ്. ഈ വീടുകൾ വാസയോഗ്യമാക്കാനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവരുടെ വീടു മൺകട്ട കൊണ്ട്

നിർമ്മിച്ചതാണെന്നും ഇവ വാസയോഗ്യമാക്കാൻ കഴിയാത്ത അവസ്ഥയിലാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. അതിനാൽ അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇവരെ ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ വീട്ടു നിർമ്മിച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.68 <u>ചുനക്കര ഗ്രാമപഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.04.2023 ലെ കത്ത് (SRG 642/23 - CC /262/23).**

**വിഷയം:-** ലൈഫ് ഭവനപദ്ധതി പ്രകാരം വീടുനിർമ്മിക്കുന്നതു സംബന്ധിച്ച്.

ചുനക്കര ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന ലിസ്റ്റിൽ ശ്രീ. നവാസ് പൊടിയൻ, കാമറ വടക്കേതിൽ എന്ന ആൾ ക്രമ നമ്പർ 263 ആയി ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തിയുടെ ഭാര്യ ക്യാൻസർ രോഗിയും കഴിഞ്ഞ രണ്ടു വർഷമായി തിരുവനന്തപുരം ആർ.സി.സി യിൽ ചികിത്സയിലുമാണ്. മുൻഗണനാ പട്ടിക തയ്യാറാക്കിയപ്പോൾ ഈ ക്ലേശഘടകം ഉൾപ്പെടുത്താത്തതിനാലാണ് പട്ടികയിൽ പിന്നിലായതെന്ന് അറിയിച്ചിരുന്നു. അതിനാൻ ക്രമ നമ്പർ പരിഗണിക്കാതെ ആദ്യം വീട് നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇവർ ഇപ്പോൾ പ്ലാസ്റ്റിക് മേഞ്ഞ ഷെഡിലാണ് താമസിക്കുന്നത്.

4.69 <u>പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്</u>

**പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.05.2023 -ലെ A7/3928/21-ാം നമ്പർ കത്തും പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.10.2021-ലെ A7 - 3928/2021-ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 30.08.2022-ലെ D1/ജനറൽ/2022-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG 782/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങിയത് അനുയോജ്യമല്ലാത്തതിനാൽ മറ്റു പ്രദേശത്ത് ഭൂമി വാങ്ങുന്നത് സംബന്ധിച്ച്

ലൈഫ് ഭവന പദ്ധതിയിലെ താഴെപ്പറയുന്ന ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് **2019 - 20** ൽ ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം നൽകുകയും ഇവർ പുൽപ്പറ്റ വില്ലേജിൽ ബ്ലോക്ക് 60-ൽ റീസർവ്വേ 248/1/1-ൽ ഉൾപ്പെട്ട 3 സെന്റ് ഭൂമി വീതം വാങ്ങുകയും ചെയ്തു.

1. ശ്രീമതി സീനത്ത്, പാറമേൽ ഹൗസ്
2. ശ്രീമതി. ഷാഹിന.പി.ടി, വലിയതൊടി ഷാപ്പിൽ കുന്ന്
3. ശ്രീമതി. നീലി.വി.സി. വായംകുളം ഹൗസ്
4. ശ്രീമതി.സജിന.പി. പുത്തൻപീടിക

ഇവരിൽ ക്രമനമ്പർ 1, 2 എന്നിവർക്ക് 1,40,000 രൂപ വീതവും ക്രമനമ്പർ 2, 3 എന്നിവർക്ക് യഥാക്രമം 2.00 ലക്ഷം രൂപ, 3.00 ലക്ഷം രൂപ വീതം വീട് നിർമ്മാണത്തിന് ധനസഹായം നൽകുകയും ചെയ്തു. തട്ടുകളായ ഭൂമിയിലാണ് ഈ വീട്ടുകൾ നിർമ്മിക്കുന്നത്. ഇവിടെ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടില്ല. അതിനാൽ കനത്ത മഴയിൽ മുകളിലുള്ള കെട്ടിടങ്ങൾ അപകടാവസ്ഥയിലാകും. ആവശ്യമായ സംരക്ഷണഭിത്തി നിർമ്മിച്ചില്ലെങ്കിൽ വീട്

അപകടാവസ്ഥയിലാകുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. സംരക്ഷണഭിത്തിക്ക് ഏകദേശം 60.00 ലക്ഷം രൂപ വരുമെന്നാണറിയിച്ചിരിക്കുന്നത്. ഇതേ രീതിയിൽ സീനിയർ ജിയോളജിസ്റ്റും റിപ്പോർട്ട് നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഈ സ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നതിനും അനുയോജ്യമായ വേറെ സ്ഥലം കണ്ടെത്തി ഭൂമിയും വീടും നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.70 <u>ബേഡഡുക്ക ഗ്രാമപഞ്ചായത്ത്</u>**

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.05.2023 ലെ കത്തും ബേഡഡുക്ക ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.12.2022 ലെ 1(1)-ാം നമ്പർ തീരുമാനവും (SRG 697/23)**

**വിഷയം:-** അതിദരിദ്ര ലിസ്റ്റിൽപ്പെട്ട ഗുണഭോക്താവിന് വീടു നൽകുന്നത് സംബന്ധിച്ച്.

ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ ശ്രീമതി. ദൈനബി, തലേക്കുന്ന് എന്ന വ്യക്തി അതിദരിദ്ര ലിസ്റ്റിലും ലൈഫ് ഭവന പദ്ധതി ലിസ്റ്റിലും ഉണ്ട്. എന്നാൽ ഈ വ്യക്തിക്ക് 50 സെന്റ് സ്ഥലമുണ്ട്. ലൈഫ് ഭവന പദ്ധതിയുടെ മാനദണ്ഡത്തിൽ ഇളവു ചെയ്ത് ഇവർക്ക് വീടു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.71 <u>ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്</u>**

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.05.2023 ലെ കത്തും ലൈഫ് മിഷൻ കാസർഗോഡ് ജില്ലാ കോഓർഡിനേറ്ററുടെ 30.08.2022 ലെ** LM/KSGD/154/22-ാം **നമ്പർ കത്തും കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.08.2022 ലെ കത്തും ശംസീന സമദ്, കസ്തൂർബാ മൻസിൽ എന്ന വ്യക്തിയുടെ കത്തും (SRG 698/23)**

**വിഷയം:-** ട്രാൻസ് ജെന്റർ വിഭാഗത്തിൽപ്പെട്ട വ്യക്തിയെ ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്.

അറിവില്ലായ്മ മൂലം ശംസീന സമദ്, കസ്തൂർബാ മൻസിൽ, ചെറുവത്തൂർ എന്ന വ്യക്തി ലൈഫ് ഭവന പദ്ധതിയ്ക്കായി കൃത്യസമയത്ത് അപേക്ഷ നൽകിയില്ല. ഇവർക്ക് സ്വന്തമായി സ്ഥലവും വീടും ഇല്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഇവരെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.72 <u>കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്</u>**

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.05.2023 ലെ കത്ത് (SRG 699/23** – CC/299**)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീടു നൽകുന്നതു സംബന്ധിച്ച്

| ***പ്രോ.നം: 125/24*** | ***അടങ്കൽ*** | ***1,49,00,000 രൂപ*** |
|---|---|---|
| | *വികസനഫണ്ട് ജനറൽ* | *33,00,000 രൂപ* |
| | *സി.എഫ്.സി ബെയ്സിക് ഗ്രാന്റ്* | *1,00,000 രൂപ* |
| | *സർക്കാർ വിഹിതം* | *5,00,000 രൂപ* |
| | *ലോൺ* | *1,00,00,000 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *5,00,000 രൂപ* |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | *5,00,000 രൂപ* |
| ***പേര് - ലൈഫ് ഭവനപദ്ധതി ജനറൽ 2023-24*** | | |

കോട്ടോം ബേളൂർ ഗ്രാമപഞ്ചായത്തിലെ 5–ാം വാർഡിലുള്ള ശ്രീമതി ഗിരിജ കുമാരി, പുളിക്കൽ ഹൗസ് എന്ന വ്യക്തി ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ട്. ലൈഫ് ഭവനപദ്ധതി പ്രകാരം 25 സെന്റിൽ താഴെ സ്വന്തമായി സ്ഥലമുള്ളവർക്കാണ് ധനസഹായം നൽകുന്നത്. ഈ കുടുംബത്തിന് 28 സെന്റ് സ്ഥലമുണ്ട്. ഇവർക്ക് തലാസീമിയ എന്ന രോഗം ബാധിച്ച മകനുണ്ടെന്നും മാസത്തിൽ മൂന്ന് പ്രാവശ്യം രക്തം മാറ്റിവയ്ക്കേണ്ടതുണ്ടെന്നും അറിയിച്ചിരിക്കുന്നു. വാസയോഗ്യമായ ഭവനമില്ലാത്തതിനാൽ അണുബാധ ഉണ്ടാകാതിരിക്കാൻ ബന്ധുവീട്ടിലാണ് ഇവർ താമസിക്കുന്നതെന്നറിയിച്ചുകൊണ്ട് 25 സെന്റ് ഭൂമി എന്നതിൽ ഇളവ് നൽകണമെന്നറിയിച്ചിരിക്കുന്നു.

**4.73 <u>അരുക്കുറ്റി ഗ്രാമപഞ്ചായത്ത്</u>**

**ശ്രീ. ശിവൻ പി.പി, വളയനാട് ലക്ഷംവീട്, അരുക്കുറ്റി ഗ്രാമപഞ്ചായത്ത് എന്ന വ്യക്തിയുടെ 18.04.2023 ലെ കത്തും അനുബന്ധരേഖകളും (SRG 684/23)**

**വിഷയം:–** പഠനമുറി നിർമ്മിച്ചതിന്റെ ബാക്കി തുക നൽകുന്നത് സംബന്ധിച്ച്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ. ശിവൻ പി.പി.യുടെ മകനായ അദ്വൈത് ശിവന്റെ പഠന ആവശ്യത്തിനായി 2018–19 ൽ പഠന മുറി അനുവദിച്ചു. ഗ്രാമപഞ്ചായത്തുമായി എഗ്രിമെന്റ് വച്ച് ആദ്യ ഗഡുവായ 50,000 രൂപ നൽകി. ഇതനുസരിച്ച് ഒന്നാംഘട്ടം നിർമ്മിച്ചുവെങ്കിലും അടുത്ത ഗഡു നൽകിയില്ല. തുടർന്ന് കടം വാങ്ങി 07.09.2020 ൽ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കി. എന്നാൽ അർഹതപ്പെട്ട ബാക്കി തുക ഗ്രാമപഞ്ചായത്തിൽ നിന്ന് അനുവദിച്ചില്ല. 19.09.2019 ലെ ഓഡിറ്റ് കുറിപ്പിൽ പഠനമുറി നിർമ്മാണം സംബന്ധിച്ച് പരാമർശമുണ്ടായ തിനാലാണ് ബാക്കി തുക നൽകാത്തത്. ശ്രീ.ശിവന്റെ മകൻ യു.കെ.ജിയിൽ പഠിക്കുമ്പോഴാണ് പഠനമുറിക്ക് ധനസഹായം നൽകിയത്. ഉയർന്ന ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഉണ്ടായിട്ടു കൂടി യു.കെ.ജിയിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് പഠനമുറി നൽകിയത് ശരിയായ നടപടിയല്ല എന്നാണ് ഓഡിറ്റ് പരാമർശം.

ഇപ്പോൾ ശ്രീ.ശിവന്റെ മകൻ നാലാം ക്ലാസ്സ് വിദ്യാർത്ഥിയാണ്. പഠനമുറി നിർമ്മിച്ചതിന്റെ കടബാധ്യത ബാങ്ക് ലോൺ എടുത്താണ് വീട്ടിയത്. ബാങ്ക് ലോൺ തിരികെ അടയ്ക്കണമെന്നും അല്ലെങ്കിൽ ജപ്തി നടപടി ഉണ്ടാകുമെന്നും ചൂണ്ടികാണിച്ച് പഠനമുറിയുടെ യൂണിറ്റ് നിരക്കായ ബാക്കി തുക നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.74 <u>പെരിനാട് ഗ്രാമപഞ്ചായത്ത്</u>**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.04.2023 ലെ കത്തും പെരിനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.02.2023 ലെ 2(10)–ാം നമ്പർ തീരുമാനവും (SRG 678/23 - CC/235/23)**

**വിഷയം:–** ലൈഫ് ലിസ്റ്റിലെ ഭൂരഹിത ഭവനരഹിതർക്ക് വീടു നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്.

പെരിനാട് ഗ്രാമപഞ്ചായത്തിലെ 3–ാം വാർഡിലുള്ള ശ്രീ. ജോൺസൺ, പാലക്കാട് ജയന്തി കോളനി എന്ന വ്യക്തി ലൈഫ് ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ ഉണ്ട്. **(ID No.154492)** രേഖകൾ പ്രകാരം ശ്രീ. ജോൺസൺ ഉൾപ്പെട്ട റേഷൻ കാർഡിൽ അച്ഛന്റെ പേരിൽ ഭൂമിയുണ്ട്. എന്നാൽ വർഷങ്ങളായി അപേക്ഷകനും ഭാര്യയും കുടുംബവീട്ടിൽ നിന്നും മാറിയാണ്

താമസിക്കുന്നത്. കുടുംബ റേഷൻ കാർഡിൽ നിന്ന് പേര് മാറ്റാൻ രണ്ടാനമ്മ സമ്മതിക്കുന്നില്ല എന്നറിയിച്ചിരിക്കുന്നു. ശ്രീ. ജോൺസന് കേൾക്കാനും സംസാരിക്കാനും കഴിയില്ല. കൂടാതെ വാഹനാപകടവും ഉണ്ടായി. ലോട്ടറി കച്ചവടക്കാരനായ ഇദ്ദേഹത്തിന് ഭൂമി വാങ്ങി വീട്ടു വച്ചു നൽകുന്നതിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.75 <u>ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്</u>**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.04.2023 ലെ കത്തും ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.2023 ലെ കത്തും (SRG 677/23 –** CC/**294**/23)

**വിഷയം:-** പഠനമുറിക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിലുള്ള അഭിനന്ദ എസ് എന്ന വിദ്യാർത്ഥിക്ക് പഠനമുറിക്ക് ധനസഹായം അനുവദിച്ചിരുന്നു. വിദ്യാർത്ഥിയുടെ മാതാവിന്റെ പേരിൽ സ്ഥലവും വീടുമുണ്ടായിരുന്നുവെങ്കിലും മുത്തശ്ശിയുടെ വീടിനോടു ചേർന്നാണ് പഠനമുറി നിർമ്മിച്ചത്. ഒന്നാം ഗഡുവായി 50,000/- രൂപ അനുവദിച്ചു. എന്നാൽ മുത്തശ്ശിയുടെ വീടിനോടു ചേർന്നാണ് പഠനമുറി നിർമ്മിച്ചത് എന്നതിനാൽ തുടർന്നുള്ള ഗഡുക്കൾ നൽകിയില്ല. വിദ്യാർത്ഥിയുടെ മാതാവിന്റെ പേരിലുള്ള വീട് തണ്ണീർതട നിയമം ബാധകമായ സ്ഥലത്തായതിനാലാണ് ഇപ്രകാരം ചെയ്തതെന്നും ഈ വിദ്യാർത്ഥി മുത്തശ്ശിയുടെ കൂടെ നിന്നാണ് പഠിക്കുന്നതെന്നും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തുടർന്നുള്ള ഗഡുക്കൾ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.76 <u>ആറളം ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.05.2023 ലെ കത്തും ആറളം ഗ്രാമപഞ്ചായത്ത് ഭരണസമതിയുടെ 29.04.2023 ലെ 2/5/2023-ാം നമ്പർ തീരുമാനവും (SRG 785/23 – CC/344/2023)**

**വിഷയം:-** അതിദരിദ്രരുടെ ലിസ്റ്റിലുള്ളവർക്ക് വീടു നൽകുന്നതു സംബന്ധിച്ച്.

ആറളം ഗ്രാമപഞ്ചായത്തിലെ അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ.തമ്പാൻ മാണിക്കോത്ത്, ശ്രീമതി വാസന്തി കെ.കെ എന്നിവർ ലൈഫ് ഭവന പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇവരെ ലൈഫ് ഭവന പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി നൽകണമെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ഇവർക്ക് വീടു നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇവരിൽ ശ്രീമതി വാസന്തി കെ.കെയ്ക്ക് 3 സെന്റ് സ്ഥലം നാട്ടുകാർ വാങ്ങി നൽകിയിട്ടുണ്ട്. ശ്രീ തമ്പാൻ മാണിക്കോത്തിന് സ്വന്തമായി സ്ഥലമുണ്ടെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്.

**4.77 <u>ആറളം ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.05.2023 ലെ കത്ത് (SRG 756/23 – CC/296/2023)**

**വിഷയം:-** പട്ടികവർഗ്ഗ കോളനിയിലെ വീടുകൾ റീ വയറിംഗ് നടത്തുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 266/23* | ***അടങ്കൽ*** | *1,37,157/- രൂപ (തനത്ഫണ്ട്)* |
| ***പേര്*** | **വെള്ളരിവയൽ പട്ടികവർഗ്ഗ കോളനിയിലെ വീടുകൾക്ക് റീ വയറിംഗ്** | |

വീടുകൾ റീ വയറിംഗിനുള്ള ഈ പ്രോജക്ട് ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചതാണ്. എന്നാൽ മാർഗ്ഗരേഖ പ്രകാരം വീട് വയറിംഗിന് ധനസഹായം നൽകാമെന്നു മാത്രമേ പറയുന്നുള്ളു. റീ വയറിംഗ് സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. വൈദ്യുതി ചാർജ്ജ് വർദ്ധനവ് ഒഴിവാക്കാൻ റീ വയറിംഗ് ചെയ്യേണ്ടതുണ്ട് എന്ന് അറിയിച്ചുകൊണ്ട് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.78 <u>തിരുവനന്തപുരം കോർപ്പറേഷൻ</u>**

**തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 22.05.2023-ലെ** J1/82007/23-ാം **നമ്പർ കത്ത് (SRG 843/23)**

**വിഷയം:-** പട്ടികജാതി വിഭാഗക്കാർക്ക് വസ്തു വാങ്ങുന്നതിന് അധിക തുക ചെലവഴിച്ചത് സംബന്ധിച്ച്

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീടു നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് കഴിഞ്ഞ വർഷം (2022-23) 15,26,55,885 രൂപ വകയിരുത്തിയിരുന്നു. ഇതിനായി ഗുണഭോക്താക്കൾ കൂടുതൽ ഉള്ളതിനാൽ അധികമായി 77.12 ലക്ഷം രൂപ ആവശ്യമായി വന്നു. സാമ്പത്തിക വർഷാവസാനമായതിനാൽ പ്രോജക്ട് ഭേദഗതി ചെയ്ത് അധിക വിഹിതം പ്രോജക്ടിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. കോർപ്പറേഷൻ കഴിഞ്ഞ വർഷം പട്ടികജാതി കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് പ്രോജക്ട് എടുത്തിരുന്നു. യോഗ്യതയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ഇതിനായി ആനുകൂല്യം നൽകിയതിനു ശേഷം മിച്ചമുള്ള തുക കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി വാങ്ങാനുള്ള പ്രോജക്ടിലേയ്ക്ക് മാറ്റി ചെലവഴിച്ചു. ഇതിന് സാധൂകരണം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

**4.79 <u>പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്</u>**

**പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.05.2023-ലെ കത്ത് (SRG 789/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകണമെന്നു സംബന്ധിച്ച്

പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് പത്താം വാർഡിലെ എസ്.സി. കള്ളാടി വിഭാഗത്തിൽ ഉൾപ്പെട്ട ശ്രീമതി സിന്ധു (**W/o** ശ്രീ. ഗോപി), ശ്രീമതി നളിനി (**W/o** ശ്രീ ചന്ദ്രൻ) എന്നിവർ **PMAY** പദ്ധതിയിലെ ഗുണഭോക്താക്കളാണ്. **PMAY** ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതിനാൽ ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷ നൽകിയില്ല. **PMAY** പദ്ധതി പ്രകാരം വീട് ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

**4.80 <u>സുൽത്താൻ ബത്തേരി നഗരസഭ</u>**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.05.2023 ലെ കത്തും സുൽത്താൻ ബത്തേരി നഗരസഭ സെക്രട്ടറിയുടെ 27.04.2023 ലെ** PC1/215/2023-24-ാം **നമ്പർ കത്തും (SRG** 823/23 - **CC** /359/**2023).**

**വിഷയം:-** അൺഓതറൈസ്ഡ് കെട്ടിട നമ്പർ ലഭിച്ചിട്ടുള്ള വീടുകൾക്ക് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 215/24* | ***അടങ്കൽ*** | *10,00,000 രൂപ (തനത് ഫണ്ട്)* |
| ***പേര്*** | **ചൂരിമല നിവാസികൾക്ക് പ്രത്യേക ഭവന പദ്ധതി** | |

സുൽത്താൻ ബത്തേരി നഗരസഭയിലെ ചൂരിമല പ്രദേശത്ത് പട്ടയം ഇല്ലാത്ത ഭൂമിയിലുള്ള അൺ ഓതറൈസ്ഡ് കെട്ടിട നമ്പർ ലഭിച്ചിട്ടുള്ള വീടുകൾക്ക് അറ്റകുറ്റപ്പണി നടത്താനാണ് പ്രോജക്ട്. ഇതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.81 **<u>പെരുമ്പാവൂർ നഗരസഭ</u>**

**പെരുമാനൂർ നഗരസഭാ സെക്രട്ടറിയുടെ 26.05.2023–ലെ** PH3– S097/23–**ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 835/23).**

**വിഷയം:–** പുറമ്പോക്ക ഭൂമിയിൽ താമസിക്കുന്നവർക്ക് ഭവനപുനരുദ്ധാരണത്തിനു ധനസഹായം നൽകുന്നതു സംബന്ധിച്ച്.

ഭവനപുനരുദ്ധാരണത്തിന് കഴിഞ്ഞ വർഷം (2022–23) പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഗുണഭോക്തൃ ലിസ്റ്റിലുള്ള താഴെ പറയുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾ താമസിക്കുന്നത് പുറമ്പോക്ക ഭൂമിയിലാണ്.

1) ശ്രീമതി ഉഷ കുട്ടപ്പൻ, കണ്യാറപറമ്പിൽ, വാർഡ് 23
2) ശ്രീമതി ശാന്ത സുനിൽ, കരവട്ട്, വാർഡ് 26
3) ശ്രീമതി ഉഷരാജൻ, പാറപ്പുറത്ത്, വാർഡ് 15
4) ശ്രീ. ഷിബു എ, എരേക്കാട്ടു കുടി, വാർഡ് 26
5) ശ്രീമതി സുജ ശിവദാസ്, തേലക്കാട്ടു കുടി, വാർഡ് 9

ഇവർ റവന്യൂ അധികാരികളിൽ നിന്നു കൈവശരേഖ ഹാജരാക്കിയിട്ടുണ്ട്. കൈവശ രേഖയുടെ അടിസ്ഥാനത്തിൽ ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.82 **<u>പുത്തൻചിറ ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.02.2023 ലെ കത്തും പുത്തൻചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.01.2023 ലെ**A4–205/2022–**ാം നമ്പർ കത്തും (SRG 340/23 – CC/**60/**2023)**

**വിഷയം:–** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതു സംബന്ധിച്ച്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അർച്ചന വി.ആർ എന്ന വിദ്യാർത്ഥിനി വിദൂര വിദ്യാഭ്യാസം വഴി ബി.കോം പഠനത്തിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കുട്ടി ബധിരയും ശാരീരിക അവശത അനുഭവിക്കുന്ന ആളുമാണ്. ബധിര വിദ്യാർത്ഥികൾക്കുവേണ്ടി തൃശ്ശൂരുള്ള പടവരട് ആശാഭവൻ മുഖേനയാണ് പഠനം നടത്തുന്നത്. ഈ സ്ഥാപനത്തിന് യൂണിവേഴ്സിറ്റി അഫിലിയേഷൻ ഇല്ല. അതിനാൽ ഈ വിദ്യാർത്ഥിനിക്ക് ലാപ് ടോപ് നൽകാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.83 <u>കൈനകരി ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.02.2023 ലെ കത്തും കൈനകരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.01.2023 ലെ 1(4)-ാംനമ്പർ തീരുമാനവും (SRG 333/23 - CC/73/2023)**

**വിഷയം:-** പഠനം പൂർത്തിയാക്കിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നത് സംബന്ധിച്ച്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകുന്നതിന് 2021-22 ൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. 9 ഗുണഭോക്താക്കൾ ആണ് ഉണ്ടായിരുന്നത്. CPRCS, GeM പോർട്ടലുകളിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനുള്ള ലാപ് ടോപ് ലഭ്യമല്ലാത്തതിനാൽ 2021 - 22 വർഷം ലാപ് ടോപ് നൽകിയില്ല. ഇതിൽ 3 വിദ്യാർത്ഥികൾ 2022-23 ൽ പഠനം പൂർത്തിയാക്കി. ഇവർക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.84 <u>വിളയൂർ ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.02.2023 ലെ കത്ത് (SRG 450/23, CC/157/2023)**

**വിഷയം:- പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നത് സംബന്ധിച്ച്.**

| | | |
|---|---|---|
| ***പ്രോ.നം:* 237/24** | ***അടങ്കൽ*** | ***1,17,000 രൂപ (എസ്.സി.പി)*** |
| ***പേര്*** | **പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം** | |

വിളയൂർ ഗ്രാമപഞ്ചായത്ത് 2021-22 വർഷം പട്ടിക ജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. അർഹതയുള്ള 13 വിദ്യാർത്ഥികളാണ് ഗുണഭോക്താക്കളായി ഉണ്ടായിരുന്നത്. എന്നാൽ, ഇവർക്ക് 2022-23 ലാണ് ലാപ് ടോപ് നൽകാനായി കഴിഞ്ഞത്. ലാപ് ടോപ് നൽകാൻ കാലതാമസം വന്നതിനാൽ ഗുണഭോക്തൃ ലിസ്റ്റിലുള്ള സൂര്യജിത്ത് കളിങ്ങാപറമ്പിൽ, ശില്പ താമരശ്ശേരിപ്പടി എന്നിവർ പഠനം പൂർത്തിയാക്കി. ഇവർക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.85 <u>കാട്ടാക്കട ഗ്രാമപഞ്ചായത്ത്</u>**

ബഹു. അരുവിക്കര എം.എൽ.എയുടെ 24.03.2023 ലെ കത്തും കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ നാല് എൽ.പി സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുടെ കത്തും **(SRG 717/23)**

**വിഷയം:-** എൽ.പി സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്ക് വേതനം നൽകുന്നതു സംബന്ധിച്ച്.

കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ നാലു ഗവ.എൽ.പി സ്കൂളുകളോടനുബന്ധിച്ച് (ഗവ. PSM LPS, കാട്ടാക്കട, ഗവ. LPS, ചെമ്പനാകോട്, ഗവ. LPS, കുണ്ടൻ കുളങ്ങര, ഗവ. LPS, കുരുതംകോട് ) 2014 മുതൽ ഈ സ്കൂളുകളിൽ പ്രീ - പ്രൈമറി പ്രവർത്തിക്കുന്നുണ്ട്. ഇവർക്ക് ഓണറേറിയം ആയി 6000 രൂപ വീതം നൽകിയിരുന്നു. ഇതിന്മേൽ ഓഡിറ്റ് കുറിപ്പുള്ളതിനാൽ 2022 ജൂൺമാസം

മുതൽ ഓണറേറിയം നൽകുന്നില്ല. കുടിശ്ശികയായുള്ള ഈ ഓണറേറിയം നൽകികൊണ്ട് ഇവരെ തുടരാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.86 **<u>ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.05.2023 ലെ കത്തും ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.04.2023-ലെ കത്തും (SRG 729/23 - CC/307/2023)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പി.എസ്.സി പരിശീലനം നൽകുന്നതു സംബന്ധിച്ച്

| *പ്രോ.നം: 13/24* | *അടങ്കൽ* | *5,00,000 രൂപ (എസ്.സി.പി)* |
|---|---|---|
| *പേര് - പ്രതീക്ഷ - പി.എസ്.സി പരീക്ഷാ പരിശീലനം* | | |

സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്ന പട്ടികജാതി വിഭാഗത്തിലെ യുവതി യുവാക്കൾക്ക് പി.എസ്.സി പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനാണ് പ്രോജക്ട്. യോഗ്യതയുള്ള അദ്ധ്യാപകരെ തെരഞ്ഞെടുത്ത് 12 മാസത്തേക്ക് ഓണറേറിയം നൽകാനാണ് പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.87 **<u>ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.05.2023 ലെ കത്തും ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.04.2023-ലെ കത്തും (SRG 730/23 - CC/306/2023)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിന് അനുമതി സംബന്ധിച്ച്

| *പ്രോ.നം: 12/24* | *അടങ്കൽ* | *17,00.000/- രൂപ (എസ്.സി.പി)* |
|---|---|---|
| *പേര് - അയ്യങ്കാളി പഠന കേന്ദ്രങ്ങളിൽ സായാഹ്ന ട്യൂഷൻ* | | |

പട്ടികജാതി വിഭാഗത്തിലെ പല വിദ്യാർത്ഥികൾക്കും സ്വന്തം വീട്ടുകളിൽ നല്ല പഠന സൗകര്യമില്ല. ഇത്തരം വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി പഠനത്തിനു സഹായിക്കുന്ന പദ്ധതിയാണ് അയ്യങ്കാളി പഠന കേന്ദ്രങ്ങൾ. ഈ വർഷം 33 കേന്ദ്രങ്ങളിലായി 400 പട്ടികജാതി വിദ്യാർത്ഥികൾക്ക് സായാഹ്ന ട്യൂഷൻ നൽകാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ ട്യൂഷൻ നൽകുന്നതിന് യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിച്ച് 12 മാസത്തെ ഓണറേറിയം നൽകാനാണ് പ്രോജക്ട്. ഇതു നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.88 <u>പുറത്തൂർ ഗ്രാമപഞ്ചായത്ത്</u>**

**പുറത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.02.2023 ലെ കത്ത് (SRG/414/23).**

**വിഷയം:-** ഗ്രാമപഞ്ചായത്തിൽ ഹൈമാസ്റ്റ് സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്

കടൽതീരം ചേർന്നാണ് ഗ്രാമപഞ്ചായത്തിന്റെ 1,18,19 വാർഡുകൾ സ്ഥിതി ചെയ്യുന്നത്. ഇവിടെ മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങളും മറ്റു അനുബന്ധസാമഗ്രികളും

സൂക്ഷിക്കുന്നതും അറ്റകുറ്റപ്പണി നടത്തുന്നതും നായർതോട് ബീച്ചിലെ ലാന്റ് സെന്ററിൽ ആണ്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ നിന്നും നായർതോട് ലാന്റിംഗ് സെന്റർ കൃത്യമായി മനസ്സിലാകാത്തതുകൊണ്ട് പല വിധത്തിലുള്ള അപകടങ്ങളും പതിവാണെന്നറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഇവിടെ ഒരു ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുകയാണെങ്കിൽ കടലിൽ പോകുന്ന മത്സ്യതൊഴിലാളികൾക്ക് ദിക്ക് അറിയാനും മറ്റു വിധത്തിലും സഹായകരമാണെന്ന് ചൂണ്ടി കാണിച്ച ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.89 <u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.03.2023-ലെ കത്തും കോട്ടയം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ ഓഫീസറുടെ 01.03.2023-ലെ 4(2)-ാം നമ്പർ തീരുമാനവും (SRG 601/2023 CC - 213/2023)**

**വിഷയം:-** ജില്ലയിൽ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

**1)** കോട്ടയം ജില്ലാ പഞ്ചായത്ത് 2022-23 വർഷം ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 20 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു (ആകെ അടങ്കൽ 223.50 ലക്ഷം രൂപ. ധനകാര്യ കമ്മീഷൻ (**untied),** വികസനഫണ്ട് (ജനറൽ), എസ്.സി.പി വിഹിതം എന്നിവയാണ് ഇതിന് ഉൾപ്പെടുത്തിയിരുന്നത്. ഇവ സ്ഥാപിക്കുന്നതിന് ലിമിറ്റഡ് ടെണ്ടറിലൂടെ **KEL** എന്ന ഏജൻസിയെ ഏൽപ്പിച്ച് കരാറിലേർപ്പെട്ട് നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഇവയുടെ കറന്റ് ചാർജ്ജ്, മെയിന്റനൻസ് എന്നിവ നടത്തിക്കൊള്ളാമെന്ന് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വിഹിതം |
|---|---|---|---|
| 1 | 15/23 | ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ്, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 11,95,200 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 2 | 116/23 | കാഞ്ഞിരപ്പള്ളി പഞ്ചായത്ത് - വാർഡ് 4 - വില്ലന്നി മിച്ചഭൂമി കോളനിയിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 8,00,000 രൂപ<br>എസ്.സി.പി |
| 3 | 166/23 | തൂക്കൊടിത്താനം ഡിവിഷൻ - വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് , ഹൈമാസ്റ്റ് സ്ഥാപിക്കൽ | 10,00,000 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 4 | 167/23 | കുറിച്ചി ഡിവിഷൻ - വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 11,95,200 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 5 | 169/23 | അതിരമ്പുഴ ഡിവിഷൻ - വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 20,00,000 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 6 | 170/23 | അയർക്കുന്നം ഡിവിഷനിലെ വിവിധ വാർഡുകളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റുകൾ | 10,00,000 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 7 | 171/23 | കുറവിലങ്ങാട് ഡിവിഷൻ - വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |

| | | | |
|---|---|---|---|
| 8 | 133/23 | പൂഞ്ഞാർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 15,00,000 രൂപ<br>വിസി.എഫ്.സി ബേസിക് ഗ്രാന്റ് |
| 9 | 738/23 | കിടങ്ങൂർ ഡിവിഷനിലെ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 19,00,000 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 10 | 767/23 | അയർക്കുന്നം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 7,50,000 രൂപ<br>വികസനഫണ്ട് – ജനറൽ |
| 11 | 769/23 | അതിരമ്പുഴ പഞ്ചായത്തിലെ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000<br>വികസനഫണ്ട് –ജനറൽ |
| 12 | 770/23 | പാമ്പാടി പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,00 രൂപ<br>വികസനഫണ്ട് – ജനറൽ |
| 13 | 772/23 | ഭരണങ്ങാനം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 20,00,000 രൂപ<br>വികസനഫണ്ട് – ജനറൽ |
| 14 | 773/23 | കുറിച്ചി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ<br>വികസനഫണ്ട് – ജനറൽ |
| 15 | 774/23 | കങ്ങഴ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ<br>വികസനഫണ്ട് – ജനറൽ 5.00 ലക്ഷം രൂപ<br>തനത് ഫണ്ട് – 5.00 ലക്ഷം രൂപ |
| 16 | 807/23 | കുമരകം ഗവ.ഹൈസ്കൂൾ ഗ്രൗണ്ടിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 രൂപ<br>വികസനഫണ്ട് – ജനറൽ |
| 17 | 805/23 | തിരുവാർപ്പ് പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 രൂപ<br>വികസനഫണ്ട് – ജനറൽ |
| 18 | 806/23 | കുറവിലങ്ങാട് വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 20,00,000 രൂപ<br>വികസനഫണ്ട് – ജനറൽ |
| 19 | 808/23 | തലയാഴം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ<br>വികസനഫണ്ട് –ജനറൽ |
| 20 | 847/23 | വെള്ളൂർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 രൂപ<br>വികസനഫണ്ട് – ജനറൽ |

**2)** വാർഷിക പദ്ധതി റിവിഷൻ സമയത്ത് 2022–23 വർഷം നടപ്പാക്കാൻ സാധിക്കാത്ത പ്രോജക്ടുകളുടെ വിഹിതം ഉപയോഗിച്ച് 14 പ്രോജക്ടുകൾ ഹൈമാസ്റ്റ്/മിനിമാസ്റ്റ് സ്ഥാപിക്കുന്നതിന് അധികമായി എടുത്തു (ആകെ അടങ്കൽ 190 ലക്ഷം രൂപ). ഈ പ്രവൃത്തികൾ പ്രത്യേക ടെണ്ടർ നടപടികൂടാതെ അക്രഡിറ്റഡ് ഏജൻസിയായ **KEL** നെ ഏൽപ്പിച്ചു. ഈ പ്രവൃത്തികൾ നടപ്പാക്കാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. പ്രോജക്ട് വിവരങ്ങൾ താഴെ ചേർക്കുന്നു.

| **ക്രമ നം** | **പ്രോജക്ട് നം** | **പ്രോജക്ടിന്റെ പേര്** | **വിഹിതം** |
|---|---|---|---|
| 1 | 166/23 | പുതുപ്പള്ളി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥപിക്കൽ | 15,00,000 രൂപ<br>(സി.എഫ്.സി ബേസിക് ഗ്രാന്റ് ) |
| 2 | 630/23 | കുറിച്ചി ഡിവിഷൻ – വിവിധ എസ്.സി. കോളനികളിലും പ്രദേശങ്ങളിലും മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകൾ | 30,00,000 രൂപ<br>(എസ്.സി.പി) |

| | | | |
|---|---|---|---|
| | | സ്ഥാപിക്കൽ | |
| 3 | 706/23 | പൊൻകുന്നം ഡിവിഷൻ വിവിധ എസ്.സി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 രൂപ (എസ്.സി.പി) |
| 4 | 768/23 | പുതുപ്പള്ളി ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| 5 | 948/23 | പാമ്പാടി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| 6 | 921/23 | ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 20,00,000 രൂപ വികസനഫണ്ട് |
| 7 | 971/23 | എരുമേലി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് സ്ഥാപിക്കൽ | 20,00,000 രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ് ) |
| 8 | 974/23 | എരുമേലി ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| 9 | 977/23 | വെള്ളൂർ ഡിവിഷൻ വിവിധ എസ്.സി. കോളനികളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് സ്ഥാപിക്കൽ | 5,00,000 രൂപ വികസനഫണ്ട് – എസ്.സി.പി |
| 10 | 963/23 | പൂഞ്ഞാർ ഡിവിഷൻ എസ്.സി. കോളനികളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് സ്ഥാപിക്കൽ | 15,00,000 രൂപ (എസ്.സി.പി) |
| 11 | 561/23 | എരുമേലി ഡിവിഷൻ വിവിധ എസ്.സി. സങ്കേതങ്ങളിലും കോളനി റോഡുകളിലും സോളാർ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 15,00,000 രൂപ വികസനഫണ്ട് – എസ്.സി.പി) |
| 12 | 1013/23 | വൈക്കം ഡിവിഷനിൽ ഉൾപ്പെട്ട പഞ്ചായത്തുകളിൽ സോളോർ മിനിമാസ്റ്റ് ഹൈമാസ്റ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (തനത് ഫണ്ട് ) |
| 13 | 1017/23 | എരുമേലി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ സോളാർ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 20,00,000 രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ് ) |
| 14 | 1021/23 | കിടങ്ങൂർ ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ് ) |

### 4.90 <u>ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത്</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.04.2023, 20.04.23 എന്നീ തീയതികളിലെ കത്തുകളും (രണ്ടെണ്ണം) ശ്രീമൂലനഗരം സെക്രട്ടറിയുടെ 17.04.2023 ലെ കത്തും അനുബന്ധ രേഖകളും (SRG 686/23 – CC–952/2022)**

**വിഷയം:–** സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തിയതിന്റെ തുക നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 61/21*** | ***അടങ്കൽ*** | ***4,90,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | **സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്** | |

ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത് 2020–21 വർഷം സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി 4.90 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതിനായി കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാർ പ്രകാരം ആദ്യ മൂന്നുമാസത്തെ ബിൽതുകയായ 4,89,310 രൂപ നൽകി. രണ്ടാമത്തെ ഗഡു (രണ്ടാം ത്രൈമാസ ഗഡു) നൽകുന്നതിനായി 3,43,877 രൂപയുടെ ബിൽ 03.08.21 ന് കരാറുകാരൻ ഗ്രാമപഞ്ചായത്തിന് നൽകി. എന്നാൽ ഈ തുക നൽകാനായി മുകളിൽ പറഞ്ഞ പ്രോജക്ട് ഭേദഗതി ചെയ്ത് അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനോ

ഗ്രാമപഞ്ചായത്ത് 2021-22 വർഷം സ്പിൽഓവറായി ഈ പ്രോജക്ട് ഉൾപ്പെടുത്തുന്നതിനോ കഴിഞ്ഞില്ല. മുൻ വർഷത്തെ ചെലവിനത്തിൽ നൽകാനുള്ളതായതിനാൽ വികസനഫണ്ടോ തനതു ഫണ്ടോ ഉപയോഗിച്ച് ബിൽ തുക കരാറുകാരന് നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.91 <u>**തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**</u>

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.02.2023 ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ 04.03.2023 ലെ** DPT/A4-6430/21-ാം **നമ്പർ കത്തും (SRG 390/23 - CC/98/23, SRG 488/23 - LSGD DB3/108/2023).**

**വിഷയം:-** വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഹൈമാസ്റ്റ് / മിനിമാസ്റ്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച്.

ജില്ലാ പഞ്ചായത്ത് കഴിഞ്ഞവർഷം (2022-23) വിവിധ ഗ്രാമപഞ്ചായത്തുകളിൽ 39 ഹൈമാസ്റ്റ് / മിനിമാസ്റ്റ് സ്ഥാപിക്കാനായി പ്രോജക്ടു തയ്യാറാക്കിയിരുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. ഇതിൽ 38 പ്രോജക്ടുകൾ എസ്.സി.പി ഫണ്ടുപയോഗിച്ചാണ് നടപ്പിലാക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഈ വർഷം ഇവ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട് എന്നറിയിച്ചിട്ടുണ്ട്.

| **ക്രമ നമ്പർ** | **പ്രോ. നം** | **2022-23 ലെ പ്രോജക്ടിന്റെ പേര്** | **ഫണ്ട് / ഇനം** |
|---|---|---|---|
| 1 | 862/23 | മതിലകം പഞ്ചായത്ത് 17-ാം വാർഡ് പ്രാണിയാട് ഹൈമാസ്റ്റ് ലൈറ്റ് | Development Fund(S.C.P) - 3,00,000 |
| 2 | 1144/**23** | ചിരട്ടകുന്ന് ജനത കോളനി വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് എന്നീ കോളനികളിൽ മിനിമാസ്റ്റ് | Development Fund(S.C.P) - 1,50,000 |
| 3 | 1145/**23** | പുന്നയൂർ ഗ്രാമപഞ്ചായത്ത് നായാടി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 4 | 1146/23 | മന്ദലാംകുന്ന് കിണർ എസ്.സി കോളനി, മാളിയേക്കൽ കോളനി, ചെറ്റിയാട്ടി പറമ്പിൽ എസ്.സി കോളനി, തട്ടാൻത്തറ പതിയേരി എസ്.സി കോളനി (വടക്കേകാട് ഗ്രാമപഞ്ചായത്ത്) എന്നീ കോളനികളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 6,00,000 |
| 5 | 1147/23 | മുട്ടിക്കൽ എസ്.സി കോളനി, കുമ്പിലാകുന്ന് കോളനി (എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്) എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |
| 6 | 1149/23 | ആദൂർകുന്ന് കോളനി കടങ്ങോട് ഗ്രാമപഞ്ചായത്ത് മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 7 | 1150/23 | കുണ്ടിലങ്ങാടി കോളനി വേലൂർ ഗ്രാമപഞ്ചായത്ത് മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 8 | 1151/23 | പത്തനാപുരം കോളനി ചേർപ്പ് ഗ്രാമപഞ്ചായത്ത് മിനിമാസ്റ്റ് | Development Fund(S.C.P) - 1,50,000 |
| 9 | 1152/23 | അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് ദീപം നഗർ കോളനി, അംബേദ്കർ കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |
| 10 | 1154/23 | വല്ലച്ചിറ ഗ്രാമപഞ്ചായത്ത് വലിയ കോളനി, പട്ടംപള്ളം കോളനി, തൊഴിലാളി നഗർ കോളനി എന്നീ കോളനികളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 4,50,000 |
| 11 | 1156/23 | പുതുശ്ശേരി കോളനി ചൂണ്ടൽ കോളിനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |
| 12 | 1157/23 | കുന്നുകാട് കോളനി, വെട്ടുകാട് കോളനി - വരവൂർ ഗ്രാമപഞ്ചായത്ത് എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |

| | | | |
|---|---|---|---|
| 13 | 1158/23 | പഴയന്നൂർ പഞ്ചായത്ത് കാനാശ്ശേരി കോളനി വാർഡ് 11 മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 14 | 1161/23 | പടിയൂർ ഗ്രാമപഞ്ചായത്ത് 9-ാം വാർഡ് എസ്.സി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 15 | 1164/23 | മുളങ്കുന്നത്ത് കാവ് വി.ടി പറമ്പ് എസ്.സി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 16 | 1168/23 | മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് - എടപ്പാറ കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 17 | 1170/23 | വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് പന്നിയടി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 18 | 1171/23 | എളവള്ളി പഞ്ചായത്ത് കാക്കത്തുരുത്ത് കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 19 | 1172/23 | വെങ്കിടങ്ങ് പഞ്ചായത്ത് പന്നിശ്ശേരി കോളനി കരുവന്തല കോളനി OLH നാട്ടുകല്ല് കോളനി, എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 4,50,000 |
| 20 | 1176/23 | തെക്കുംകര ഗ്രാമപഞ്ചായത്ത് അമ്പലപ്പാട് മിച്ചഭൂമി കോളനി, പുന്നംപറമ്പ് കോളനി എന്നീ കോളിനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |
| 21 | 1178/23 | മാടക്കത്തറ ഗ്രാമപഞ്ചായത്ത് 4 സെന്റ് കോളനി ,വെറ്റിലപ്പാറ എസ്.സി കോളനി, പേരാ എസ്.സി കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 7,50,000 |
| 22 | 1182/23 | മറ്റത്തൂർ ഗ്രാമപഞ്ചായത്ത് കാവനാട് എസ്.സി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 23 | 1183/23 | നാട്ടിക പഞ്ചായത്ത് 4-ാം വാർഡ് കോളനി, പ്രിയദർശിനി കോളനി, മാട്ടുപ്പുറം കോളനി, ചെമ്മാപ്പിള്ളി കോളനി, എ.കെ.ജി കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 9,50,000 |
| 24 | 1187/23 | വാടാനപ്പിള്ളി പഞ്ചായത്ത് ഉപ്പുപടന്ന കോളനി ,ചാപ്പാടം കോളനി (ഏങ്ങണ്ടിയൂർ പഞ്ചായത്ത്) എന്നീ കോളിനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 5,00,000 |
| 25 | 1190/23 | അരിമ്പൂർ ഗ്രാമപഞ്ചായത്ത് - വാർഡ് 11,8,9 മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(General) - 4,80,000 |
| 26 | 1193/23 | മതിരമ്പിള്ളി കോളനിമന കാട്ടുമന കോളനി കാട്ടൂർ ഗ്രാമപഞ്ചായത്ത് എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |
| 27 | 1198/23 | കോഴിക്കുന്ന് കോളനി, തുത്താണിപാടം ചിറ വരമ്പ് (കാറളം പഞ്ചായത്ത്) എന്നീ കോളിനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 4,20,000 |
| 28 | 1199/23 | ചേലക്കര ഗ്രാമപഞ്ചായത്ത് ഏറ്റൂർ കോളനി വാർഡ് 18 കിഴക്കുമുറി കോളനി വാർഡ് 18, പുലാക്കോട് സാംബവ കോളനി വാർഡ് 7 , സാംബവ കോളനി വാർഡ് 16, ലങ്ങോട്ട് കുന്ന് കോളനി വാർഡ് 9 എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 9,50,000 |
| 29 | 1200/23 | പുത്തൂർ ഗ്രാമപഞ്ചായത്തിൽ വിവിധ എസ്.സി കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 15,00,000 |
| 30 | 1201/23 | മുരിയാട് ഗ്രാമപഞ്ചായത്ത് - വാർഡ് 7, സ്നേഹ നഗർ കോളനി, പടന്ന കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 5,00,000 |
| 31 | 1204/23 | വേളൂക്കര ഗ്രാമപഞ്ചായത്ത് വാർഡ് 17 ൽ വെള്ളാനിക്കുളം കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 32 | 1205/23 | കോഴിതുമ്പ് പല്ല അയ്യമ്പഴി ബാലബോധി ചക്കുണ്ണി കോളനി, പപ്പടം കോളനി എടത്തിരുത്തി പഞ്ചായത്ത് മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 9,50,000 |
| 33 | 1207/23 | ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് - വെമ്പല്ലൂർ എസ്.സി കോളനി, ആമണ്ടൂർ എസ്.സി കോളനി, എടവിലങ്ങ് പഞ്ചായത്തിലെ ലക്ഷം വീട് കോളനി, 60-ാം കോളനി, എടവിലങ്ങ് - ഹരിജൻ കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 7,00,000 |
| 34 | 1208/23 | അന്തിക്കാട് ഗ്രാമപഞ്ചായത്ത് വാർഡ് 6,8,3 മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 5,00,000 |
| 35 | 1211/23 | കടവല്ലൂർ ഗ്രാമപഞ്ചായത്ത് - നായാടി കോളനി മുകൾഭാഗം നായാടി കോളനി താഴത്തെ ഭാഗം എന്നീ | Development Fund(S.C.P) - 6,00,000 |

| | | | |
|---|---|---|---|
| | | കോളിനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | |
| 36 | 1213/23 | കൊടകര ഗ്രാമപഞ്ചായത്ത് ആനത്തടം വാർഡ് 15, ചക്കുംകുറ്റി വാർഡ് 18, പഴംമ്പിള്ളി വാർഡ് 2, കാവുംതറ വാർഡ് 2, കനാൽ ബേസ് വാർഡ് 3, പുലിപ്പാറ വാർഡ് 16 എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 8,00,000 |
| 37 | 1214/23 | കൊട്ടിലിങ്ങൽ എസ്.സി കോളനി പുനത്തയിൽ എസ്.സി കോളനി, തുപറ്റ് എസ്.സി കോളനി (പുന്നയൂർകുളം ഗ്രാമപഞ്ചായത്ത് )എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 4,50,000 |
| 38 | 1215/23 | മതിലകം ഗ്രാമപഞ്ചായത്ത് - ഹരിജൻ സെറ്റിൽമെന്റ് കോളനി വാർഡ് 8, കിഴക്കും പുറം കോളനി വാർഡ് 7, പഞ്ചപാടം കോളനി വാർഡ് 3, അംബേദ്കർ കോളനി, വാർഡ് 12, ശ്മശാനം കോളനി വാർഡ് 11, ഭജനമഠം വാർഡ് 1 എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 7,00,000 |
| 39 | 1216/23 | മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് പുല്ലർ കോളനി, മതുക്കര കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |

4.92 **<u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 10.04.2023** DP/MPM/P6-60/2023/Pln-ാം **നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 04.04.2023-ലെ 10(1) നമ്പർ തീരുമാനവും (SRG 826/23)**

**വിഷയം:-** തിരുമാന്ധാം കുന്ന് ക്ഷേത്ര പരിസരത്ത് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 1270/24*** | ***അടങ്കൽ*** | ***10,05,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | ***തിരുമാന്ധാം കുന്ന് ക്ഷേത്ര പരിസരത്ത് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ*** | |

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള തിരുമാന്ധാം കുന്ന് ക്ഷേത്ര കോമ്പൗണ്ടിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ 2023-24 വർഷം പ്രോജക്ട് എടുക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.93 **<u>കേരള ഗ്രാമജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ്</u>**

**കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 11.10.2021, 17.05.2023 എന്നീ തീയതികളിലെ കത്തുകളും, റൂറൽ ഡയറക്ടറുടെ 24.05.2023 ലെ LSGD/PP/35634/2023/EER2 നമ്പർ കത്തും (SRG 710/23)**

**വിഷയം:-** കേരളഗ്രാമജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡിന് ലൈറ്റിംഗ് സംബന്ധിച്ച വിവിധ പ്രവൃത്തികൾ ഏല്പിക്കുന്നതു സംബന്ധിച്ച്.

കേരളഗ്രാമജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് (**KGL**) തദ്ദേശഭരണസ്ഥാപനങ്ങളിൽ തെരുവുവിളക്ക സ്ഥാപിക്കുന്നതിനും പരിപാലനത്തിനുമുള്ള പദ്ധതി ഏറ്റെടുത്തു നടത്തിയിരുന്നു. 'നിലാവ്' പദ്ധതി വന്നതിനുശേഷം തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് KGL ന് ഓർഡർ ലഭിക്കുന്നില്ല. 45 പേർക്ക് നേരിട്ടും 300-ഓളം പേർക്ക് പരോക്ഷമായും KGL മുഖേന ജോലി ലഭിക്കുന്നുണ്ടായിരുന്നു. ഈ സ്ഥാപനം മുന്നോട്ടു കൊണ്ടു പോകുന്നതിന് താഴെ പറയുന്ന ആവശ്യങ്ങൾ പരിഗണിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

I. തദ്ദേശഭരണസ്ഥാപനങ്ങളിൽ നിലവിലുള്ള എല്ലാത്തരം ലൈറ്റുകളുടേയും വാർഷിക പരിപാലന ചുമതല KGL നെ ഏൽപ്പിക്കണം.

II. തദ്ദേശഭരണസ്ഥാപനങ്ങളിൽ നടത്തി വരുന്ന വിവിധ സോളാർ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി KGL നെ ചുമതലപ്പെടുത്തണം.

III. MPLAD/MLASDF പദ്ധതിയിൻ കീഴിൽ വരുന്ന ഹൈമാസ്റ്റ്, മിനിമാസ്റ്റ് പ്രവർത്തികളുടെ നിർവ്വഹണത്തിനും പരിപാലനത്തിനും **KGL** ന് അനുമതി നൽകണം.

**4.94 <u>കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.05.2023 ലെ കത്തും കുഴൽമന്ദംബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.04.2023 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 731/23 –** CC/317/23)

**വിഷയം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്ന വീടുകൾക്ക് മുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 20/23*** | ***അടങ്കൽ*** | ***56,00,000/- രൂപ (എസ്.സി.പി)*** |
| ***പേര്*** | ***ബ്ലോക്ക് പഞ്ചായത്തിലെ 7 ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട എസ്.സി കോളനികളിലെ വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ*** | |

പട്ടികജാതി സങ്കേതങ്ങളിൽ താമസിക്കുന്ന എസ്.സി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഒരു വീടിന് 1.37 ലക്ഷം രൂപ ചെലവാകും. ആസൂത്രണ മാർഗ്ഗരേഖ പ്രകാരം 20 ശതമാനമാണ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്ന സബ്സിഡി. അനെർട്ട് 40 ശതമാനം സബ്സിഡി നൽകും. ആകെ 60 ശതമാനം. ശേഷിക്കുന്ന 40 ശതമാനം കണ്ടെത്താൻ ഈ കുടുംബത്തിന് ബുദ്ധിമുട്ടായതിനാൽ 40 ശതമാനം കൂടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഉൾപ്പെടുത്തി 100 ശതമാനം സബ്സിഡി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.95 <u>ചെല്ലാനം ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.02.2023 ലെ കത്തുകളും (2 എണ്ണം) അനുബന്ധ രേഖകളും (SRG/323/23 – CC /856/2022).**

**വിഷയം:-** മാലിന്യങ്ങൾ നീക്കം ചെയ്തതിന് ക്ലീൻ കേരള കമ്പനിക്ക് തുക നൽകുന്നതിന് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| **പ്രോ.നം: 8/23** | **അടങ്കൽ** | **35,97,600/- രൂപ** |
| | സി.എഫ്.സി. റൈഡ് ഗ്രാന്റ് | **35,97,500 രൂപ** |
| | തനത് ഫണ്ട് | **100 രൂപ** |
| **പേര്** | **കടൽക്ഷോഭത്തെ തുടർന്നുണ്ടായ മാലിന്യങ്ങൾ നീക്കം ചെയ്തതിന് ക്ലീൻ കേരള കമ്പനിക്ക് തുക.** | |

കേരളത്തിൽ 2021 മെയ് മാസമുണ്ടായ ടൗട്ടെ ചുഴലിക്കാറ്റുമൂലം ഗ്രാമപഞ്ചായത്തിൽ വ്യാപകമായ നാശനഷ്ടമുണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി ടൺ കണക്കിന് മാലിന്യം ഉണ്ടായി. മാലിന്യം മാറ്റുന്നതിന്റെ ഭാഗമായി ആകെ 3,20,475 കി.ഗ്രാം അജൈവ മാലിന്യം ശേഖരിച്ചു. ഇത് ക്ലീൻ കേരള കമ്പിനിക്ക് കൈമാറി. ഈ ഇനത്തിൽ ക്ലീൻ കേരള കമ്പനിക്ക് 37,81,605 രൂപ

നൽകണം. തനതു ഫണ്ട കുറവായ സാഹചര്യത്തിൽ ഈ തുക ധനകാര്യകമ്മീഷൻ ഗ്രാന്റിൽ (ടൈഡ് ) നിന്നു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.96 <u>അലനല്ലൂർ ഗ്രാമപഞ്ചായത്ത്</u>**

**ബഹു.മണ്ണാർക്കാട് എം.എൽ.എയുടെ 01.02.2023 ലെ കത്തും അലനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.09.2022 ലെ** A3-330/22-**ാം നമ്പർ കത്തും അലനല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.09.2022 ലെ 9 (15)-ാം നമ്പർ തീരുമാനവും പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.03.2023 ലെ കത്തും (SRG/407/23,** SRG/**502/23-** CC/586/22**).**

**വിഷയം:-** മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായെടുത്ത വാഹനത്തിന്റെ വാടക നൽകുന്നതു സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച മാലിന്യങ്ങൾ എടത്തനാട്ടുകര MCF ലേക്ക് ശ്രീ അബ്ദുൾ സലാം എന്നയാളുടെ KL-04-S.919 എന്ന നമ്പറിലുള്ള വാഹനത്തിലാണ് നീക്കം ചെയ്തത്. 15.10.2020 മുതൽ 18.10.2021 വരെ ഈ വാഹനം ഉപയോഗിച്ചെങ്കിലും വാടക നൽകിയിട്ടില്ല. വാടകയിനത്തിൽ നൽകേണ്ട തുക 1,27,000 രൂപയാണ്.

ഈ പ്രോജക്ടിന്റെ നിർവ്വഹണഉദ്യാഗസ്ഥൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരുന്നു. കൊവിഡ് കാലഘട്ടമായിരുന്നതിനാൽ ക്വട്ടേഷൻ വിളിക്കുകയോ വാഹന ഉടമ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയോ ചെയ്തിരുന്നില്ല. വാടകകുടിശ്ശിക നൽകാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.97 <u>അലനല്ലൂർ ഗ്രാമപഞ്ചായത്ത്</u>**

**ബഹു.മണ്ണാർക്കാട് എം.എൽ.എയുടെ 01.02.2023 ലെ കത്തും അലനല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.01.2023 ലെ 1(3)-ാം നമ്പർതീരുമാനവും (SRG/409/23).**

**വിഷയം:-** തുറസ്സായ കുടിവെള്ള കിണർ ശുചിത്വ കിണറാക്കാനുള്ള പ്രവർത്തികളുടെ എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തുന്നതു സംബന്ധിച്ച്.

മാർഗ്ഗരേഖ പ്രകാരം തുറസ്സായ കിണർ ശുചിത്വകിണറാക്കി മാറ്റാനുള്ള പ്രോജക്ടുകളുടെ എസ്റ്റിമേറ്റും അളവും എടുക്കേണ്ടത് തദ്ദേശസ്വയംഭരണവകുപ്പ് ഓവർസീയറാണ്. ഇവർക്ക് നിരക്ക് കൂടുതലായതിനാൽ ഇതിന്റെ എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തുന്നതിനുള്ള ചുമതല MGNREGS എഞ്ചിനീയർക്കോ അക്രഡിറ്റഡ് എഞ്ചിനീയർമാർക്കോ നൽകാൻ തീരുമാനമുണ്ടാക ണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.98 <u>പേപ്പർബാഗ് നിർമ്മാണം</u>**

**കോട്ടയം ബയോവേ പാക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറുടെ 02.02.2023 ലെ കത്തും കോട്ടയം ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജറുടെ 06.05.2022 ലെ കത്തും (SRG/627/23).**

**വിഷയം:-** പ്ലാസ്റ്റിക്കിനു പകരം പേപ്പർ ക്യാരിബാഗ് ഉല്പാദന യൂണിറ്റ് തുടങ്ങുന്നതു സംബന്ധിച്ച്

പ്ലാസ്റ്റിക് ക്യാരിബാഗിനുപകരം പേപ്പർ ബാഗിന്റെ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോജക്റ്റ് നിർദ്ദേശമാണ് കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കോട്ടയത്തുള്ള ബയോവേ പാക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പേപ്പർ ക്യാരിബാഗ് നിർമ്മാണം നടത്തുന്നതിനുള്ള മെഷിനറികളും അസംസ്കൃത വസ്തുക്കളും വിതരണം ചെയ്യുന്നുണ്ട്. ക്യാരി ബാഗ് നിർമ്മിക്കുന്നതിനുള്ള പരിശീലനവും ഈ സ്ഥാപനം നൽകുന്നു. കുടുംബശ്രീ, ഭിന്നശേഷി വിഭാഗക്കാരടക്കം എല്ലാവർക്കും ഇതിന്റെ നിർമ്മാണ യൂണിറ്റ് തുടങ്ങാവുന്നതാണ്. ഒരു ഗ്രാമപഞ്ചായത്തിൽ 5 പേരടങ്ങുന്ന 5 യൂണിറ്റുകൾ സ്ഥാപിച്ചാൽ 25 പേർക്ക് തൊഴിൽ നൽകാൻ കഴിയും. 5 യൂണിറ്റ് വീതം എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും വ്യാപിപ്പിക്കുന്നതിനു വേണ്ട നടപടിയെടുക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം തന്നെ ക്യാരി ബാഗിന്റെ വിപണനത്തിനായി ഒരു ജില്ലയിൽ ഒരു സഹകരണ സംഘം രൂപീകരിച്ചാൽ വളരെ എളുപ്പത്തിൽ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയും എന്നുമറിയിച്ചിട്ടുണ്ട്.

**4.99 <u>ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്</u>**

**ബഹു.ആലുവ എം.എൽ.എയുടെ 01.03.2023 ലെ കത്തും ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.02.2023 ലെ 9/1–ാാം നമ്പർ തീരുമാനവും (SRG/550/23).**

**വിഷയം:-** ഗ്രാമപഞ്ചായത്തിലെ പട്ടേരിപ്പുറം അസ്സിസിനഗറിൽ പൊതു സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതു സംബന്ധിച്ച്.

ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിലെ പട്ടേരിപ്പുറം അസ്സീസി നഗറിൽ 25 കുടുംബങ്ങൾക്ക് നസ്രത്ത് ആശ്രമം നാല്പതു വർഷം മുമ്പ് വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഈ വീടുകൾക്കായി നിർമ്മിച്ചു നൽകിയ പൊതു സെപ്റ്റിക് ടാങ്ക് കാലപ്പഴക്കത്താൽ തകർന്നതിനാൽ പുതിയ ടാങ്ക് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഭൂമിയുടെ ഉടമസ്ഥതാവകാശം നസ്രത്ത് ആശ്രമത്തിനാണ്. ടാങ്ക് നിർമ്മിക്കുന്നതിന് നസ്രത്ത് ആശ്രമത്തിന് സമ്മതമാണ്. ഗ്രാമപഞ്ചായത്ത് വിഹിതമുപയോഗിച്ച് സെപ്റ്റിക് ടാങ്ക് നിർമ്മിച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.100 <u>പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്</u>**

**പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.02.2023 ലെ കത്ത് (SRG/420/23).**

**വിഷയം:-** പാറശ്ശാല മഹാദേവക്ഷേത്രത്തിന്റെ സ്ഥലത്ത് ടോയിലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നത് സംബന്ധിച്ച്.

കഴിഞ്ഞവർഷം (2022-23) പാറശ്ശാല ടൗണിനടുത്തുള്ള മഹാദേവ ക്ഷേത്രസ്ഥലത്ത് ടൊയിലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പ്രോജക്റ്റ് ഏറ്റെടുത്തിരുന്നു. കഴിഞ്ഞവർഷം ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ഈ പ്രോജക്റ്റ് ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിക്കുന്നു. ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ളതാണ്. സി.എഫ്.സി - യിൽ (റ്റൈഡ് ഗ്രാന്റ്) നിന്ന് 5.00 ലക്ഷം രൂപയാണ് വകയിരുത്തിരിക്കുന്നത്. ശബരിമല തീർത്ഥാടകരുടെ ഇടത്താവളമാണെന്നും പൊതുജനങ്ങൾക്ക് ഇത് പ്രയോജനപ്പെടുമെന്നും ചൂണ്ടിക്കാണിച്ച് ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.101 <u>ആലപ്പുഴ മുനിസിപ്പാലിറ്റി</u>

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 06.02.2023 ലെ കത്തും ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറിയുടെ 02.01.2023 ലെ** E2-**22502/21-ാം നമ്പർ കത്ത് (SRG 330/23 - CC/**85/**2023)**

**വിഷയം:-** അമൃത് പദ്ധതിയിൽ ലോൺ എടുത്തതുക സി.എഫ്.സി (ടൈഡ് ) ഗ്രാന്റിൽ നിന്നും തിരികെ അടയ്ക്കുന്നതിനു അനുമതി സംബന്ധിച്ച്.

ആലപ്പുഴ നഗരസഭയ്ക്ക് അമൃത് 1.0 പദ്ധതിയിൽ 222.7 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുക 50:30:20 അനുപാതത്തിൽ കേന്ദ്രം, സംസ്ഥാനം, നഗരസഭാ വിഹിതമായാണ് കണക്കാക്കുന്നത്. ഇതിൽ ലോൺ വിഹിതം 23.85 കോടി രൂപയാണ്. 10 തുല്യ ഗഡുക്കളായി 7.5 ശതമാനം പലിശയോടെ പ്ലാൻ ഫണ്ടിൽ നിന്നാണ് ഈ തുക തിരികെ അടയ്ക്കുന്നത്. എന്നാൽ വെള്ളപ്പൊക്കം, കൊവിഡ് എന്നിവ മൂലം യഥാസമയം ലോൺ തിരികെ അടച്ചിട്ടില്ല. ആകെ 56.00 ലക്ഷം രൂപയാണ് തിരികെ അടച്ചത്. ഈ സാഹചര്യത്തിൽ ലോൺ തുകയുടെ ഗഡുക്കൾ ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ് ) ൽ നിന്ന് അടയ്ക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.102 <u>മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്</u>

**റൂറൽ ഡയറക്ടറുടെ 10.02.2022 ലെ** PAN/1490/2023-J1 (DP) **നമ്പർ കത്തും മംഗൽപാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.11.2022 ലെ** SC2-291/2022-**ാം നമ്പർ കത്തും (SRG 317/23)**

**വിഷയം:-** കുബന്നൂർ മാലിന്യ സംസ്കരണ പ്ലാന്റിലെ മാലന്യം നീക്കുന്നതിലെ ടെണ്ടർ നടപടി സംബന്ധിച്ച്

| **പ്രോ.നം: 138/22** | **അടങ്കൽ** | **85,00,000/- രൂപ** |
|---|---|---|
| | സി.എഫ്.സി റ്റൈഡ് ഗ്രാന്റ് | 52,36,000 രൂപ |
| | തനത്ഫണ്ട് | 32,64,000 രൂപ |
| **പേര്** | **കുബന്നൂർ മാലിന്യസംസ്കരണ പ്ലാന്റിലെ മാലിന്യം നീക്കം ചെയ്യൽ** | |

ഗ്രാമപഞ്ചായത്ത് 2021-22 വർഷം കുബന്നൂർ മാലിന്യ സംസ്കരണ പ്ലാന്റിൽ കഴിഞ്ഞ 18 വർഷം കെട്ടികിടന്ന മാലിന്യം നീക്കം ചെയ്യുന്നതിന് 85.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. പ്രോജക്ട് ഇ-ടെണ്ടറിലൂടെ നടപ്പാക്കുന്നതിനു പകരം ടെണ്ടറിലൂടെയാണ് നടപ്പാക്കിയത്. പ്രദേശവാസികൾ സമരം ചെയ്തതിനാൽ പെട്ടെന്ന് നടപ്പാക്കാനാണ് ഇ-ടെണ്ടർ ഒഴിവാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. 7530**m3** മാലിന്യമാണ് ഉണ്ടായിരുന്നത്. ഇ-ടെണ്ടറിനു പകരം സാധാരണ ടെണ്ടർ നടത്തിയതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.103 <u>മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത്</u>

**മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 30.01.2023) (SRG 279/23)**

**വിഷയം:-** ഭാരതപ്പുഴ സംരക്ഷണത്തിന് പ്രോജക്ട് ഏറ്റെടുക്കുന്നത് സംബന്ധിച്ച്

ഭാരതപ്പുഴ സംരക്ഷണത്തിന്റെ ഭാഗമായി 'തെളിനീരൊഴുകും നവകേരളം' എന്ന പേരിൽ കഴിഞ്ഞ വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ജില്ലാ കളക്ടറുടെ നിർദ്ദേശം കൂടി പരിഗണിച്ചെടുത്ത

ഈ പ്രോജക്റ്റ് ചെറുകിട ജലസേചന വകുപ്പ് മുഖേന നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.104 **മൊകേരി ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.04.2023 ലെ കത്തും മൊകേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.11.2022 ലെ 1/174(1)–ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG 637/23 – CC /266/2023).**

**വിഷയം:–** മൊകേരി എ.കെ.ജി വായനശാല ആന്റ് ഗ്രന്ഥാലയത്തിന് പൊതു ശൗചാലയം നിർമ്മിക്കുന്നതു സംബന്ധിച്ച്

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളോട് ചേർന്ന് പൊതു ശൗചാലയം നിർമ്മിക്കുന്ന പ്രോജക്ട് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരുന്നു. ഇതിനായി ശുചിത്വമിഷൻ 1.80 ലക്ഷം രൂപയും സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ 20,000 രൂപയും അനുവദിച്ചിട്ടുണ്ട്. കോസ്റ്റ് ഫോർഡാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർക്ക് എസ്റ്റിമേറ്റിന്റെ പകർപ്പ് നൽകികൊണ്ട് ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തി ചെയ്യിപ്പിക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ കോസ്റ്റ് ഫോർഡിന്റെ സേവനം വേണ്ട രീതിയിൽ ലഭിച്ചില്ല. അസി.എഞ്ചിനീയറുടെ മേൽനോട്ടവും ലഭിച്ചില്ല. ഗുണഭോക്തൃ സമിതി ടോയിലറ്റ് നിർമ്മാണം പൂർത്തിയാക്കി. ഇതിന്റെ തുക നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.105 **അലനല്ലൂർ ഗ്രാമപഞ്ചായത്ത്**

**അലനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.09.2022 ലെ A3-7144/2022–ാം നമ്പർ കത്തും അലനല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.09.2022 ലെ 9(16)–ാം നമ്പർ തീരുമാനവും സർക്കാരിന്റെ 10.04.2023 ലെ ധന 3/83/2023/LSGM നമ്പർ കത്തും (SRG 681/23, SRG/739/23, SRG/501/23 – CC / 585/2022).**

**വിഷയം:–** എം.സി.എഫിൽ ശേഖരിച്ച മാലിന്യം നീക്കം ചെയ്തതിന്റെ ചെലവ് നൽകുന്നതു സംബന്ധിച്ച്.

അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ എം.സി.എഫ് ലെ മാലിന്യം നീക്കം ചെയ്ത ഇനത്തിൽ അരവിന്ദ് അസ്സോസിയേറ്റ് എന്ന സ്ഥാപനത്തിന് 1,33,880 രൂപ നൽകാനുണ്ട്. എം.സി.എഫിലെ മാലിന്യം ക്ലീൻ കേരള കമ്പനി നീക്കം ചെയ്യുന്നതിന് ക്ലീൻകേരള കമ്പനിയുമായാണ് കരാറിൽ ഏർപ്പെട്ടിരുന്നത്. പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ക്ലീൻകേരള കമ്പനി നടപടി സ്വീകരിക്കാത്തതിനാലും എം.സി.എഫ് സ്ഥിതി ചെയ്യുന്ന സ്ഥലം ഒഴിഞ്ഞുകൊടുക്കേണ്ട സാഹചര്യം വന്നതിനാലുമാണ് ടെണ്ടർ വിളിക്കാതെ ഈ കമ്പനിയെ തെരഞ്ഞെടുത്തത്. കരാറിലേർപ്പെടാതെയാണ് മാലിന്യം നീക്കം ചെയ്യിപ്പിച്ചത്. കൊവിഡ് മഹാമാരിയുടെ കൂടെ പശ്ചാത്തലത്തിലാണ് ഈ നടപടി സ്വീകരിച്ചത് എന്ന് ചൂണ്ടി കാണിച്ച് അരവിന്ദ് അസ്സോസിയേറ്റിനു നൽകേണ്ട 1,33,880 രൂപ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.106 **ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.05.2023 ലെ കത്തുകളും (4 എണ്ണം) ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.04.2023 ലെ കത്തും (SRG 726/23 – CC/311/23, SRG/725/23 – CC/312/23, SRG/728/23 – CC/309/23, SRG/727/23 – CC/310/23)**

**വിഷയം:-** വിവിധ ക്ഷേത്രങ്ങളിൽ ടേക്ക് എ ബ്രേക്ക് പരിപാടിയുടെ ഭാഗമായി ശുചിമുറി നിർമ്മാണം (4 എണ്ണം)

താഴെപറയുന്ന കേന്ദ്രങ്ങളിൽ ടേക്ക് എ ബ്രേക്ക് പരിപാടിയുടെ ഭാഗമായി ടോയിലറ്റ് നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | ക്ഷേത്രത്തിന്റെ പേര് | ക്ഷേത്രത്തിന്റെ ഉടമസ്ഥത | അടങ്കൽ |
|---|---|---|---|---|
| 1 | 50/23 | കോടർമണ്ണ മഹാവിഷ്ണു ക്ഷേത്രം – ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | മലബാർ ദേവസ്വം ബോർഡ് | **6,50,000 രൂപ**<br>സി.എഫ്.സി റൈറ്റഡ് – 5,93,700<br>സംഭാവന – 56,300 |
| 2 | 52/23 | കാളികാവ് ഭഗവതി ക്ഷേത്രം പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് | മലബാർ ദേവസ്വം ബോർഡ് | **6,50,000 രൂപ**<br>സി.എഫ്.സി റൈറ്റഡ് – 5,93,700<br>സംഭാവന – 56,300 |
| 3 | 44/23 | പുലപ്പാറ്റ ശ്രീ കുറുംബഭഗവതി ക്ഷേത്രം – കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് | ട്രസ്റ്റ് – ബോർഡ് | **6,50,000 രൂപ**<br>സി.എഫ്.സി റൈറ്റഡ് – 5,93,700<br>സംഭാവന – 56,300 |
| 4 | 49/23 | കടിയമ്പാല ശ്രീകുറുംബ ഭഗവതി ക്ഷേത്രം – കാരക്കുറിശ്ശി | ട്രസ്റ്റ് – ബോർഡ് | **6,50,000 രൂപ**<br>സി.എഫ്.സി റൈറ്റഡ് – 5,93,700<br>സംഭാവന – 56,300 |

4.107 **ആറളം ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 08.03.2023 ലെ കത്തും തദ്ദേശസ്വയംഭരണവകുപ്പ് കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 02.03.2023 ലെ D3/2766/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 513/23 – CC/149/23)**

**വിഷയം:-** വീർപ്പാട് പൊതു ശ്മശാനത്തിന് നവീകരണപ്രവർത്തനം നടത്തിയതിന്റെ ബിൽതുക നല്കുന്നത് സംബന്ധിച്ച്.

| *പ്രോ.നം: 212/23* | ***അടങ്കൽ*** | ***6,25,662/- രൂപ*** *(സി.എഫ്.സി റൈറ്റഡ്)* |
|---|---|---|
| ***പേര്*** | **വീർപ്പാട് പൊതു ശ്മശാനം നവീകരണം** | |

വീർപ്പാട് പൊതു ശ്മശാനത്തിന്റെ ഫർണസ്, ചിമ്മിനി തുടങ്ങിയവ നിർമ്മിച്ചത് RAIDCO ആണ്. പൊതു ശ്മശാനത്തിന് മേൽക്കൂരയുടെ മുകളിൽ ഷീറ്റ് ഇടൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ എന്നീ അനുബന്ധ പ്രവർത്തനങ്ങൾ കൂടി നടത്തേണ്ടിയിരുന്നു. ഇതിനു പ്രോജക്റ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തു. രണ്ടു പേർ ടെണ്ടറിൽ പങ്കെടുത്തു. എസ്റ്റിമേറ്റിനെക്കാൾ 0.009 ശതമാനം കുറവ് ക്വാട്ട് ചെയ്ത ശ്രീ.തോമസ് സെബാസ്റ്റ്യൻ എന്ന

വ്യക്തിയെ തെരഞ്ഞെടുത്തു. എന്നാൽ കരാറടക്കമുള്ള ബാക്കി നടപടികൾ പൂർത്തിയാക്കുന്നതിന് മുൻപു തന്നെ ഈ വ്യക്തി നിർമ്മാണം ആരംഭിച്ചു. കരാറിലേർപ്പെടാതെ നിർമ്മാണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടതു പ്രകാരം നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർത്തി വച്ചിരിക്കുകയാണ്. 50 ശതമാനത്തോളം നിർമ്മാണം പൂർത്തിയായി. ഇപ്പോൾ നടത്തിയ നിർമ്മാണത്തിന്റെ വാല്യുവേഷൻ തുക 4,71,299 രൂപയാണ്. ഈ നിർമ്മാണം നശിച്ചുപോകും എന്നതിനാൽ ഇനിയുള്ള പ്രവൃത്തികൾ വേഗം ആരംഭിക്കണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാല്യുവേഷൻ പ്രകാരമുള്ള തുക നൽകുവാനും ഇനിയുള്ള നിർമ്മാണം പൂർത്തിയാക്കാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.108 <u>ആറളം ഗ്രാമപഞ്ചായത്ത്</u>

**കണ്ണൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 08.03.2023 ലെ കത്തും ആറളം ഗ്രാമപഞ്ചായത്തു ഭരണസിമിതിയുടെ 0302.2023 ലെ 2(1)-ാം നമ്പർ തീരുമാനവും (SRG 514/23 - CC/150/23)**

**വിഷയം:-** വീർപ്പാട് പൊതുശ്മശാനം അനുബന്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 284/23* | *അടങ്കൽ* | *8,00,000/- രൂപ (വികസനഫണ്ട് - ജനറൽ)* |
| *പേര്* | **വീർപ്പാട് പൊതുശ്മശാനം - ചുറ്റുമതിലും അനുബന്ധ പ്രവൃത്തികളും** | |

ആറളം ഗ്രാമപഞ്ചായത്തിൽ വീർപ്പാട് ശ്മശാനത്തിന്റെ ഫർണസ്, ചിമ്മിനി തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ RAIDCO ആണ് നടത്തിയത്. ശ്മശാനത്തിന് ചുറ്റുമതിലും മറ്റ് അനുബന്ധ പ്രവർത്തനത്തിനുമാണ് ഈ പ്രോജക്ട്. ഇതിനായി പ്രവൃത്തി ടെണ്ടർ ചെയ്തു. ശ്രീ. തോമസ് സെബാസ്റ്റ്യൻ എന്ന വ്യക്തി എസ്റ്റിമേറ്റ് തുകയേക്കാൾ 0.009 ശതമാനം കുറവിൽ ക്വാട്ട് ചെയ്യുകയും ഈ ആളെ തെരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ കരാറിൽ ഏർപ്പെടുന്ന തടക്കമുള്ള നടപടികൾ പൂർത്തിയാക്കാതെ ഈ വ്യക്തി ഏകദേശം 50 ശതമാനം നിർമ്മാണം പൂർത്തിയാക്കി. വാല്യുവേഷൻ പ്രകാരം 3,06,398/- രൂപയുടെ നിർമ്മാണമാണ് പൂർത്തിയാക്കിയത്. ബാക്കിയുള്ള നിർമ്മാണം വേഗം ആരംഭിക്കണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാല്യുവേഷൻ പ്രകാരമുള്ള തുക നൽകാനും ഇനിയുള്ള നിർമ്മാണം നടത്താനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.109 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 12.05.2023 ലെ HL-1208/2023-ാം നമ്പർ കത്ത് (SRG 783/23 )**

**വിഷയം:-** ചെങ്ങന്നൂർ കരുണ പെയിൻ & പാലിയേറ്റീവ് സൊസൈറ്റിക്ക് മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച്.

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ആസ്ഥാനമായി കരുണ പെയിൻ & പാലിയേറ്റീവ് കെയർ സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 300 കിടപ്പുരോഗികളെ പരിചരിക്കുന്നതിനുള്ള

സൗകര്യം ഇവിടെ ഉണ്ട്. ഈ പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ ജനറൽ സെക്രട്ടറി ആവശ്യപ്പെട്ട പ്രകാരം ഇവിടെ 50.00 ലക്ഷം രൂപ മുടക്കി ഒരു മലിനജല സംസ്കരണ പ്ലാന്റ് (എസ്.റ്റി.പി) സ്ഥാപിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ശുചിത്വമിഷന്റെ ഫണ്ട് ഈ ആവശ്യത്തിന് ലഭിക്കാൻ ബുദ്ധിമുട്ടാണെന്ന് അറിയിച്ചിട്ടുണ്ട്.

4.110 <u>റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്</u>

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.05.2023 ലെ കത്തും റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.05.2023 ലെ JC4/2226-ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.04.2023 ലെ 15(1)-ാം നമ്പർ തീരുമാനവും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 16.03.2023ലെ 22/AE/LID & EW/2022-23 ലെ കത്തും** (SRG 746/23 - CC/322/2023)

**വിഷയം:-** കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റുകളുടെ ബിൽതുക നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 41/23*** | ***അടങ്കൽ*** | ***9,84,321/- രൂപ*** |
| | *ശുചിത്വമിഷൻ വിഹിതം* | *9,12,000/- രൂപ* |
| | *തനത് ഫണ്ട്* | *72,321/- രൂപ* |
| ***പേര്*** | **കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റുകൾ 2 എണ്ണം** | |

റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ 2013-14 വർഷം ഇട്ടിയപ്പാറ എം.സി.എഫിനു സമീപം പഴയ മാർക്കറ്റിൽ രണ്ട് കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. ശുചിത്വമിഷൻ വിഹിതം ഉപയോഗിച്ചുള്ള ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിന് 21.12.2023 ൽ തിരുവനന്തപുരത്തുള്ള റോയൽ അസ്സോസിയേറ്റ്സ് എന്ന സ്ഥാപനവുമായി അസിസ്റ്റന്റ് എഞ്ചിനീയർ കരാറിലേർപ്പെട്ടു. നിർമ്മാണത്തിന്റെ പുരോഗതിയുടെ അടിസ്ഥാനത്തിൽ 5 ഘട്ടങ്ങളിലായി (2014-15 മുതൽ 2021-22 വരെ) ആകെ 11,35,128 രൂപ നൽകി. 2018,2019 വർഷങ്ങളിലെ പ്രളയവും, കൊവിഡ് മഹാമാരിയും മൂലമാണ് നിർമ്മാണം നിശ്ചിത സമയത്ത് പൂർത്തിയാക്കാൻ കഴിയാത്തത്. കരാർ പ്രകാരമുള്ള കാലപരിധിയനുസരിച്ച് നിർമ്മാണം നടത്താൻ കഴിയാത്തത് കരാറുകാരന്റെ മാത്രം വീഴ്ചയല്ലായെന്ന് എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിരിക്കുന്നു. അതിനാൽ കാലതാമസ മുണ്ടായതിന് കരാറുകാരനിൽ നിന്ന് ഫൈൻ ഈടാക്കുന്നത് ഒഴിവാക്കണമെന്നത് ആശ്യപ്പെട്ടിരിക്കുന്നു. ഒപ്പം രണ്ടു ബയോഗ്യാസ് പ്ലാന്റുകളുടേയും പൂർത്തിയായ പ്രവൃത്തികൾ ശുചിത്വമിഷനെകൊണ്ട് വാല്യുവേഷൻ നടത്താനും ബാക്കിയുള്ള നിർമ്മാണം പുനരാംരംഭിക്കാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.111 <u>മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്</u>

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.04.2023 ലെ കത്തും മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.03.2023 ലെ 88/2023-ാം നമ്പർ തീരുമാനവും** (SRG 755/23 - CC/239/2023)

**വിഷയം:-** ലൈബ്രറികളിൽ ശൗചാലയം നിർമ്മിച്ചതിന്റെ ബിൽതുക നൽകുന്നതു

സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 88/23*** | ***അടങ്കൽ*** | ***2,80,000 രൂപ*** |
| | *കേന്ദ്രാവിഷ്കത വിഹിതം* | *1,20,000 രൂപ* |
| | *സംസ്ഥാനാവിഷ്കത വിഹിതം* | *1,20,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *40,000 രൂപ* |
| ***പേര്*** | **സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളിൽ പൊതു ശൗചാലയം** | |

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള രണ്ടു ലൈബ്രറികളിൽ രണ്ടു വീതം ടോയിലറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിന്റെ എസ്റ്റിമേറ്റ് കോഴിക്കോട് കോസ്റ്റ് ഫോർഡ് തയ്യാറാക്കിയെങ്കിലും സാങ്കേതികാനുമതി കൂടാതെയാണ് നടപ്പാക്കിയത്. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ ഈ പ്രോജക്ട് നിർവ്വഹണ സമയത്ത് മെഷർമെന്റ് എടുത്തിട്ടില്ല. അസി. എഞ്ചിനീയർ എടുത്ത വാല്യുവേഷന്റെ അടിസ്ഥാനത്തിൽ 2022 മാർച്ചിൽ ബിൽ സമർപ്പിച്ചെങ്കിലും ഫണ്ട് ഇല്ലാത്തതിനാൽ തുക നൽകിയില്ല.

ഈ പ്രവൃത്തി ചെയ്തതിന് സാധൂകരണം നൽകി അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ വാല്യുവേഷൻ പ്രകാരം ഗുണഭോക്തൃ കൺവീനർക്ക് തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.112 **<u>മങ്കട ഗ്രാമപഞ്ചായത്ത്</u>**

**മങ്കട ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 05.06.2023 ലെ A1/255/2023 ലെ കത്ത്** (SRG 845/23)

**വിഷയം:-** എം.സി.എഫ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം.225/24*** | ***അടങ്കൽ*** | ***14,50,000 രൂപ*** |
| | *സി.എഫ്.സി റൈറ്റഡ് ഗ്രാന്റ്* | *12,00,000 രൂപ* |
| | *മറ്റു തനതുഭവ വിഹിതം* | *2,50,000 രൂപ* |
| ***പേര്*** | ***എം.സി.എഫ് നിർമ്മിക്കുന്നതിനു സ്ഥലം വാങ്ങൽ*** | |

ഈ വർഷം എം.സി.എഫിനായി സ്ഥലം വാങ്ങാൻ പ്രോജക്ടു ഏറ്റെടുത്തിട്ടുണ്ട്. ആകെ അടങ്കൽ തുകയായ 14.50 ലക്ഷം രൂപയിൽ 12.00 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ റൈറ്റഡ് ഗ്രാന്റ് ആണ്. സ്ഥലം വാങ്ങുന്നതിന് സി.എഫ്.സി റൈറ്റഡ് ഗ്രാന്റുപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.113 **<u>ആറ്റിങ്ങൽ നഗരസഭ</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.10.2022-ലെ Plg - 1040/2022 23/DPC/DPO/തിരു/നമ്പർ കത്തും ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറിയുടെ 25.10.2022-ലെ** G4-12932/22-ാം **നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2023 യോഗം (2.4 ഖണ്ഡിക 4.32) തീരുമാനവും (**SRG 1196/22)

**വിഷയം:-** പ്രൈമറി സ്കൂളിലെ കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം.230/23*** | ***അടങ്കൽ*** | ***2,00,000/-***<br>***(വികസനഫണ്ട് – ജനറൽ)*** |
| ***പേര്*** | ***എൽ.കെ.ജി. മുതൽ ഏഴാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് വ്യായാമത്തിലൂടെ മാനസികോല്ലാസം*** | |

പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യായാമത്തിലൂടെ മാനസികോല്ലാസം നൽകുന്നതിന് ആറ്റിങ്ങൽ നഗരസഭ പ്രോജക്ട് ഏറ്റെടുത്തിരുന്നു. കായികാധ്യാപകരില്ലാത്ത സ്കൂളുകളിൽ നാലാം ക്ലാസ്സ് മുതലുള്ള വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിന് നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപരെ 15,000 രൂപ പ്രതിമാസ വേതനം നൽകികൊണ്ട് 10 മാസത്തേയ്ക്ക് നിയമിക്കാവുന്നതാണെന്ന് ആസൂത്രണ മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. എന്നാൽ പ്രീപ്രൈമറി മുതൽ നാലാം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്കായി പരിശീലകരെ നിശ്ചയിച്ച് അനുവദനീയമായ ഓണറേറിയം എത്രയാണെന്ന് വ്യക്തമാക്കണമെന്ന് ആറ്റിങ്ങൽ നഗരസഭ ആവശ്യപ്പെട്ടിരുന്നു. ഇത് 19.12.2022-ലെ കോഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും നാലാം ക്ലാസ്സിനു താഴെയുള്ള വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനുള്ള അദ്ധ്യാപകരുടെ യോഗ്യത എന്തായിരിക്കണമെന്ന് വിദ്യാഭ്യാസ വകുപ്പിന്റെ കൂടി അഭിപ്രായമാരാഞ്ഞ് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. പൊതു വിദ്യാഭ്യാസ വകുപ്പും സ്പോർട്സ് കൗൺസിൽ സെക്രട്ടറിയും ഇതിന്മേൽ റിപ്പോർട്ട് നൽകിയിട്ടില്ലെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് 14.02.2022-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം തീരുമാനിച്ചു.

**(1)** എന്നാൽ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുമായി എസ്.ആർ.ജി. ചെയർമാൻ 20.03.2023 ൽ നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ പ്രൈമറി സ്കൂൾ തലത്തിൽ കായിക പരിശീലനം നൽകാനുള്ള അദ്ധ്യാപകരുടെ യോഗ്യത, വേതനം, ക്ലാസ്സുകളുടെ സമയക്രമം എന്നിവ നൽകിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| **പ്രൈമറി സ്കൂൾ തലത്തിൽ കായിക പരിശീലനം നൽകുവാനുള്ള അദ്ധ്യാപകരുടെ യോഗ്യത, വേതനം, ക്ലാസ്സുകളുടെ സമയക്രമം മുതലായവ.** | | | |
|---|---|---|---|
| തസ്തിക | യോഗ്യത | വേതനം | സമയക്രമം |
| കായികാദ്ധ്യാപകൻ | CPED,DPED,BPED, VHSC IN PE<br>G.V.Raja/Kannur Sports Division നിന്നും Plus two പാസ്സായവർ<br>ഇവരുടെ അഭാവത്തിൽ വിരമിച്ച കായികാദ്ധ്യാപകർ | **15000**<br>**500x 30 Session**<br>**1 Session = 1 Hours** | അതത് സ്കൂൾ അധികാരികൾക്ക് സമയക്രമം നിശ്ചയിക്കാം |
| യോഗ | അംഗീകൃത സർവ്വകലാശാലയിൽ നിന്നും BNYS (Batchelor of Naturopathy and Yoga) അംഗീകൃത യൂണിവേഴ്സിറ്റികൾ നടത്തുന്ന Certificate in yoga, BSC in Yoga | **Rs.400x 30** | |

| | | | |
|---|---|---|---|
| കരാട്ടേ | 8th dan blackbelt, NIS Certificate (6 Weeks) | Rs.400x 30 | |
| ജിംനാസ്റ്റിക് | NIS Certificate (6 Weeks) ഇവരുടെ അഭാവത്തിൽ സംസ്ഥാനതല മെഡൽ ജേതാവ് | Rs.400x 30 | |
| ജൂഡോ | NIS Certificate (6 Weeks) ഇവരുടെ അഭാവത്തിൽ സംസ്ഥാനതല മെഡൽ ജേതാവ് | Rs.400x 30 | |
| നീന്തൽ | NIS Certificate (6 Weeks) ഇവരുടെ അഭാവത്തിൽ സംസ്ഥാനതല മെഡൽ ജേതാവ് | Rs.400x 30 | |

1 മുതൽ 4 വരെ പഠിക്കുന്ന കുട്ടികൾക്കുള്ള കായിക വിദ്യാഭ്യാസം എങ്ങനെ എന്ന് തീരുമാനിക്കുന്നതിനും സിലബസ് രൂപീകരിക്കുന്നതിനും വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കരിക്കുലം കമ്മിറ്റിയിൽ തീരുമാനിക്കാവുന്നതാണ് എന്ന് സ്പോർട്സ് കൗൺസിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**2)** കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022-ലെ യോഗ തീരുമാനപ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ താഴെപ്പറയും പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്** :- പൊതു വിദ്യാഭ്യാസ വകുപ്പിൽ നാലാംതരം വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക കായിക പരിശീലനം നടത്തുന്നില്ല എന്നും ഈ വിദ്യാർത്ഥികൾക്ക് **"ഇൻക്ലൂസീവ്"** വിദ്യാഭ്യാസമാണ് നടപ്പാക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. എൽ.പി. ക്ലാസ്സുകൾക്കായി കായിക അദ്ധ്യാപക തസ്തിക നിലവിലില്ല. അതിനാൽ എൽ.പി. തലങ്ങളിൽ കായിക അദ്ധ്യാപക യോഗ്യത നിശ്ചയിച്ചിട്ടില്ല. എൽ.പി. സ്കൂളുകളിൽ എൽ.പി. അദ്ധ്യാപകർ തന്നെയാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്.

**4.114 <u>പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2023 ലെ കത്തും (SRG 209/23, CC/959/22)**

**വിഷയം:-** പ്ലസ് ടു വരെയുള്ള കുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| **പ്രോ.നം: 34/23** | **അടങ്കൽ** | **1,00,000/- രൂപ** (വികസനഫണ്ട്) |
| **പേര്** | **ബാലസൗഹൃദ പഞ്ചായത്ത് രൂപീകരണം** | |

കുട്ടികൾക്ക് മെച്ചപ്പെട്ട ശാരീരിക മാനസിക ആരോഗ്യം ലക്ഷ്യമിട്ടാണ് ഗ്രാമപഞ്ചായത്ത് ബാലസൗഹൃദ പഞ്ചായത്ത് രൂപീകരണം എന്ന പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നത്. പ്ലസ് ടു വരെയുള്ള കുട്ടികൾക്ക് കരാട്ടെ പരിശീലനമാണ് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുത്ത 195 വിദ്യാർഥി വിദ്യാർത്ഥിനികൾക്ക് ശ്രീ.വി. രാജേഷ് എന്ന ആൾ കാരാട്ടെ പരിശീലിപ്പിച്ചു. ഒരു കുട്ടിക്ക് പ്രതിമാസം 300 രൂപ നിരക്കിലോ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ള പ്രതിമാസ വേതനമോ (കേരള സ്പോർട്സ് കൗൺസിലിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന

കരാട്ടെ പരിശീലകന് പ്രതിമാസം 23,565 രൂപയാണ് വേതനം) നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.115 <u>തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്</u>**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.12.2022 ലെ കത്തും തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 1(3)-ാം നമ്പർ തീരുമാനവും (SRG 109/23)**

**വിഷയം:-** കൗമാരക്കാരായ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| **പ്രോ.നം: 167/23** | **അടങ്കൽ** | **1,50,000 രൂപ** (വികസനഫണ്ട് ജനറൽ) |
| **പേര്** | **കൗമാരക്കാരായ പെൺകുട്ടികൾക്ക് സ്വയ രക്ഷയ്ക്ക് കരാട്ടെ പരിശീലനം നൽകൽ** | |

കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതിന് പ്രോജക്ട ഏടുത്തിട്ടുണ്ട്. ഇതിനായി പരിശീലകരെ നിയോഗിക്കേണ്ടതുണ്ട്. കരാട്ടെ പരിശീലനം നൽകാൻ മാർഗ്ഗരേഖയിൽ അനുമതിയുണ്ടെങ്കിലും പരിശീലകന്റെ നിയമനം, നൽകാവുന്ന പ്രതിഫലം എത്രയാണ് എന്നതു സംബന്ധിച്ച് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല. അതിനാൽ ഇവർക്കു നൽകാവുന്ന പ്രതിഫലം എത്രയെന്ന് നിശ്ചയിച്ച നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.116 <u>തകഴി ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.04.2023 ലെ കത്ത് (SRG 672/23 – CC-281/2023)**

**വിഷയം:-** സ്കൂൾ വിദ്യാർത്ഥിനികൾക്ക് കായിക പരിശീലനം നൽകിയതിന് അധികമായി ചെലവഴിച്ച തുകയ്ക്ക് സാധൂകരണം സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 181/23*** | ***അടങ്കൽ*** | ***60,000 രൂപ*** *(വികസനഫണ്ട് -ജനറൽ)* |
| ***പേര്*** | **ടാലന്റ് ഹണ്ട് - സ്കൂൾ വിദ്യാർത്ഥിനികൾക്ക് കായിക പരിശീലനം** | |

ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു ഫുട്ബോൾ ടീം രൂപീകരിക്കുന്നതിന്റെ ഭാഗമായി 5,6,7 ക്ലാസ്സുകളിൽ പഠിക്കുന്ന തെരഞ്ഞെടുത്ത 26 വിദ്യാർത്ഥിനികൾക്ക് ഒരു മാസത്തെ പരിശീലനം നടത്തി. പരിശീലകർക്ക് വേതനം, ജേഴ്സി, ഭക്ഷണം എന്നിവയ്ക്കായി ആകെ 59,342 രൂപ ചെലവഴിച്ചു. മാർഗ്ഗരേഖ പ്രകാരം ഇതിനായി 30,000 രൂപയാണ് ചെലവഴിക്കാവുന്നത്. അധികമായി തുക ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.117 <u>കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്</u>**

**കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.02.2023 ലെ കത്തും അനുബന്ധ രേഖകളും (SRG 453/2023)**

**വിഷയം:-** PWD റോഡിനു സൈഡിൽ വെള്ളം ഒഴുക്കി കളയുന്നതിനു കാന നിർമ്മിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| **പ്രോ.നം : 156/23** | **അടങ്കൽ** | **22,22,000 /- രൂപ** (മെയിന്റനൻസ് ഗ്രാന്റ് – റോഡ്) |
| **പേര്** | **കല്ലുംകൂട് റോഡ് മെയിന്റനൻസ് വാർഡ് 14** | |

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ പതിനാലാം നമ്പർ വാർഡിലെ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കാഞ്ഞൂർ– കല്ലും കൂട് റോഡ് വെള്ളക്കെട്ടുമൂലം സഞ്ചാര യോഗ്യമല്ല. ഈ വിഷയം PWD യുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും പരിഹാരമുണ്ടായിട്ടില്ല. അതിനാൽ വെള്ളക്കെട്ട് മാറ്റുന്നതിന് റോഡ് സൈഡിലെ മണ്ണുനീക്കം ചെയ്തു കട്ട വിരിച്ച് വെള്ളം ഒഴുക്കി കളയുന്നതിനാണ് പ്രോജക്ട്. സംസ്ഥാന ഓഡിറ്റ് വിഭാഗം ഗ്രാമപഞ്ചായത്ത് സന്ദർശിക്കവെ PWD റോഡിൽ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയറോട് വിശദീകരണം ആരാഞ്ഞു. അതിനാൽ നിർമ്മാണം തുടങ്ങുന്നതു നിർത്തിവച്ചിരിക്കുകയാണ്. ഈ പ്രവൃത്തി അടിയന്തിര സ്വഭാവമുള്ളതാണെന്ന് ചൂണ്ടികാണിച്ച് പ്രോജക്ടു നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.118 <u>പുതുപ്പാടി ഗ്രാമപഞ്ചായത്ത്</u>**

**പുതുപ്പാടി ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 14.03.2023) (SRG/495/23).**

**വിഷയം:-** റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രോജക്ട് അടുത്തവർഷം സ്പിൽ ഓവറാക്കാനും അതിന്റെ വിഹിതം പ്രത്യേകമായി അനുവദിയ്ക്കണമെന്നതും സംബന്ധിച്ച്.

പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ചുള്ള പ്രവർത്തികളുടെ എഗ്രിമെന്റ് നടപടിവരെ പൂർത്തിയായിട്ടുണ്ട്. എന്നാൽ ജൽ ജീവൻ പദ്ധതിയിൽ കുടിവെള്ള പൈപ്പുലൈൻ സ്ഥാപിക്കുന്നതിന് ട്രഞ്ച് എടുത്തതിനാൽ ഈ വർക്കുകൾ 2022–23 വർഷം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. 99.30 ലക്ഷം രൂപയുടെ 33 പ്രവർത്തികളാണ് ഇങ്ങനെയുള്ളത്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡിൽ വന്ന കേടുപാടുകൾ പൂർവ്വസ്ഥിതിയിലാക്കാൻ ജൽ ജീവൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനുശേഷം മാത്രമേ ഗ്രാമപഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്താൻ കഴിയൂ. അത് 2022–23 വർഷം സാധിക്കില്ല എന്നതിനാൽ 2023–24 വർഷം ഈ പ്രോജക്ടുകൾ നടപ്പാക്കാനും അതിനുള്ള വിഹിതം നഷ്ടപ്പെടാതെ ഈ വർഷം നൽകാനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.119 <u>വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്</u>**

**വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.01.2023 ലെ കത്ത് (SRG/283/23).**

**വിഷയം:-** റോഡ് ഗതാഗതത്തിനു തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റു മാറ്റി സ്ഥാപിക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

വണ്ണപ്പുറം ഗ്രാമപഞ്ചായത്തിലെ 5,13,14,15 എന്നീ വാർഡുകളിൽ റോഡു പുനരുദ്ധാരണം ആവശ്യമുണ്ട്. ഇതിന്റെ ഭാഗമായി റോഡ് ഗതാഗതത്തിനു തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി 1,25,000 രൂപ റോഡ് മെയിന്റനൻസ്

ഗ്രാന്റുപയോഗിച്ച് കഴിഞ്ഞവർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നുവെങ്കിലും ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. റോഡ് മെയിന്റനൻസ് ഗ്രാന്റ് തന്നെ ഇതിനായി ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.120 <u>എളവള്ളി ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2023 ലെ കത്ത് (SRG/232/23 – CC /974/2022).**

**വിഷയം:-** PWD റോഡ് സൈഡിലെ കാട് വെട്ടിതെളിക്കുന്നതു സംബന്ധിച്ച്.

എളവള്ളി ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളിലും PWD റോഡുകളിലും വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും സുരക്ഷാ ഭീഷണി ഉയർത്തുന്ന പൊന്തക്കാടുകൾ നീക്കം ചെയ്യുന്നതിന് തനതുഫണ്ടുപയോഗിച്ച് പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.121 **<u>മേപ്പയൂർ ഗ്രാമപഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.02.2023 ലെ കത്തും മേപ്പയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.04.2023 ലെ** SC2-3952/22(2)-ാം **നമ്പറായുള്ള കത്തും അനുബന്ധ രേഖകളും (SRG 369/23 – CC-19/2023)**

**വിഷയം:-** ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡ് നവീകരണം സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 168/23 | ***അടങ്കൽ*** | ***6,00,000 രൂപ*** *(വികസനഫണ്ട് -ജനറൽ)* |
| ***പേര്*** | **നടുവിലകണ്ടി മുണ്ടേകുനി റോഡ് നവീകരണം** | |

മേപ്പയൂർ ഗ്രാമപഞ്ചായത്ത് മൂന്നാം വാർഡിലെ നടുവിലക്കണ്ടി മുണ്ടേക്കുനി റോഡ് ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്. ഈ റോഡിന്റെ നവീകരണത്തിനായി 6.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഇറിഗേഷൻ വകുപ്പ് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പാക്കാനായി തുക ഇറിഗേഷൻ വകുപ്പിന് ഡിപ്പോസ്റ്റ് ചെയ്യാൻ അനുമതി ആവശ്യപ്പെടുന്നു.

4.122 **<u>കൈനകരി ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.02.2023 ലെ കത്തും കൈനകരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.02.2023 ലെ** X(1)ാം **നമ്പർ തീരുമാനവും (SRG 366/23, CC**/118/2023**)**

വിഷയം:- **സായ് – പുന്നമട കോസ്റ്റ് ഇൻഡക്സ് പ്രൈസ് സോഫ്റ്റ് വെയറുമായി അപ്ഡേറ്റു ചെയ്യണമെന്നതു സംബന്ധിച്ച്.**

കൈനകരി ഗ്രാമപഞ്ചായത്ത് ജലാശയങ്ങളാൽ ചുറ്റപ്പെട്ടതായതിനാൽ നിർമ്മാണ പ്രവർത്തികൾക്ക് കയറ്റിറക്ക് കൂലി കൂടുതലാണ്. അതിനാൽ 17.02.2020 ലെ 395/2022/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം സായ് പുന്നമട കോസ്റ്റ് ഇൻഡക്സ് കൈനകരി ഗ്രാമപഞ്ചായത്തിനു ബാധകമാക്കി ഉത്തരവാക്കിയിട്ടുണ്ട്. എന്നാൽ സായ്-പുന്നമട കോസ്റ്റ് ഇൻഡക്സ് പുതിയ പ്രൈസ് 3 സോഫ്റ്റ് വെയറിലെ എല്ലാ ഇനങ്ങൾക്കും ബാധകമായി അംഗീകരിച്ചുകൊണ്ടു നടപ്പാക്കിയിട്ടില്ല. അതിനാൽ നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനു ബുദ്ധിമുട്ടു

നേരിടുന്നു. ഈ സാഹചര്യത്തിൽ സായ് - പുന്നമട കോസ്റ്റ് ഇൻഡക്സ് പ്രൈസ് 3 സോഫ്റ്റ് വെയറുമായി അപ് ഡേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.123 <u>പാണാവള്ളി ഗ്രാമപഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.04.2023 ലെ <u>കത്തും</u> പാണാവള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.01.2023 ലെ 12(1)-ാം നമ്പർ തീരുമാനവും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.03.2023 ലെ SC2-2741/22-ാം നമ്പർ <u>കത്തും</u> (SRG 635/23 - CC /193/23).**

**വിഷയം:-** 2019-20 വർഷം പദ്ധതിയിൽ ഉണ്ടായിരുന്ന വളവിൽ ചിറകോളനി റോഡ് സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:* 80/20** | ***അടങ്കൽ*** | ***2,00,000 രൂപ (എസ്.സി.പി)*** |
| ***പേര്*** | **വളവിൽ ചിറ കോളനി റോഡ് - (3)** | |

പാണാവള്ളി ഗ്രാമപഞ്ചായത്തിൽ 3-ാം വാർഡിൽ വളവിൽചിറ കോളനി റോഡ് നിർമ്മാണത്തിന് 2019-20 വർഷം പ്രോജക്ട് എടുത്തിരുന്നു. 28.02.2020 ൽ റീ ടെണ്ടർ നടന്നപ്പോൾ ഈ പ്രവൃത്തി റീ ടെണ്ടറിൽ എസ്റ്റിമേറ്റ് തുക രേഖപ്പെടുത്തിയ ശ്രീ. ബഷീർ ഇ.കെ എന്നയാളുമായി 20.03.2020 ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിലേർപ്പെട്ടു. എന്നാൽ ഇതിനു ശേഷമാണ് പ്രോജക്ട് വെറ്റ ചെയ്തത്. അടങ്കലിന്റെ ഘടനയിൽ ഭേദഗതി ചെയ്ത് ഈ പ്രോജക്ട് 2020-21 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തി. 2020-21 ന ശേഷമുള്ള രണ്ടു വർഷം ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നില്ല. ഇതിന്റെ നിർമ്മാണം പൂർത്തിയാക്കി. നിർവ്വഹണ ഉദ്യോഗസ്ഥന് വീഴ്ചയുണ്ടായി എന്ന് ചൂണ്ടികാണിച്ചുകൊണ്ട് ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തി ബിൽ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.124 <u>ചീക്കോട് ഗ്രാമപഞ്ചായത്ത്</u>

**തദ്ദേശസ്വയംഭരണവകുപ്പ് മലപ്പുറം ഡെപ്യൂട്ടി ഡയറക്ടറുടെ 20.01.2023 ലെ DDP-MPM/1860/2022-D16-ാം നമ്പർ <u>കത്തും</u> ശ്രീ പി. ശ്രീധരൻ, ചീക്കോട് എന്ന വ്യക്തിയുടെ 25.01.2022 ലെ <u>കത്തും</u> (SRG 771/23).**

**വിഷയം:-** ഓവുങ്ങൽ - വലിയമല റോഡ് നിർമ്മാണത്തിന് ഫണ്ട് അനുവദിക്കണമെന്നതു സംബന്ധിച്ച്.

ചീക്കോടു ഗ്രാമപഞ്ചായത്ത് ഒമ്പതാം വാർഡിലെ ഓവുങ്ങൽ - വലിയമല റോഡ് നിർമ്മാണത്തിന് ഫണ്ട് അനുവദിക്കണമെന്ന് ശ്രീ. പി. ശ്രീധരൻ ചീക്കോട് എന്ന വ്യക്തി ആവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.09.2022-ലെ 6(2)-ാം നമ്പർ തീരുമാനപ്രകാരം ഫണ്ട് അനുവദിക്കണമെന്ന് ജില്ലാ പഞ്ചായത്തിനോടാവശ്യപ്പെട്ടിരുന്നു. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ 34.71 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും പ്രസ്തുത റോഡ് ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്തതിനാൽ ഫണ്ട് അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഇത്രയും തുക ഗ്രാമപഞ്ചായത്തിന് കണ്ടെത്താൻ ബുദ്ധിമുട്ടായതിനാൽ സർക്കാരിൽ നിന്ന് ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുകളിൽ പറഞ്ഞവ പരിഗണനയ്ക്കായി നൽകിയിരിക്കുന്നത്.

4.125 **<u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.03.2023 ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 02.03.2023 ലെ** DPT/A4-2231/2023-ാം **നമ്പർ കത്തും (SRG 530/23 -** CC/191/23**).**

**വിഷയം:-** ഖന്നാനഗർ എസ്.സി കോളനിയിൽ ഇറിഗേഷൻ കനാലിന്റെ വശം കെട്ടുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 1202/23 | ***അടങ്കൽ*** | ***40,00,000 രൂപ (എസ്.സി.പി)*** |
| ***പേര്*** | **കൊരട്ടി ഗ്രാമപഞ്ചായത്ത് - ഖന്നാനഗർ എസ്.സി കോളനി സമഗ്ര വികസനം വാർഡ് - 2** | |

കഴിഞ്ഞവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഈ പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ഖന്നാനഗർ എസ്.സി കോളനിയുടെ സമഗ്ര വികസനത്തിന്റെ ഭാഗമായി ഇറിഗേഷൻ വകുപ്പിന്റെ കനാലിന്റെ സൈഡു കെട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ നിർമ്മാണ പ്രവർത്തനത്തിന് ഇറിഗേഷൻ വകുപ്പ് NOC നൽകുകയില്ല എന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അതിനാൽ ഈ തുക ഇറിഗേഷൻ വകുപ്പിനു ഡിപ്പോസിറ്റ് ചെയ്ത് പ്രവൃത്തി നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.126 **<u>ഉഴവൂർ ഗ്രാമപഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.02.2023-ലെ കത്തും ഉഴവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.11.2022-ലെ 1(8)-ാം നമ്പർ തീരുമാനവും (SRG 788/23 CC/961)**

**വിഷയം:-** വെയിറ്റിംഗ് ഷെഡിൽ നിർമ്മിച്ച ബെഞ്ചിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 105/23*** | ***അടങ്കൽ*** | ***3,15,000/- രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | ***ഉഴവൂർ ടൗൺ വെയിറ്റിംഗ് ഷെഡ്ഡിൽ ബഞ്ച് നിർമ്മാണം*** | |

ഉഴവൂർ ടൗണിൽ 2015-16 വർഷം ലോക ബാങ്ക് വിഹിതം ഉൾക്കൊള്ളിച്ച് വെയിറ്റിംഗ് ഷെഡ് നിർമ്മിച്ചിരുന്നു. ഉഴവൂർ ടൗണിൽ വെയിറ്റിംഗ് ഷെഡ് നിർമ്മാണം (പ്രോ.നം. 160/2016) വെയിറ്റിംഗ് ഷെഡിന്റെ അനുബന്ധ പ്രവർത്തനങ്ങൾ (പ്രോ.നം. 194/2016) വെയിറ്റിംഗ് ഷെഡിന്റെ വൈദ്യുതീകരണം (പ്രോ.നം.195/2016) എന്നീ പ്രവൃത്തികൾക്കായി യഥാക്രമം 5,98,671 രൂപ, 2,76,496 രൂപ, 99,992 രൂപ (ആകെ 9,75,159 രൂപ) ചെലവഴിച്ചു. ഈ പ്രവൃത്തി ഗുണഭോക്തൃ

സമിതി കൺവീനർ മുഖേനയാണ് ചെയ്തത്. മുകളിൽ പറഞ്ഞ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതാണ്. എന്നാൽ ഗുണഭോക്തൃ സമിതി ഒരു സ്റ്റീൽ പൈപ്പിന്റെ ബെഞ്ചുകൂടി വെയിറ്റിംഗ് ഷെഡിൽ നിർമ്മിച്ചു. ഇതിനായി പ്രത്യേകമായ അനുമതി ഗ്രാമപഞ്ചായത്തിൽ നിന്നു നൽകിയിരുന്നില്ല. ബെഞ്ച് നിർമ്മാണത്തിന്റെ ചെലവ് ഗ്രാമപഞ്ചായത്തിൽ നിന്നു നൽകാത്തതിനാൽ ഗുണഭോക്തൃ സമിതി കൺവീനർ ബഹു.ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തു. മറ്റ് നിയമ തടസ്സങ്ങളൊന്നും ഇല്ലായെങ്കിൽ തുക അനുവദിക്കേണ്ടതാണെന്ന് ബഹു.ഹൈക്കോടതി ഉത്തരവായി (**WP(c)**നം.10430/2017) ഭരണസമിതി വാക്കാൽ നിർദ്ദേശിച്ച പ്രകാരമാണ് നിർമ്മാണം നടത്തിയതെന്ന് അറിയിച്ചിരുന്നു. ഗുണഭോക്തൃ സമിതി കൺവീനർക്ക് 3.15 ലക്ഷം രൂപ നൽകാൻ കഴിഞ്ഞ വർഷം പ്രോജക്ട് തയ്യാറാക്കിയിരുന്നു.

ബെഞ്ച് നിർമ്മാണത്തിന്റെ വാല്യുവേഷൻ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് കോൺട്രാക്ടർ പ്രൊവിഷൻ (15**%)** ഉൾപ്പെടെ 5,73,525 രൂപയും കോൺട്രാക്ടർ പ്രൊവിഷൻ ഒഴിവാക്കി 4,98,702 രൂപയുമാണ് ബഹു. ഹൈക്കോടതി മുൻപാകെ ഗുണഭോക്തൃ സമതി കൺവീനർ ആവശ്യപ്പെട്ടിരിക്കുന്നത് 3,15,000 രൂപ നൽകണമെന്നാണ്. ഈ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.**127 **<u>കോട്ടയം നഗരസഭ</u>**

**ശ്രീ കെ. ചന്ദ്രൻപിള്ള , പ്രതീക്ഷ, കാരാപ്പുഴയുടെ 12.05.2023 ലെ കത്ത് (SRG 802/23 )**

**വിഷയം:-** കോട്ടയം നഗരസഭയിലെ പുത്തൻ തോടിൽ നിർമ്മിച്ച പാലത്തിനു ബിൽതുക നൽകുന്നത് സംബന്ധിച്ച്.

കോട്ടയം നഗരസഭയിൽ 2006-2011 കാലഘട്ടത്തിൽ MLASDF സ്കീമിൽ രണ്ടാം വാർഡിൽ പുത്തൻതോടിന് കുറുകെ താൽക്കാലിക നടപ്പാലം നിർമ്മിച്ചു. നിർമ്മാണം പൂർത്തീകരിച്ച് നഗരസഭയുടെ ശുപാർശയോടെ ഫൈനൽ ബിൽ ജില്ലാ കളക്ടർക്കു നൽകിയിരുന്നു. എന്നാൽ പ്രകൃതിക്ഷോഭം മൂലം നടപ്പാലത്തിന് കേട്ട വന്നതിനാൽ ബിൽ തുക നൽകിയില്ല. ഇപ്പോൾ ഹൈക്കോടതി ഇത് സംബന്ധിച്ച വിഷയത്തിൽ സ്റ്റേ നൽകിയിട്ടുണ്ടെന്നറിയിച്ചിരിക്കുന്നു. നടപ്പാലം നിർമ്മിച്ച 74 വയസ്സുള്ള ശ്രീ. കെ.ചന്ദ്രൻപിള്ള വിവിധ രോഗങ്ങളാലും കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകളാലും വലിയ പരാധീനത അനുഭവിക്കുന്നു. ഈ സാഹചര്യത്തിൽ ബിൽതുകയും പലിശയും അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നാ വശ്യപ്പെട്ടിരിക്കുന്നു.

4.128 **<u>ഇടമലക്കുടി ഗ്രാമപഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാപ്ലാനിംഗ് ഓഫീസറുടെ 03.07.2021 ലെ കത്തും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.02.2021 ലെ 5(1)-ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ലെ യോഗ തീരുമാനവും (ഖണ്ഡിക 4.47) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 02.03.2022 ലെ DB3/753/2013/CE/ തസ്വഭവ (Part c) കത്തും (SRG 742/23 -LSGD-DB1/125/2023/LSGD)**

**വിഷയം:-** ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്തിനു ചുറ്റും ട്രഞ്ച് നിർമ്മിക്കുന്നത് സംബന്ധിച്ച്.

ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരവും കെട്ടിടങ്ങളും സംരക്ഷിക്കുന്നതിന് കെട്ടിടത്തിനു ചുറ്റും സുരക്ഷിതമായ ട്രഞ്ച് നിർമ്മിക്കാൻ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഇങ്ങനെ ട്രഞ്ച് നിർമ്മിക്കാൻ പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകണമെന്നും അതിനായി മൈക്രോ സെക്ടർ കോഡ് നൽകണമെന്നും ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു. ഇത് കോ ഓർഡിനേഷൻകമ്മിറ്റിയുടെ 14.09.2021 ലെ യോഗം പരിഗണിച്ചു. ഇങ്ങനെ ട്രഞ്ച് സ്ഥാപിക്കുന്നതിന്റെ സാധ്യതയും ആവശ്യകതയും ഏകദേശ ചെലവും തദ്ദേശസ്വയംഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ 14.09.2021 ലെ യോഗം നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് താഴെ പറയും പ്രകാരം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട് –** ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്നത് **'സൊസൈറ്റികുടി'** എന്ന സ്ഥലത്താണ്. പഞ്ചായത്ത് ഓഫീസ് പരിസരം വനത്താൽ ചുറ്റപ്പെട്ടതും ആനകളുടെ സഞ്ചാരമുള്ള മേഖലയുമാണ്. കഴിഞ്ഞ വർഷം (2021) മൂന്നു തവണ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് ആനകളുടെ ശല്യം നേരിടേണ്ടി വരികയും കെട്ടിടത്തിന് നാശം സംഭവിച്ചിട്ടുമുണ്ട്. 400m length, 3m height, 1.5m & 3M width (bottom & top) അളവിൽ ട്രഞ്ച് നിർമ്മിക്കുന്നതിനും ട്രഞ്ചിന്റെ മുഴു നീളത്തിൽ ഒരു സൈഡിലായി Breast wall നിർമ്മിക്കുന്നതിനും ഏകദേശം 75 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. (DSR 2018 with CP&OH & Cost Index 39.83)

**4.129 <u>തെന്മല ഗ്രാമപഞ്ചായത്ത്</u>**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.05.2023 ലെ കത്ത് (SRG 780/23 – CC /342/2023)**

**വിഷയം:–** ഇറിഗേഷൻ കനാലിന് മുകളിലൂടെ പാലം നിർമ്മിക്കുന്നതിന് തുക ഡിപ്പോസ്റ്റ് ചെയ്യുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 187/23* | ***അടങ്കൽ*** | ***46,00,000 രൂപ*** |
| | *എ സ്.സി.പി* | *28,62,300 രൂപ* |
| | *തനത് ഫണ്ട്* | *1,37,700 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *16,00,000 രൂപ* |
| ***പേര്*** | **14 ഏക്കർ എസ്.സി കോളനിക്ക് KIP കനാലിനു കുറുകെ പാലം നിർമ്മിക്കൽ** | |

തെന്മല ഗ്രാമപഞ്ചായത്തിൽ 14 ഏക്കർ എസ്.സി കോളനി ഭാഗത്ത് **KIP** കനാലിനു മുകളിലൂടെ പാലം നിർമ്മിക്കുന്നതിനാണ് പ്രോജക്ട്. ഇതിനായി തുക ഇറിഗേഷൻ വകുപ്പിനു ഡെപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.130 <u>വെച്ചൂർ ഗ്രാമപഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.02.2023 ലെ കത്തും വെച്ചൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.02.2023 ലെ കത്തും (SRG 343/23 – CC/108/2023)**

**വിഷയം:–** ട്രഷറിയിൽ നൽകിയ ബിൽ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റാകാത്തതു സംബന്ധിച്ച്.

| പ്രോ.നം: 4/22 | അടങ്കൽ | 1,13,972/- രൂപ (വികസനഫണ്ട് - ജനറൽ |
|---|---|---|
| **പേര്** | **പദ്ധതി രൂപീകരണ മോണിറ്ററിംഗ് നിർവ്വഹണം** | |

ഗ്രാമപഞ്ചായത്തിന്റെ ടെണ്ടർ പരസ്യം കൊടുത്ത ഇനത്തിൽ ദിനപത്രത്തിനു നൽകേണ്ട തുകയായ 34,698 രൂപയുടെ ബിൽ 2021-22 വർഷം ട്രഷറിയിൽ നൽകിയെങ്കിലും പത്രത്തിന്റെ അക്കൗണ്ടിൽ വരുന്നതിനു പകരം സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്കാണ് പോയത്. പത്രസ്ഥാപനത്തിന്റെ ക്ലോസ് ചെയ്ത അക്കൗണ്ടായതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്ന് അറിയിച്ചിരിക്കുന്നു. സുലേഖ സോഫ്റ്റ് വെയറിൽ ഇതു ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക വികസനഫണ്ടിൽ നിന്നു നൽകാൻ അനുമതി ആശ്യപ്പെട്ടിരിക്കുന്നു.

**4.131 <u>കൈനകരി ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.02.2023 ലെ കത്തും മാങ്കൊമ്പ് സബ് ട്രഷറി ഓഫീസറുടെ 21.12.2022 ലെ** A1/AG1/2022-ാം **നമ്പർ കത്തും അനുബന്ധ രേഖകളും (SRG 335/23 - CC/**74/**2023)**

**വിഷയം:-** മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങിയതിന്റെ ബിൽ തുക നൽകുന്നതു സംബന്ധിച്ച്.

| പ്രോ.നം: 65/22 | അടങ്കൽ | 5,00,000/- രൂപ |
|---|---|---|
| **പേര്** | **കൊവിഡ് 19-പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ - ഉപകരണങ്ങൾ** | |

കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മരുന്നും മറ്റു ഉപകരണങ്ങളും അപ്പോളോ സർജിക്കൽ എന്ന സ്ഥാപനത്തിൽ നിന്നു 2021-22 ൽ വാങ്ങിയിരുന്നു. ഈ സ്ഥാപനത്തിനു നൽകേണ്ട 15,700 രൂപക്കുള്ള ബില്ല് ട്രഷറിയിൽ 17.03.2022 ൽ സമർപ്പിച്ചുവെങ്കിലും ബാങ്ക് അക്കൗണ്ട് തെറ്റി നൽകിയതിനാൽ സർക്കാർ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആയി. ഇത് ബന്ധപ്പെട്ട സബ്ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ തുക സുലേഖയിൽ ചെലവ് വന്നതായി രേഖപ്പെടുത്തി. ബന്ധപ്പെട്ട കമ്പനിക്ക് തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.132 <u>പൊന്നാനി മുനിസിപ്പാലിറ്റി</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.04.2023 ലെ കത്തും പൊന്നാനി നഗരസഭ ചെയർമാന്റെ 25.03.2023 ലെ** P1-16343/22-ാം **നമ്പർ കത്തും പൊന്നാനി നഗരസഭ കൗൺസിലിന്റെ 15.03.2023 ലെ 20-ാം നമ്പർ തീരുമാനവും ഉള്ളടക്കം ചെയ്തിരിക്കുന്ന സ്റ്റേറ്റ്മെന്റും (SRG 614/23, CC/257/2023).**

**വിഷയം:-** വിവിധ പദ്ധതിയിൽ 2021-22 വർഷം അനുവദിച്ച തുക ഗുണഭോക്താക്കൾക്ക് നൽകുന്നതു സംബന്ധിച്ച്.

പൊന്നാനി നഗരസഭ 2021-22 വർഷം 23 ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ധനസഹായം നൽകുന്നതിന് ട്രഷറിയിൽ ബിൽ സമർപ്പിച്ചുവെങ്കിലും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയില്ല. അക്കൗണ്ട് രേഖകൾ പ്രകാരം **UTR** ബിംസ് **(BIMS)** സ്റ്റാറ്റസ് **NULL, Return to Government Account** എന്നിങ്ങനെയാണ് കാണിക്കുന്നത്. ആകെയുള്ള

23 പേരിൽ 8 പേർ വിവിധയിനത്തിലുള്ള വീട് അറ്റകുറ്റപ്പണിക്കുള്ള ഗുണഭോക്താക്കളും 15 പേർ ഭിന്നശേഷി സ്കോളർഷിപ്പിനുള്ള ഗുണഭോക്താക്കളും ആണ്. ഇതിന്റെ ആകെ തുക യഥാക്രമം 1,03,000 രൂപയും 1,77,800 രൂപയുമാണ്. ഈ തുക ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.133 **<u>കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.04.2023 ലെ കത്തും കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് വ്യവസായ വികസന ഓഫീസറുടെ 05.01.2023 ലെ കത്തും കൊണ്ടോട്ടി സബ്ട്രഷറി ഓഫീസറുടെ 21.11.2022 ലെ കത്തും (SRG 609/23 - CC /294/2023).**

**വിഷയം:-** വനിതാ വ്യവസായ സംരംഭത്തിന് അനുവദിച്ച തുക സർക്കാർ അക്കൗണ്ടിലേക്കു പോയതിനാൽ യൂണിറ്റിന് ധനസഹായം വീണ്ടും അനുവദിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** **104/22** | ***അടങ്കൽ*** | ***12,00,000 രൂപ (വികസനഫണ്ട് - ജനറൽ)*** |
| ***പേര്*** | **വനിതാ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭത്തിനു ധനസഹായം** | |

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് 2021-22 വർഷം വനിതാ സ്വയം തൊഴിൽ ഗ്രൂപ്പുകൾക്ക് പ്രോജക്ട് ഏറ്റെടുത്തിരുന്നു. വി.വി ഫ്ലോർമിൽ എന്ന വനിതാ സ്വയം തൊഴിൽ ഗ്രൂപ്പിന് സബ്സിഡി ഇനത്തിൽ 2,55,085 രൂപ നൽകാനായി പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനായി ട്രഷറിയിൽ ബില്ല് സമർപ്പിച്ചുവെങ്കിലും ബാങ്ക് അക്കൗണ്ട് തെറ്റായതിനാൽ ഈ തുക തൊഴിൽ ഗ്രൂപ്പിനു ലഭിച്ചില്ല. ഈ തുക ട്രഷറി ഡയറക്ടറുടെ പൊതു നിർദ്ദേശ പ്രകാരം സർക്കാരിന്റെ 3604 എന്ന ഹെഡ് അക്കൗണ്ടിലേക്ക് ട്രഷറിയിൽ നിന്നു തിരികെ അടച്ചു. വി.വി. ഫ്ലോർമില്ലിന് 2.85 ലക്ഷം രൂപ ബാങ്കിൽ ബാധ്യതയുണ്ട്. അതിനാൽ തനതുഫണ്ടിൽ നിന്ന് 2.55 ലക്ഷം രൂപ ഈ സംരംഭക ഗ്രൂപ്പിനു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.134 **<u>വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്</u>**

**ബഹു. തൊടുപുഴ എം.എൽ.എ.യുടെ 13.03.2023-ലെ 11/**TDPA/**2023-ാം നമ്പർ കത്തും വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.03.2023-ലെ കത്തും സർക്കാരിന്റെ 11.05.2023-ലെ 1021/2023/**LSGD **നമ്പർ ഉത്തരവും (SRG 685/23)**

**വിഷയം:-** കുടിവെള്ള വിതരണത്തിന് അധികമായി ചെലവഴിച്ച തുകയ്ക്ക് സാധൂകരണം സംബന്ധിച്ച്

വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് 2020 വർഷം ഏപ്രിൽ-മേയ് മാസം കുടിവെള്ളം വിതരണം ചെയ്തതിന് 12,79,025 രൂപ ചെലവായിട്ടുണ്ട്. ഇതിൽ 9,47,375 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ഇനിയും 3,31,650 രൂപ കൂടി നൽകണം. ഈ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.135 <u>പുലാമന്തോൾ ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.05.2023 ലെ കത്ത്** (SRG 723/23 - CC /291/23)

**വിഷയം:-** കുടിവെള്ള വിതരണത്തിന് അധിക തുക അനുവദിക്കുന്നതു സംബന്ധിച്ച്.

വേനൽകാലത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കുടിവെള്ള വിതരണത്തിന് ഈ വർഷം അനുവദിക്കാവുന്ന തുക 31.03.2023 വരെ 6.00 ലക്ഷം രൂപയും 1.04.2023 മുതൽ 31.05.2023 വരെ 12.00 ലക്ഷം രൂപയുമാണ്. എന്നാൽ 01.04.2023 മുതൽ 31.05.2023 വരെയുള്ള സമയത്ത് 12.00 ലക്ഷം രൂപയ്ക്കു പകരം 18.00 ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.136 <u>വയലാർ ഗവ.ഐ.ടി.ഐ</u>**

**വയലാർ ഗവ.ഐ.റ്റി.ഐ അദ്ധ്യാപക രക്ഷകർത്തൃ സമിതിയിലെ രക്ഷകർത്താക്കളുടെ 22.10.2022 ലെ നിവേദനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022 ലെ (ഖണ്ഡിക 4.19) യോഗ തീരുമാനവും (SRG/412/23).**

**വിഷയം:-** വയലാർ ഗവ.ഐ.റ്റി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നൽകുന്നതു സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ 2010 മുതൽ ഗവ.ഐ.റ്റി.ഐ പ്രവർത്തിച്ചുവരുന്നു. ഇത് കളവംകോടം സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്കിന്റെ കെട്ടിടത്തിൽ വാടക അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. പ്രതിമാസ വാടക 35,631 രൂപ. ഗ്രാമപഞ്ചായത്ത് 2016-ൽ 50 സെന്റ് സ്ഥലം തൊഴിൽ വകുപ്പിനു കൈമാറിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരുന്നു. മുകളിൽ പറഞ്ഞ നിരക്കിൽ 2020-21 വർഷമൊഴികെ 2021-22 വരെ തനതുഫണ്ടുപയോഗിച്ച് ഗ്രാമപഞ്ചായത്ത് വാടക നൽകി. മുൻ കോഓർഡിനേഷൻ കമ്മിറ്റികളിൽ വാടക നൽകാൻ അനുമതി നൽകിയപ്പോൾ ഇതിന്റെ വാടക വ്യാവസായിക പരിശീലന വകുപ്പ തന്നെ നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. അതിനാൽ 2020-21 ലെ വാടക നൽകാൻ ഗ്രാമപഞ്ചായത്ത് അനുമതി തേടിയപ്പോൾ 26.07.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നിരസിച്ചു. ഇതു പുനപരിശോധിക്കണമെന്ന് വീണ്ടും ആവശ്യപ്പെട്ടെങ്കിലും 19.12.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ആവശ്യം പരിഗണിച്ചില്ല. ഇനിയും ഗ്രാമപഞ്ചായത്തിൽ നിന്ന് വാടക നൽകാവുന്നതല്ലെന്നും ആവശ്യം വ്യാവസായിക പരിശീലന വകുപ്പിനു നൽകാനും കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചിരുന്നു. പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ വാടക ഗ്രാമപഞ്ചായത്തിൽ നിന്നു നൽകാൻ രക്ഷകർത്താക്കൾ നിവേദനത്തിലൂടെ ആവശ്യപ്പെട്ടിരുന്നു.

4.137 <u>**പിണറായി ഗ്രാമ പഞ്ചായത്ത്**</u>

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.03.2023-ലെ കത്ത്** (SRG 439/23 - CC/178/23)

**വിഷയം:-** പുതുതായി ആരംഭിച്ച ഐ.റ്റി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നൽകുന്നത് സംബന്ധിച്ച്

പിണറായി ഗ്രാമപഞ്ചായത്തിൽ 2017-ൽ ആരംഭിച്ച പുതിയ ഐ.റ്റി.ഐ പിണറായി ബീഡി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോഓപ്പറേറ്റീവ് സൊസൈറ്റി, പിണറായി ഇൻഡസ്ട്രിയൽ കോഓപ്പറേറ്റീവ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഐ.റ്റി.ഐ. പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ചുമതല ഗ്രാമപഞ്ചായത്തിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 01.12.2017 മുതൽ 31.03.2021 വരെ 5,06,958 രൂപ ഈ കെട്ടിടത്തിന്റെ വാടകയിനത്തിൽ നൽകി. 2022-23 വർഷം 2,94,840 രൂപ വാടകയിനത്തിൽ നൽകാനുണ്ട്. മുൻപ് വാടക നൽകിയതിന് സാധൂകരണവും ഇനി നൽകാനുള്ള തുക നൽകാനും തുടർന്നുള്ള വാടക നൽകാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.138 <u>കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്</u>**

**കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ ചെയർമാന്റെ 24.01.2023 ലെ** KSCC/chmn 2022-ാം **നമ്പർ കത്ത് (SRG 302/23)**

**വിഷയം:-** കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ഉല്പന്നങ്ങൾ വാങ്ങുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വിവിധതരം മെത്തകളും കയർ ഉല്പന്നങ്ങളും നിർമ്മിക്കുന്നുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോസ്പിറ്റലുകൾ, ബഡ്സ് സ്കൂളുകൾ, അങ്കണവാടികൾ തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് ഇത്തരം ഉല്പന്നങ്ങൾ ആവശ്യമായി വരും. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആവശ്യമായ ഇത്തരം ഉല്പന്നങ്ങൾ നൽകുന്ന അംഗീകൃത ഏജൻസിയായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനെ അംഗീകരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.139 <u>കൊല്ലം കോർപ്പറേഷൻ</u>**

**കൊല്ലം കോർപ്പറേഷൻ മേയറുടെ 05.12.2022,14.02.2022 എന്നീ തീയതികളിലെ Kud/25924/21-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022-ലെ (ഖണ്ഡിക 4.34) യോഗ തീരുമാനം (SRG/46/23)**

കൊല്ലം കോർപ്പറേഷനിലെ താമരക്കുളം ഡിവഷനിലെ താമരക്കുളം വൃത്തിയാക്കുന്നതിന് കഴിഞ്ഞ 2 വർഷമായി പദ്ധതിയിൽ ഉൾപ്പെടുത്തുകയും കരാർ നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഈ കുളത്തിന്റെ സമീപത്തായി 4 കുടുംബങ്ങൾ (ശ്രീമതി.സുബൈദ, ശ്രീമതി. നസീമ, ശ്രീമതി.ഷെരീഫ. ശ്രീമതി തനുജ എന്നിവർ) ഷീറ്റ് മേഞ്ഞ ഒറ്റമുറി വീട്ടിൽ കുടുംബമായി താമസിക്കുന്നുണ്ട്. ഇവരുടെ ടോയിലറ്റ് മാലിന്യങ്ങളും മറ്റും ഈ കുളത്തിൽ നിക്ഷേപിക്കുകയും അതിനാൽ പകർച്ചവ്യാധി അടക്കം ഉണ്ടാകാനുള്ള സാഹചര്യവുമുണ്ട്. ഈ പ്രദേശത്ത് കോർപ്പറേഷൻ ഒരു ബൃഹത് പ്രോജക്റ്റിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി 4 കുടുംബങ്ങളെയും പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി ഒരു കുടുംബത്തിന് 2 സെന്റ് സ്ഥലവും 60 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണവുമുള്ള വീട് വാങ്ങി പുനരധിവസിപ്പിക്കുന്നതിന് 10 ലക്ഷം രൂപ വീതം നൽകുന്നതിനും ആകെ 40 ലക്ഷം രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022-ലെ യോഗം പരിഗണിച്ചു. ഈ കുടുംബങ്ങൾക്ക് ലൈഫ്/പി.എം.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനം നൽകുന്നതിന് യോഗം നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാക്കുന്നു. എന്ന് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. കൊല്ലം കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങൾക്കായി നിലവിൽ ഈ കുടുംബങ്ങൾ അധിവസിക്കുന്ന പ്രദേശം ഏറ്റെടുക്കേണ്ടി വരുന്നതിനാൽ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്ന രീതിക്കു പകരം ഈ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം നൽകി രണ്ട് സെന്റ് സ്ഥലത്തോടെ കോൺക്രീറ്റ് വീട് നൽകുന്ന പ്രത്യേക പാക്കേജായി പുനരധിവസിപ്പിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

**4.140 <u>കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസ്സിയേഷൻ</u>**

**സർക്കാരിന്റെ 20.01.2023 ലെ LSGD – DA2/257/2022/LSGD നമ്പർ കത്തും കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷന്റെ 18.10.2022 ലെ കത്തും ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 01.03.2023 ലെ കത്തും (SRG/256/23 – LSGD/DA2/257/2022/LSGD, SRG/476/23)**

**വിഷയം:-** പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ മാറ്റം വരുത്തണമെന്നതടക്കമുള്ള വിവിധ ആവശ്യങ്ങൾ സംബന്ധിച്ച്.

കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ താഴെ പറയുന്ന ആവശ്യങ്ങൾ പരിഗണിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

1) കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ 2013 മുതൽ നന്തൻകോട് സ്വരാജ് ഭവനിലാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. എന്നാൽ തദ്ദേശഭരണവകുപ്പ് ഏകീകരിച്ചപ്പോൾ വകുപ്പിന്റെ മറ്റ് ഓഫീസുകളും സ്വരാജ് ഭവനിലേക്ക് പ്രവർത്തനം മാറ്റിയതിന്റെ ഭാഗമായി അസ്സോസിയേഷന്റെ ഓഫീസ് ഒഴിഞ്ഞു കൊടുക്കേണ്ടി വന്നു. ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ ഉടമസ്ഥതയിലുള്ള വട്ടിയൂർക്കാവിലുള്ള 25 സെന്റ് സ്ഥലം കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസ്സിയേഷന് അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.
2) ജില്ലാ ആസൂത്രണ സമിതിയിലേയ്ക്ക് തെരഞ്ഞെടുത്ത അംഗങ്ങൾക്ക് നൽകുന്ന പരിഗണന ജില്ലാ ആസൂത്രണ സമിതിയിലെ പ്രത്യേക ക്ഷണിതാക്കളായുള്ളവർക്ക് നൽകണമെന്നും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കു സിറ്റിംഗ് ഫീയായി നൽകുന്ന 1000 രൂപ ജില്ലാ ആസൂത്രണ സമിതിയിലേക്ക് ക്ഷണിതാക്കളായി പങ്കെടുക്കുന്നവർക്കും നൽകണമെന്നുമാവശ്യപ്പെട്ടിരിക്കുന്നു.
3) പഞ്ചായത്ത്/നഗരസഭ ഭരണസമിതികളുടെ മിനിറ്റ്സ് കൈകാര്യം ചെയ്യുന്നത് സകർമ്മ സോഫ്റ്റ് വെയർ വഴിയാണ്. എന്നാൽ പുതിയ ഉത്തരവ് പ്രകാരം അംഗങ്ങളുടെ ഹാജർ ഉൾപ്പെടെ മിനിറ്റ്സ് നടപടികൾ അതത് സമയം തന്നെ രേഖപ്പെടുത്തി പൂർത്തീകരിക്കണമെന്ന് പറയുന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണ്. അതിനാൽ ഈ രീതി നടപ്പാക്കുന്നതു മാറ്റിവയ്ക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4)വർഷങ്ങളായി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് SC/ST വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ്. പട്ടികജാതി / പട്ടികവർഗ്ഗ വികസന ഓഫീസുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകാൻ ബ്ലോക്ക് പഞ്ചായത്തിനെ അനുവദിക്കണ മെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.141 <u>ആറന്മുളപ്പള്ളിയോട സേവാസംഘം</u>**

**ആറന്മുളപ്പള്ളിയോട സേവാസംഘം പ്രസിഡന്റിന്റെ 25.01.2023 ലെ കത്ത് (SRG/278/23).**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നതു സംബന്ധിച്ച്.

ആറന്മുള ഉതൃട്ടാതി വള്ളംകളിയിൽ 52 പള്ളിയോടങ്ങൾ പങ്കെടുക്കുന്നുണ്ട്. സാംസ്കാരിക ഉത്സവമെന്ന നിലയിൽ ഈ പള്ളിയോടങ്ങൾക്ക് തദ്ദേശഭരണസ്ഥാപനങ്ങൾ പ്രോജക്ട് തയ്യാറാക്കുന്ന മുറയ്ക്ക് തനത് ഫണ്ടിൽ നിന്ന് ഗ്രാന്റ് നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകാറുണ്ട്. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഓരോ വള്ളങ്ങൾക്കും പരിപാലനത്തിനായി 10,000 രൂപ വീതം നൽകാൻ 5.00 ലക്ഷം രൂപയുടെ പ്രോജക്ട് കഴിഞ്ഞ വർഷം തയ്യാറാക്കുകയും കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകുകയും ചെയ്തിരുന്നു. ഇതോടൊപ്പം മറ്റ ചില തദ്ദേശഭരണസ്ഥാപനങ്ങളും പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. മറ്റ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് ഗ്രാന്റ് ലഭിച്ചിട്ടില്ല എന്നുറപ്പാക്കണമെന്ന നിബന്ധനയോടെ ഇത്തരം കേസുകളിൽ (ഇരട്ടിപ്പ് ഒഴിവാക്കി) കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. പള്ളിയോടങ്ങളുടെ പരിപാലനത്തിന് ഓരോ വർഷവും 2.00 ലക്ഷം രൂപയോളം ചെലവാകും എന്നു ചൂണ്ടികാണിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്തിൽ നിന്ന് പ്രത്യേകം പ്രത്യേകം ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.142 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 31.01.2023 ലെ കത്ത് (SRG/433/23).**

**വിഷയം:-** ആലപ്പുഴ ജില്ല പഞ്ചായത്ത് അംഗങ്ങൾക്ക് ടാബ് വാങ്ങി നൽകുന്നതു സംബന്ധിച്ച്.

ജില്ലാ പഞ്ചായത്ത് ഭരണസമിതി യോഗങ്ങളുടെ അജണ്ടയും മറ്റ് ഓഫീസ് വിവരങ്ങളും കടലാസ് രഹിതമാക്കി ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്ക് നൽകുന്നതിലേക്കായി എല്ലാ അംഗങ്ങൾക്കും ടാബ് വാങ്ങി നൽകാൻ ഉദ്ദേശിക്കുന്നു. ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ കാലാവധി തീരുന്ന മുറയ്ക്ക് ടാബ് തിരികെ വാങ്ങി പുതുതായി തെരഞ്ഞെടുക്കുന്ന അംഗങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നു. ടാബ് വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.143 <u>അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്</u>**

**ബഹു.പുതുക്കാട് എം.എൽ.എയുടെ 01.02.2023 ലെ കത്തും അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.2023 ലെ 400716/**DGPM06/General/2023/356(1)–**ാം നമ്പർ കത്തും** KSEB **വരന്തരപ്പള്ളി ഇലക്ട്രിക് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 06.01.2023 ലെ കത്തും (SRG/429/23).**

**വിഷയം:-** കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ്ജ് കുടിശ്ശിക അടയ്ക്കുന്നതു സംബന്ധിച്ച്.

അളഗപ്പനഗർ ഗ്രാമപഞ്ചായത്തിലെ 11,14 വാർഡുകളുടെ അതിർത്തി പങ്കിടുന്ന ചിക്കിനി കുളത്തിലെ വെള്ളം മഴക്കാലത്ത് സമീപത്തുള്ള പാറമടയിലേയ്ക്ക് പമ്പ് ചെയ്ത് ശേഖരിക്കുകയും വേനൽക്കാലത്ത് തിരികെ ചിക്കിനി കുളത്തിലേക്ക് തുറന്നു വിട്ട് കുളം നിറയ്ക്കുകയും ചെയ്യുന്നുണ്ട്. ഇത് പുഞ്ചപ്പാടം തോട്ടിലൂടെ സമീപ പ്രദേശത്തുള്ള കിണറുകളിലും കുളങ്ങളിലും കൃഷി ഭൂമിയിലും ജലം ലഭ്യമാക്കാൻ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ വൈദ്യുതി ചാർജ്ജ് കൊവിഡ് മൂലമുള്ള സാമ്പത്തിക ബുദ്ധിമുട്ടുമൂലം അടച്ചില്ല. കുടിശ്ശിക തുക 1,08,535 രൂപയാണ്. ഇതിന്റെ കുടിശ്ശിക ഒഴിവാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അല്ലാത്തപക്ഷം യഥാർത്ഥ തുക മാത്രം ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്ന് അടയ്ക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**4.144 <u>കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്</u>**

**ഗ്രാമവികസനകമ്മീഷണറുടെ 09.03.2023 ലെ** CRD/5891/2022/HT-2-**നമ്പർ കത്തും കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 16.08.2022 ലെ 2(2)-ാം നമ്പർ തീരുമാനവും** PVIP **ഡിവിഷൻ നം.1 പെരുമ്പാവൂരിന്റെ 17.12.2022 ലെ ഉത്തരവും അനുബന്ധരേഖകളും (SRG/427/23).**

**വിഷയം:-** ജലവിഭവവകുപ്പിന്റെ സ്ഥലത്ത് വനിതാ വിപണന കേന്ദ്രം സ്ഥാപിക്കുന്നതു സംബന്ധിച്ച്.

കോതമംഗലം ബ്ലോക്കിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലത്ത് വനിതാ വിപണന കേന്ദ്രം നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിക്കുന്നു. സ്ഥലം ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിൽ തന്നെ നിലനിർത്തി നിർമ്മാണം നടത്താനാണ് ഉദ്ദേശിക്കുന്നത്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജല സേചന വകുപ്പിൽതന്നെ നിലനിർത്തിക്കൊണ്ട് മറ്റു നിബന്ധനകളോടെ വിപണന കേന്ദ്രം നിർമ്മിക്കാൻ ജലസേചന വകുപ്പ് 17.12.2022 ൽ അനുമതി നൽകിയിട്ടുണ്ട്.

ഈ സ്ഥലത്തെ എല്ലാവിധ നിർമ്മാണങ്ങളും എല്ലാ കാലത്തും താല്ക്കാലിക നിർമ്മിതിയായി മാത്രമേ പരിഗണിക്കുകയുള്ളു എന്നും അതിനാൽ എത്ര നാളത്തേക്ക് കെട്ടിടം ഉപയോഗത്തിന് നൽകാമെന്നത് ഇപ്പോൾ നിശ്ചയിക്കാൻ സാധിക്കുകയില്ല എന്നതടക്കമുള്ള 17 നിബന്ധനകൾ ജലസേചന വകുപ്പ് അനുമതി ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.145 <u>തിരുവനന്തപുരം നഗരസഭ</u>**

**ബഹു.തിരുവനന്തപുരം മേയറുടെ 14.02.2023 ലെ** C7/25/2023-**ലെ കത്ത് (SRG/406/23).**

**വിഷയം:-** മത്സ്യത്തൊഴിലാളികൾക്ക് ഐസ് ബോക്സ് നൽകുന്നതു സംബന്ധിച്ച്

തിരുവനന്തപുരം കോർപ്പറേഷൻ കഴിഞ്ഞവർഷം മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഐസ് ബോക്സ് നൽകുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. മാർഗ്ഗരേഖ പ്രകാരം ഐസ് ബോക്സിന്റെ യൂണിറ്റ് നിരക്ക് 3500 രൂപയാണ്. എന്നാൽ മത്സ്യഫെഡിൽ ഇതിന്റെ പുതിയ വില 3768 രൂപയാണെന്നും അതിനാൽ പുതിയ നിരക്കിൽ തന്നെ ഇൻസുലേറ്റഡ് ഐസ് ബോക്സ് വാങ്ങാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**4.146 <u>ആനക്കര ഗ്രാമപഞ്ചായത്ത്</u>**

**ആനക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.06.2022 ലെ കത്ത് (ലഭിച്ചത് 14.02.2023)**

**വിഷയം:-** ഗ്രാമപഞ്ചായത്തിനു പുതിയ വാഹനം വാങ്ങുന്നതു സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങുവാൻ ഉദ്ദേശിക്കുന്നു. Gem പോർട്ടലിൽ 10.00 ലക്ഷം രൂപയിൽ താഴെ വിലയുള്ള മഹീന്ദ്രയുടെ 'നിയോ' എന്ന മോഡൽ മാത്രമേ ലഭിക്കുന്നുള്ളുവെന്നും ഇതു ഗുണനിലവാരമില്ലാത്തതാണെന്നും അറിയിച്ചിരിക്കുന്നു. അതിനാൽ 13 ലക്ഷത്തിൽ താഴെ വിലയുള്ള ഗുണനിലവാരമുള്ള വാഹനം GeM ൽ ലഭ്യമാക്കാൻ നടപടിയെടുക്കണമെന്നും അല്ലായെങ്കിൽ പുറത്തു നിന്നു വാങ്ങാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**4.147 <u>പട്ടികവർഗ്ഗ കുടുംബ സർവ്വേ</u>**

**സർക്കാരിന്റെ 01.04.2023 ലെ DA1/148/2023 തസ്വഭവ നമ്പർ കത്തും സർക്കാരിന്റെ LSGD-FM3/118/2021-LSGD നമ്പർ നോട്ട് ഫയലും, പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറുടെ 29.12.2022 ലെ PM3-1118517-ാം നമ്പർ കത്തും (SRG/620/23 - LSGD - FM3/118/2021-LSGD).**

**വിഷയം:-** പട്ടികവർഗ്ഗക്കാരെ കണ്ടെത്തുന്നതിനുള്ള സർവ്വേ സംബന്ധിച്ച്.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ സർക്കാർ അംഗീകരിച്ച 23(IV)-ാം നമ്പർ ശുപാർശ പ്രകാരം വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിലായി ചിതറിക്കിടക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ജനങ്ങളെ കണ്ടെത്തുകയും കുടുംബ സർവ്വേ നടത്തുകയും ഇതിനായി എല്ലാ സഹായവും പ്രാദേശിക സർക്കാരുകൾ അവരുടെ ഫണ്ടിൽ നിന്നു നൽകേണ്ടതുമാണ്. ഒപ്പം പട്ടികവർഗ്ഗ വികസന വകുപ്പും ഇതിന് സഹായിക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഈ ശുപാർശയിൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വിഷയം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരിക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് 2018 ൽ നടത്തിയ സോഷ്യോ ഇക്കണോമിക് സർവ്വേ വഴി ശേഖരിച്ച കുടുംബങ്ങളുടെ എണ്ണം സംബന്ധിച്ച വിവരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട്. സർവ്വേയുടെ വെരിഫിക്കേഷൻ പൂർത്തിയാക്കിയതിനുശേഷം പൂർണ്ണവിവരങ്ങൾ നൽകുമെന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**4.148 <u>വാകത്താനം ഗ്രാമപഞ്ചായത്ത്</u>**

**വാകത്താനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.04.2023 ലെ** SC2/3557/21-**ാം നമ്പർ കത്തും വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 21.03.2023 ലെ 8-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG/631/23).**

**വിഷയം:-** ടാക്സി സ്റ്റാന്റിനു വേണ്ടി ഏറ്റെടുത്ത സ്ഥലത്ത് ടാക്സി സ്റ്റാന്റിഡിനോടൊപ്പം മറ്റു നിർമ്മാണ പ്രവർത്തനവും നടത്തുന്നതു സംബന്ധിച്ച്.

വാകത്താനം ഗ്രാമപഞ്ചായത്തിൽ ടാക്സി സ്റ്റാന്റ് നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 14.11.2007 ൽ 3100/07/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് 18 ആർ 70 ച.മി സ്ഥലവും അതിലുള്ള കടമുറികളും ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തു. ടാക്സിസ്റ്റാന്റ് നിർമ്മാണത്തിനു വേണ്ടി സ്ഥലം ഏറ്റെടുക്കാനാണ്

സർക്കാർ അനുമതി നൽകിയതെന്നതിനാൽ മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ ഇവിടെ നടത്താൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ ടാക്സി സ്റ്റാന്റിനു സ്ഥലമേറ്റെടുക്കുന്നതിന് 14.11.2007 ൽ നൽകിയ ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ട് ടാക്സിസ്റ്റാന്റ് നിർമ്മാണത്തോടൊപ്പം ഗ്രാമപഞ്ചായത്തിന്റെ പൊതുവായ ആവശ്യങ്ങൾക്കുള്ള നിർമ്മാണങ്ങളും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവും നടത്തുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.149 <u>തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.03.2023 ലെ കത്തും തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 07.01.2023 ലെ X(2)-ാം നമ്പർ തീരുമാനവും (SRG 506/23 – CC-176/2023)**

**വിഷയം:-** കേരളോത്സവത്തിന് അധികമായി തുക ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്

| *പ്രോ.നം: 1/23* | ***അടങ്കൽ*** | ***2,50,000 രൂപ*** |
|---|---|---|
| | *സർക്കാർ വിഹിതം (യുവജന ക്ഷേമ ബോർഡ്)* | ***1,00,000 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | ***1,22,850 രൂപ*** |
| | *തനത്ഫണ്ട്* | ***27150 രൂപ*** |
| ***പേര്*** | **കേരളോത്സവം** | |

കേരളോത്സവത്തിന് 2.50 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ഈ തുക മുഴുവൻ ചെലവഴിച്ചെങ്കിലും ഇനിയും കേരളോത്സവത്തിൽ പങ്കെടുത്തവർക്ക് യാത്രാബത്ത നൽകാൻ കഴിഞ്ഞില്ല. യാത്രാബത്ത ഇനത്തിൽ 73,200 രൂപ നൽകാനുണ്ട്. ഈ തുക തനതുഫണ്ടിൽ നിന്ന് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. 244 മത്സരാർത്ഥികൾക്ക് 300 രൂപ നിരക്കിലാണ് യാത്രാബത്ത നൽകേണ്ടത്.

**<u>4.150 കാവേരി ഫെർട്ടിലൈസർ ഇൻഡസ്ട്രീസ്</u>**

**എറണാകുളം കാവേരി ഫെർട്ടിലൈസർ ഇൻഡസ്ട്രീസിനുവേണ്ടി ശ്രീ ഫ്രാൻസിസ് വർഗ്ഗീസ് നൽകിയ കത്ത് (SRG 653/23, SRG 738/23)**

**വിഷയം:-** സ്റ്റാർട്ടപ്പ് കമ്പനികളിൽ നിന്ന് ടെണ്ടർ ഒഴിവാക്കി ഉല്പന്നങ്ങൾ/ സേവനങ്ങൾ വാങ്ങുന്നതു സംബന്ധിച്ച്.

സ്റ്റോർപർച്ചേസ് ഡിപ്പാർട്ടുമെന്റിന്റെ 05.07.2022 ലെ 02/2022/SPD നമ്പർ ഉത്തരവു പ്രകാരം കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും സ്റ്റേറ്റ് യൂണീക് ഐ.ഡിയുള്ളതുമായ സ്റ്റാർട്ടപ്പുകളിൽ നിന്ന് 50 ലക്ഷം രൂപവരെയുള്ള എല്ലാത്തരം ഉല്പന്നങ്ങളും സേവനങ്ങളും സർക്കാർ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതിയുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഈ ഉത്തരവ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ബാധകമല്ല എന്നു ചൂണ്ടികാണിച്ച് ടെണ്ടറില്ലാതെ വാങ്ങാൻ തയ്യാറാകുന്നില്ല. അതിനാൽ 05.07.2022 ലെ മുകളിൽ പറഞ്ഞ ഉത്തരവ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും ബാധകമാക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.151 <u>**വിളയൂർ ഗ്രാമപഞ്ചായത്ത്**</u>

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.02.2023 കത്തും** KWA **ഷൊർണ്ണൂർ പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 20.02.2023 ലെ** EE/PH/SRR/**ആംനസ്റ്റി**/ST/2022-ാം **നമ്പർ കത്ത് (SRG 448/23 – CC/156/2023)**

**വിഷയം:-** **കുടിവെള്ള ചാർജ്ജിനത്തിലെ കുടിശ്ശിക അടയ്ക്കുന്നതു സംബന്ധിച്ച്.**

വിളയൂർ ഗ്രാമപഞ്ചായത്തിന് 33,31,866 രൂപ പൊതു ടാപ്പുകളുടെ കുടിവെള്ള ചാർജ്ജിനത്തിൽ കുടിശ്ശികയുണ്ട്. പൊതുടാപ്പുകളൊക്കെ നീക്കം ചെയ്തിട്ടുണ്ട്. പഴയ കുടിശ്ശികയാണ് മുകളിൽ പറഞ്ഞ തുക. ആംനസ്റ്റി അദാലത്ത് തീരുമാന പ്രകാരം കുടിശ്ശിക തുക 15,93,378 രൂപയായി പുനർ നിർണ്ണയിച്ചിട്ടുണ്ട്. അനംസ്റ്റി ഉത്തരവു പ്രകാരം ഒറ്റത്തവണയായി അടയ്ക്കുകയാണെങ്കിൽ 10,22,192 രൂപയായി കുറവു ചെയ്തിട്ടുണ്ട്. KWA എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 20.02.2023 ലെ കത്തു പ്രകാരം 15 ദിവസത്തിനകം കുടിശ്ശിക അടയ്ക്കുകയാണെങ്കിലാണ് ഈ ഇളവ് അനുവദിച്ചിരിക്കുന്നത്. കഴിഞ്ഞവർഷം കുടിവെള്ള ചാർജ്ജ് കുടിശിക അടയ്ക്കാൻ 6,97,486 രൂപ തനതു ഫണ്ടിനത്തിൽ വകയിരുത്തിയിരുന്നു. ബാക്കി തുക കൂടി വകയിരുത്തി ഈ തുക അടയ്ക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.152 <u>**അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്**</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.03.2023, 15.03.2023 എന്നീ തീയതികളിലെ കത്തും അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.01.2023 ലെ 5(3)-ാം നമ്പർ തീരുമാനവും (SRG 529/23, CC/170/2023).**

**വിഷയം:-** കുടിവെള്ളവിതരണ പദ്ധതിയുടെ ദൈനംദിന ചെലവ് നൽകുന്നതു സംബന്ധിച്ച്.

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ 9,10,11,12 വാർഡുകളിൽ പൂർണ്ണമായും മറ്റു വാർഡുകളിൽ ഭാഗികമായും ശുദ്ധജല വിതരണം നടത്തുന്നത് മൂലേപ്പാറ കുടിവെള്ള പദ്ധതിയിൽ നിന്നാണ്. ഈ പദ്ധതിയ്ക്കായി 2005-ൽ ജില്ലാ പഞ്ചായത്ത് 31,07,072 രൂപ മുടക്കി ജലസ്രോതസ്സിന് കുളവും പമ്പ് ഹൗസും നിർമ്മിച്ചു. ഈ കുളത്തിൽ നിന്ന് KWA യുടെ ജലസംഭരണിയിലേക്ക് വെള്ളം പമ്പ് ചെയ്താണ് കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നത്. KWAയാണ് കുടിവെള്ള ചാർജ്ജ് ഉണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നത്. 2022-23 വർഷം ഈ പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് ഇനത്തിലും പമ്പ് ഓപ്പറേറ്റർമാരുടെ വേതന ഇനത്തിലുമായി 13,30,899 രൂപ തനതുഫണ്ടിനത്തിൽ നിന്ന് ചെലവഴിച്ചു. ഗ്രാമപഞ്ചായത്തിന് തനതുഫണ്ട് കുറവായതിനാൽ ഈ വർഷം (2023-24) ഈ പദ്ധതിയുടെ വൈദ്യുതി ചാർജ്ജും പമ്പ് ഓപ്പറേറ്റർമാരുടെ വേതനവും വികസനഫണ്ട് / മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.153 <u>**പനയം ഗ്രാമപഞ്ചായത്ത്**</u>

**കൊല്ലം ജില്ലാ പ്ലനിംഗ് ഓഫീസറുടെ 04.04.2023 ലെ കത്തും പനയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.02.2023 ലെ** SC1-57/2022-ാം **നമ്പർ കത്തും (SRG 607/23 - CC /226/2023).**

**വിഷയം:-** ഇൻഷ്വറൻസ് പദ്ധതിയ്ക്കായി ഹരിതകർമ്മസേന കൺസോർഷ്യം ഫണ്ടിൽ നിന്നും ചെലവഴിച്ച വിഹിതം ഗ്രാമപഞ്ചായത്തിൽ നിന്നു നൽകുന്നതു സംബന്ധിച്ച്

കുടുംബശ്രീ -ഇൻസ്പെയർ ഇൻഷ്വറൻസ് പദ്ധതിയിൽ പനയം ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനാംഗങ്ങളെ ഉൾപ്പെടുത്തി. ഇതിനായി ഹരിതകർമ്മസേനാംഗങ്ങളുടെ കൺസോർഷ്യം ഫണ്ടിൽ നിന്ന് 19,086 രൂപ ഇൻഷ്വറൻസ് പ്രീമിയം ആയി നൽകി. ഹരിത കർമ്മ സേനാംഗങ്ങൾക്ക് തുച്ഛമായ വരുമാനം മാത്രമേയുള്ളൂ എന്നു ചൂണ്ടികാണിച്ച് ഈ തുക ഗ്രാമപഞ്ചായത്തിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.154 **<u>തിരുവനന്തപുരം കോർപ്പറേഷൻ</u>**

**ബഹു. തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 13.04.2023-ലെ** A3/7/2022/HREDC **നമ്പർ കത്തും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 01.04.2023-ലെ** A**3/7/2022/**HREDC **നമ്പർ കത്തും (SRG 825/23)**

**വിഷയം:-** തിരുവനന്തപുരം കോർപ്പറേഷനിലെ ഹ്യൂമൻ റിസോഴ്സ് എംപ്ലോയ്മെന്റ് ആന്റ് ഡെവലപ്മെന്റ് സെന്ററിന്റെ **(HREDC)** കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടറില്ലാതെ സേവനങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച്

തിരുവനന്തപുരം കോർപ്പറേഷന്റെ നിയന്ത്രണത്തിൽ 1998 മുതൽ ഹ്യൂമൻ റിസോഴ്സ് എംപ്ലോയ്മെന്റ് ആന്റ് ഡെവലപ്മെന്റ് സെന്റർ എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്.

**(1)** കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി **(NIELIT)**, സംസ്ഥാന സർക്കാരിന്റെ **IHRD** തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന ഹാർഡ് വെയർ കോഴ്സുകളുടെ അംഗീകൃത സെന്ററാണ് **HREDC.** കോർപ്പറേഷൻ പ്രദേശത്തെ സ്കൂളുകളിലെ കമ്പ്യൂട്ടറുകളുടെ ആനുവൽ മെയിന്റനൻസ് **(AMC)** ടെണ്ടർ കൂടാതെ **HREDC** യെ ഏൽപ്പിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**(2)** വിദ്യാർത്ഥികളുടെ പഠനമടക്കമുള്ള വിവരങ്ങൾ രക്ഷിതാക്കളെയും മറ്റും **SMS** ലൂടെ അറിയിക്കുന്നുണ്ട്. ഇത് **HREDC**യും **IKM** ഉം മായി ചേർന്നാണ് നടപ്പാക്കുന്നത്. നഗരസഭാ പ്രദേശത്തെ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് **ID** കാർഡ് നൽകുന്നു. **SMS** പ്രവർത്തനവും **ID** കാർഡ് തയ്യാറാക്കലും സംബന്ധിച്ച ജോലി ടെണ്ടർ കൂടാതെ അതത് സ്കൂളുകൾക്ക് **HREDC** യെ ഏൽപ്പിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.155 **<u>പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്</u>**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.04.2023-ലെ കത്തും പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.12.2022-ലെ 2/2-ാം നമ്പർ തീരുമാനവും (SRG 670/23 - CC /136/2023)**

**വിഷയം:-** ജില്ലയിലെ പട്ടിക വർഗ്ഗ വിഭാഗക്കാരുടെ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 184/23*** | ***അടങ്കൽ*** | ***2,50,000 രൂപ*** |
| ***പേര്*** | ***എ.ബി.സി.ഡി*** | |

വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ അടിസ്ഥാന രേഖകൾ (ജനന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട്, ആരോഗ്യ ഇൻഷ്വറൻസ്

കാർഡ്, ഇലക്ഷൻ ഐ.ഡി) ഉണ്ടെന്ന് ഉറപ്പ് വരുത്തി ഇവ ഡിജിറ്റൽ ലോക്കറിൽ സൂക്ഷിക്കുന്നതിന് ജില്ലയിലാകെ **ABCD** എന്ന പേരിൽ പ്രോജക്ട് (അക്ഷയ ബിഗ് കാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ) ഏറ്റെടുത്തിട്ടുണ്ട്. തദ്ദേശഭരണ വകുപ്പിന്റെ നേതൃത്വത്തിൽ പട്ടികവർഗ വകുപ്പിന്റേയും ഐ.റ്റി വകുപ്പിന്റേയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ജില്ലയിലാകെ ഇത് നടപ്പാക്കാൻ ജില്ലാ ആസൂത്രണ സമിതിയുടെ 22.11.2022-ൽ കൂടി യോഗം അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ജില്ലാ കളക്ടർ പ്രത്യേക ഉത്തരവും നൽകിയിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് പ്രോജക്ട് ഏറ്റെടുക്കാവുന്നത്. ഇതിന്റെ ഭാഗമായി പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് മുകളിൽ പറഞ്ഞ പ്രോജക്ട് 2022-23 വർഷം ഏറ്റെടുത്ത് നടപ്പാക്കി. ഇതിന് സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നു.

4.156 **<u>തലശ്ശേരി മുനിസിപ്പാലിറ്റി</u>**

**തലശ്ശേരി നഗരസഭാ ചെയർപേഴ്സന്റെ 28.03.2023-ലെ കത്ത് (SRG 687/23)**

**വിഷയം:-** കേരള വാട്ടർ അതോറിട്ടിക്ക് നൽകാനുള്ള കുടിവെള്ള ചാർജ്ജിന്റെ കുടിശ്ശിക നൽകാൻ വികസനഫണ്ടും മെയിന്റനൻസ് ഗ്രാന്റും ഉപയോഗിക്കുന്നത് സംബന്ധിച്ച്

തലശ്ശേരി നഗരസഭയ്ക്ക് കൈമാറി ലഭിച്ച തലശ്ശേരി ജനറൽ ആശുപത്രിയുടെ വിവിധ വാട്ടർ കണക്ഷനുകളിലായി 76,71,674 രൂപ കുടിശ്ശികയുണ്ട്. **KWA**യുടെ അംനസ്റ്റി സ്കീം പ്രകാരം ഇത് 22,69,732 ആയി കുറവാക്കിയിട്ടുണ്ട്. ഈ തുക 31.03.2023-ന് മുമ്പ് അടക്കണമെന്നാണ് **KWA** അറിയിച്ചിരിക്കുന്നത്. തനത് ഫണ്ട് കുറവായതിനാൽ ഈ തുക അടയ്ക്കുന്നതിന് വികസനഫണ്ടും തനത് ഫണ്ടും ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.157 **<u>തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം</u>**

**തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.02.2023 ലെ** DB3/753/2013/CE/LID & EW **നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023 ലെ യോഗ തീരുമാനവും (ഖണ്ഡിക 3.6) സർക്കാർ ഫയലിലെ നിർദ്ദേശങ്ങളും (SRG 798/23** - LSGD/DB**2/187**/2023- LSGD**)**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്കെടുക്കുന്നതു സംബന്ധിച്ച്.

**I.** തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അവയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിലവിൽ സ്വന്തമായി വാഹനമില്ലെങ്കിൽ ഒരു വാഹനം വാടകയ്ക്കെടുക്കാവുന്നതാണെന്ന് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. വാഹനം വാടകയ്ക്കെടുക്കുമ്പോൾ 2017 നു ശേഷമുള്ള വാഹനമായിരിക്കണമെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പല തദ്ദേശഭരണസ്ഥാപനങ്ങളിലും ഈ നിബന്ധന കാരണം വാഹനം വാടകയ്ക്കെടുക്കാൻ കഴിയുന്നില്ല. അതിനാൽ വാഹനം വാടകയ്ക്കെടുക്കാൻ ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ 2017 നു ശേഷമുള്ള വാഹനങ്ങൾ ലഭ്യമാകുന്നില്ലെങ്കിൽ രണ്ടാമത്തെ ക്വട്ടേഷനിൽ വാഹനങ്ങളുടെ പഴക്കം സംബന്ധിച്ച നിബന്ധന ഒഴിവാക്കി ക്വട്ടേഷൻ ക്ഷണിക്കുന്നതിന് അനുമതി നൽകണമെന്ന് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയും 08.03.2023 ലെ യോഗ തീരുമാനം (ഖണ്ഡിക 3.6) പ്രകാരം അനുമതി നല്കുകയും ചെയ്തിരുന്നു.

**II.** ഹൈറേഞ്ച് മേഖലയിലും വിസ്തൃതി കൂടിയ തദ്ദേശഭരണസ്ഥാപനങ്ങളിലും വാഹനത്തിന് പ്രതിമാസ പരമാവധി വാടകതുകയായ 36,000 രൂപ എന്നത് ഉയർത്തണമെന്ന് ചീഫ്

എഞ്ചിനീയർ ആവശ്യപ്പെട്ടിരിക്കുന്നു. ഈ ആവശ്യം കൂടി പരിഗണിക്കണമെന്ന് സർക്കാർ ഫയലിൽ നിർദ്ദേശിച്ചിരിക്കുന്നു. ഒപ്പം എഞ്ചിനീയർമാർക്കുവേണ്ടി ടൂ വീലർ വാടകയ്ക്കോ അല്ലാതെയോ ലഭ്യക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

**4.158 Kerala State Labour Co-operative Federation Ltd.**

**Kerala state Labour Co-operative Fedaration Ltd (Labour Fed) ചെയർമാന്റെ 28.03.2023 ലെ കത്തും (SRG 702/23)**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെ സ്ക്രാപ്പുകൾ **Labour Fed** വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്.

Kerala state Labour Co-operative Fedaration Ltd (Labour Fed) ന് വിവിധ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് സഹകരണവകുപ്പ് അനുമതി നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിലെ സ്ക്രാപ്പുകൾ തദ്ദേശസ്വയംഭരണവകുപ്പ് നിശ്ചയിക്കുന്ന വിലയ്ക്ക് LABOUR FED ന് നൽകുവാൻ അതതു ഓഫീസുകൾക്ക് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.159 വക്കം ഗ്രാമപഞ്ചായത്ത്**

**വക്കം ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ 18.04.2023 ലെ A4/186/22-ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.03.2023 ലെ 7(1)-ാം നമ്പർ തീരുമാനവും (SRG 722/23)**

**വിഷയം:-** വക്കം ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് വാഹനത്തിന്റെ മെയിന്റനൻസിന് വികസന ഫണ്ടുപയോഗിക്കുന്നതു സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ മഹീന്ദ്രാ സൈലോ-ക്ക് **(KL16 P 3757)** അറ്റകുറ്റപ്പണി ആവശ്യമുണ്ട്. ഇതിനായി **PWD** മെക്കാനിക്കൽ എഞ്ചിനീയർ 1,57,800 രൂപയുടെ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. എന്നാൽ തനതുഫണ്ട് ലഭ്യമല്ലാത്തതിനാൽ വികസന ഫണ്ട് (ജനറൽ) ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നൽകിയ കണക്ക് പ്രകാരം തനത് ഫണ്ട് 45,31,319 രൂപ മൈനസ് ആണ്.

**4.160 തുറയൂർ ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.04.2023 ലെ കത്ത് (SRG 657/23 - CC/199/23)**

**വിഷയം:-** ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകുന്നത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ ടെക്നിക്കൽ അസിസ്റ്റന്റിനെ നിയമിച്ചിട്ടുണ്ട്. ഇവരുടെ വേതനം വികസനഫണ്ടിൽ (ജനറൽ) നിന്നു നൽകാൻ മുൻവർഷങ്ങളിൽ പ്രത്യേക ഉത്തരവ് നൽകുമായിരുന്നു. തുറവൂർ ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് മിച്ചമില്ലാത്തതിനാൽ ഇവരുടെ വേതനം നൽകാൻ കഴിയുന്നില്ല. അതിനാൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം വികസന ഫണ്ടിൽ (ജനറൽ) നിന്നു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.161 **<u>കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.05.2023 ലെ കത്തും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 10.04.2023 ലെ 2(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG 759/23** – CC/**324**/2023)

**വിഷയം:-** ബ്ലോക്കു പഞ്ചായത്തിന് 4 വീൽ ഡ്രൈവ് സിസ്റ്റമുള്ള വാഹനം വാങ്ങുന്നതു സംബന്ധിച്ച്.

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മുതലമട, പറമ്പിക്കുളം മേഖലയിലെ ഓഫ് റോഡ് പ്രദേശങ്ങളായ പൂപ്പാറ, കുരിയാർകുറ്റി, പറമ്പിക്കുളം, കച്ചിത്തോട് തുടങ്ങിയ ദുർഘട വന മേഖലയിൽ പട്ടികവർഗ്ഗകോളിനികൾ ഉണ്ട്. ഇവിടെ പോകണമെങ്കിൽ 4 വീൽ ഡ്രൈവ് സിസ്റ്റമുള്ള വാഹനം അത്യന്താപേക്ഷതമാണ്. ഇത്തരം വാഹനം വാങ്ങുന്നതിന് 20.00 ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള **KL09AC 8014** നമ്പർ വാഹനം 05.04.2012 ൽ വാങ്ങിയതാണ്. ഇതിന് നാലു വർഷകാലത്തേക്ക് കൂടി ഫിറ്റ്നസ് ഉണ്ടെന്ന് പാലക്കാട് **RTO** സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

4.162 **<u>കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.05.2023 ലെ കത്തും കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.04.2023 ലെ 1(1)-ാം നമ്പർ തീരുമാനവും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കുറിപ്പും (SRG 748/23 – CC/316/2023)**

**വിഷയം:-** പുതിയതായി നിർമ്മിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ ഹാൾ ഫർണിഷിംഗ് ചെയ്യുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 17/24*** | ***അടങ്കൽ*** | ***40,00,000 രൂപ*** *(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്)* |
| ***പേര്*** | **പുതിയ ബ്ലോക്ക് പഞ്ചായത്ത് ഹാൾ ഫർണിഷിംഗ്** | |

ബ്ലോക്ക് പഞ്ചായത്ത് പുതുതായി നിർമ്മിച്ച ഹാളിൽ ഫർണിച്ചറും മറ്റു സൗകര്യങ്ങളും ഒരുക്കുന്നതിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.163 **<u>വോർക്കാടി ഗ്രാമപഞ്ചായത്ത്</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2023-ലെ കത്തും വോർക്കാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.01.2023-ലെ 3(1)ാം നമ്പർ തീരുമാനവും** MGNREGS **കാസർഗോഡ് ജില്ലാ ഓംബുഡ്സ്മാന്റെ 16.12.2022-ലെ** OP.OMB.7(12)2022/OMB/KSD **നമ്പർ ഉത്തരവ് (SRG 446/23)**

**വിഷയം:-** **MGNREGS** പദ്ധതിരേഖ പ്രകാരം നടപ്പാക്കിയ പ്രവൃത്തിയുടെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

വോർക്കാടി ഗ്രാമപഞ്ചായത്തിൽ ഒന്നാം വാർഡിൽ ശ്രീ. മൊയ്തീൻ കുഞ്ഞി, മഞ്ചൽ, പാത്തൂർ (**PWD** കോൺട്രാക്ടർ എന്ന വ്യക്തി **MGNREGS** പദ്ധതിയിൽ രണ്ടു റോഡുകൾ 2019-20, 2020-21 വർഷങ്ങളിലായി നിർമ്മിച്ചു. ഇതിന്റെ നിർമ്മാണത്തിന്റെ തുകയായ 6,39,194 രൂപ ഗ്രാമപഞ്ചായത്ത് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഈ വ്യക്തി കാസർഗോഡ് ജില്ലാ

ഓംബുഡ്സ്മാന് പരാതി നൽകി. ഇതനുസരിച്ച് 16.12.2022-ന് ഓംബുഡ്സ്മാൻ ഉത്തരവായി. ഈ റോഡു നിർമ്മിക്കുന്നതിന് കരാറുകാരനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഒപ്പിടുകയോ, സെക്രട്ടറി ഓർഡർ നൽകുകയോ, മസ്റ്റർ റോൾ ഇഷ്യൂ ചെയ്യുകയോ, സെലക്ഷൻ നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ലെന്ന് ഓംബുഡ്സ്മാന്റെ ഉത്തരവിൽ പറയുന്നുണ്ട്. നിലവിലെ MGNREGS ചട്ടങ്ങൾ പാലിച്ചിട്ടില്ലെന്ന് ഉത്തരവിലുണ്ട്. അതിനാൽ MGNREGS ഫണ്ടിൽ നിന്ന് ബിൽ തുക നൽകാവുന്നതല്ല എന്ന് ഉത്തരവിൽ പറയുന്നു.

എന്നാൽ രണ്ട് റോഡുകളുടേയും നിർമ്മാണം തൃപ്തികരവും ഉപയോഗപ്രദമവുമായി നിലനിൽക്കുന്നുണ്ടെന്ന് ഉത്തരവിൽ ഉണ്ട്. അതിനാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ മറ്റേതെങ്കിലും ഫണ്ടിൽ നിന്നോ ബിൽ തുക നിയമപ്രകാരം നൽകാൻ കഴിയുമെങ്കിൽ അപ്രകാരം തീരുമാനമെടുക്കാവുന്നതാണെന്നും ഉത്തരവിൽ പറയുന്നു.

വർക്ക് സൂപ്പർവൈസ് ചെയ്തവരുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായിട്ടുണ്ടെന്നും അക്രഡിറ്റഡ് എഞ്ചിനീയറെയും ഓവർസീയറെയും പിരിച്ചുവിട്ടതിനാൽ മറ്റു നടപടികൾ ശുപാർശ ചെയ്യുന്നില്ല എന്നും ഓംബുഡ്സ്മാൻ ഉത്തരവായിട്ടുണ്ട്. ഈ പ്രവർത്തികളുടെ ബിൽ തുക നൽകാൻ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരിക്കുന്നു.

4.164 <u>നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്</u>

**ബഹു. ഉടുമ്പൻചോല എം.എൽ.എ.യുടെ 16.05.2023-ലെ കത്തും നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.05.2023-ലെ** A1 – 8258/2020-ാം **നമ്പർ കത്തും നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.04.2023-ലെ 12(15)-ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2021-ലെ യോഗ (ഖണ്ഡിക 4.46) തീരുമാനവും (SRG 828/23)**

**വിഷയം:-** സ്പോർട്സ് ഹോസ്റ്റലിന് വാടക നൽകുന്നത് സംബന്ധിച്ച്

നെടുങ്കണ്ടത്ത് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ജൂഡോ, ആർച്ചറി, അത് ലറ്റിക്സ് എന്നിവയ്ക്കായി ഒരു സ്പോർട്സ് ഹോസ്റ്റൽ 15 വർഷമായി പ്രവർത്തിച്ചു വരുന്നു. കെട്ടിടങ്ങളും മറ്റ് പശ്ചാത്തല സൗകര്യങ്ങളും നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സ്പോർട്സ് ഹോസ്റ്റൽ അനുവദിച്ചത്. കൊവിഡ് മഹാമാരി സമയത്ത് കൊവിഡ് പ്രതിരോധ പ്രവർത്തനത്തിനായി ഹോസ്റ്റൽ ആരോഗ്യ പ്രവർത്തകർക്ക് വിട്ടു നൽകി. ഇപ്പോൾ ഈ കെട്ടിടം ഹോസ്റ്റൽ ആയി ഉപയോഗിക്കാൻ കഴിയുന്നില്ല.

നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ 400 മീറ്റർ സിന്തറ്റിക് ട്രാക്കോടെയുള്ള സ്റ്റേഡിയത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. സ്പോർട്സ് ഹോസ്റ്റൽ ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രതിമാസം 65,000 രൂപയാണ് വാടക. വർഷംതോറും 5 ശതമാനം വർദ്ധനവും. 2021-22-ൽ വാടകയ്ക്കും അനുബന്ധ ചെലവിനുമായി തനത് ഫണ്ടിൽ നിന്ന് 10.00 ലക്ഷം രൂപ ചെലവഴിക്കാൻ 18.12.2021ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നൽകിയിരുന്നു. സ്കൂൾ തുറന്നു കഴിഞ്ഞാൽ സ്പോർട്സ് ഹോസ്റ്റൽ തുറന്ന് പ്രവർത്തിക്കണം. അതിനാൽ കെട്ടിടത്തിന്റെ വാടക നൽകാൻ 10.00 ലക്ഷം വിനിയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിക്കുന്നു. സ്പോർട്സ് ഹോസ്റ്റലിന് 50 സെന്റ് സ്ഥലം സർക്കാരിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

4.165 <u>**കാഞ്ഞങ്ങാട് നഗരസഭ**</u>

**കാഞ്ഞങ്ങാട് നഗരസഭാ ചെയർപേഴ്സന്റെ 06.06.2023 ലെ R3-9160/2021-ാം നമ്പർ കത്ത് (SRG 858/23)**

**വിഷയം:-** കാഞ്ഞങ്ങാട് നഗരസഭയിലെ അലാമിപ്പള്ളി ബസ് സ്റ്റാന്റ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിട മുറികൾ ലേലം ചെയ്യുന്നതു സംബന്ധിച്ച്.

കാഞ്ഞങ്ങാട് നഗരസഭയിലെ അലാമിപ്പള്ളി ബസ്സ്റ്റാന്റ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിട മുറികളും ഓഫീസ് മുറികളും ലൈസൻസ് ഫീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിനുള്ള ബൈലോ 14.11.2019 ലെ 144/2019/തസ്വഭവ ഉത്തരവു പ്രകാരം അഗീകരിച്ചിട്ടുണ്ട്. ഈ ബൈലോ പ്രകാരം ഈ കെട്ടിടം വാടകയ്ക്ക് നൽകുന്നതിന് മൂന്നു പ്രാവശ്യം ലേലം ചെയ്തുവെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല. ബൈലോ പ്രകാരമുള്ള ഡെപ്പോസിറ്റ് തുക വളരെ കൂടുതലായതിനാലാണ് ആരും ലേലത്തിൽ പങ്കെടുക്കാത്തതെന്നാണ് നഗരസഭയുടെ വിലയിരുത്തൽ. ഹഡ്കോയിൽ നിന്ന് 5.00 കോടി രൂപ ലോൺ എടുത്ത് നിർമ്മിച്ചതാണ് ഈ കെട്ടിടം. ലോൺ തിരിച്ചടവായി 19.00 ലക്ഷം രൂപ എല്ലാ മൂന്നുമാസം കൂടും തോറും അടയ്ക്കണം. കെട്ടിടം ലേലം ചെയ്യാത്തതിനാൽ തനതുഫണ്ടിനത്തിൽ നഗരസഭയ്ക്ക് വലിയ നഷ്ടമുണ്ടാകുന്നു. സർക്കാർ അംഗീകരിച്ച ബൈലോ ഭേദഗതി ചെയ്യാനും കാലാകാലങ്ങളിൽ ആവശ്യമായ ഭേഗദതി വരുത്തുന്നതിനും നഗരസഭാ കൗൺസിലിന് അധികാരം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.166 <u>**കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്**</u>

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.06.2023 ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.03.2023 ലെ B2-615/2023-ാം നമ്പർ കത്തും (SRG 859/23 - CC 233/2023)**

**വിഷയം:-** കൈത്തറി സംഘങ്ങൾക്ക് നൂൽവാങ്ങുന്നതിന് ധനസഹായം നൽകിയതിന് സാധൂകരണം സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 817/23 | ***അടങ്കൽ*** | ***34,00,000 രൂപ*** *(വികസനഫണ്ട് - ജനറൽ)* |
| ***പേര്*** | **കൈത്തറി സംഘങ്ങൾക്ക് നൂൽ വാങ്ങുന്നതിനുള്ള ധനസഹായം** | |

കണ്ണൂർ ജില്ലാ പഞ്ചായത്ത് 2022-23 വർഷം കൈത്തറി സംഘങ്ങൾക്ക് നൂൽ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിന് പ്രോജക്ട് ഏറ്റെടുത്ത് നിർവ്വഹണം പൂർത്തിയാക്കി. 34 കൈത്തറി സംഘങ്ങൾക്ക് നൂൽവാങ്ങുന്നതിന് ആകെ 34.00 ലക്ഷം രൂപ ചെലവഴിച്ചു. ഇതിൽ മുനിസിപ്പൽ പ്രദേശത്തുള്ള 6 കൈത്തറി സംഘത്തിനും കോർപ്പറേഷൻ പരിധിയിലുള്ള 5 സംഘത്തിനും ആണ് ധനസഹായം നൽകിയിട്ടുള്ളത്. നഗരഭരണ പ്രദേശത്തുള്ള സംഘത്തിനും ധനസഹായം നൽകിയതിന് സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നു.